# സത്യദൂതൻ

2021 മെയ് | ലക്കം 05

വില ₹ 30



## വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രവും

## കോവിഡ്: രണ്ടാം തരംഗം

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below





The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2021 മെയ്
ഹി.ശ.1401- ഹിജറത്ത്
1442 റംസാൻ - ശവ്വാൽ
പുസ്തകം 93 ലക്കം 5
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ)**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
2021 ഏപ്രിൽ 9ന് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**10**
**വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രവും**
എ.എം. മുഹമ്മദ് സലീം

**16**
**മോക്ഷ സങ്കൽപ്പവും മനസ്സാക്ഷി സ്വാതന്ത്ര്യം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**21**
നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു - 6
**പുത്തൻ നിരീശ്വരവാദം: അന്ധമായ വിശ്വാസവും നിഴൽ പ്രപഞ്ചവും**
സബാഹത്ത് അലി രജ്പുത്

**26**
ഭാഗം - 17
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
**(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))**
ഇബ്നു വഫാ ബേപ്പൂർ

**33**
ജോർദാൻ ഒരു ചരിത്ര ഭൂമി - 5
**സിറ്റാഡലും ആംഫി തിയേറ്ററും**
എ. ക്യു. മഹ്ദി

**38**
കുറിപ്പുകൾ
**കോവിഡ്: രണ്ടാം തരംഗം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനകളിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാന ധർമം ചെയ്യുന്നതിനോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടെ തൊഴിച്ച് അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ച് കൊണ്ട് ആരെങ്കിലും അങ്ങനെയുള്ള കൂടിയാലോചന ചെയ്യുന്നതായാൽ നാം അവന്ന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)



## നബിവചനം



തിരുനബി(സ)ടെ അടുക്കൽ ഒരാൾ തന്റെ ഹൃദയത്തിന്റെ കാഠിന്യത്തെ പറ്റി സങ്കടം പറഞ്ഞു. ഒരു അനാഥകുട്ടിയെ ലാളിക്കുവാനും അഗതിക്ക് ആഹാരം നൽകാനും നബി (സ) അദ്ദേഹത്തെ ഉപദേശിക്കുകയാണ് ചെയ്തത്. (നബി വചനം)

## വാഗ്ദത്ത മസീഹിന്റെ വചനം

ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റ് യാതൊരു മാർഗേണയും ദുരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും ഐക്യം മുഖേന വിജയിക്കാൻ സാധിക്കുന്നത് ആർക്കും ഗോപ്യമായതല്ല. ഐക്യത്തിന്റെ അനുഗ്രഹീത സ്ഥലങ്ങളിൽ നിന്നും നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കില്ല. (പൈഗാമെ സുൽഹ്)



എഡിറ്റോറിയൽ

# ഈദുൽ ഫിത്വർ:
# ശരീരത്തിന്ന് മേൽ ആത്മാവിന്റെ വിജയസുദിനം


ശരീരത്തെ ഗ്രസിക്കുന്ന മഹാമാരിയുടെ ആതുര ഭീതിനിലനിൽക്കെ വിശ്വാസികൾ ഒരു മാസക്കാലത്തെ വ്രതം പൂർത്തിയാക്കി ഈദുൽ ഫിത്വറിനെ വരവേൽക്കുകയാണ്. വ്രതദീക്ഷയാൽ സുകൃത സമ്പന്നമായ ആത്മാവിന്റെ അനശ്വരമായ അതിജീവനത്തിന്റെ സന്ദേശമാണ് ഈദുൽ ഫിത്വർ നൽകുന്നത്. ചുറ്റിലും രോഗഗ്രസ്ഥമായ ഒരു മാസക്കാലത്ത് വിശ്വാസികൾ വ്രതമെടുത്ത് ആർജ്ജിച്ച ആത്മീയ തേജസ്സിന്റെ വിളംബരമാണ് ഈദുൽ ഫിത്വർ. ജീവിതപരീക്ഷണങ്ങളെ അഭിമുഖീകരിക്കാൻ അത് മനുഷ്യനെ കൂടുതൽ പ്രാപ്തമാക്കുന്നു.

സ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വവും ഔന്നത്യവും ആവർത്തിച്ചുകൊണ്ട് തക്ബീർ ധ്വനികളോടെ ആരംഭിക്കുന്ന ഈദു സുദിനം മതപരമായ ആഘോഷങ്ങളുടെ ഉത്തമ മാതൃകയാണ്. സന്തോഷത്തിന്റേയും ആഹ്ലാദത്തിന്റേയും ആ ദിനത്തിൽ ഒരു മനുഷ്യനും പട്ടിണി കിടക്കാനോ ദാരിദ്ര്യത്താൽ ദുഖിതനോ ആയിരിക്കാൻ പാടുള്ളതല്ല. റമദാനിൽ വിശപ്പിന്റെ വേദനയും പാരവശ്യവും അനുഭവിച്ചറിഞ്ഞ വിശ്വാസികളോട് പാവങ്ങൾക്ക് വേണ്ടി ഫിത്വ്ർ സക്കാത്ത് എന്ന നിർബന്ധ ദാനം നൽകാൻ ഇസ്‌ലാം നിഷ്ക്കർഷിച്ചത് അത് കൊണ്ടാണ്. ഇസ്‌ലാമിലെ നിർബന്ധ ദാനമായ സക്കാത്ത് വിതരണത്തിന്ന് വിശുദ്ധ റമദാനെയാണ് വിശ്വാസികൾ തിരഞ്ഞെടുത്തിരിക്കുന്നത്. കൂടാതെ നോമ്പെടുക്കാൻ കഴിയാത്തവർ പ്രായശ്ചിത്തമായി ഫിദിയ നൽകാനും മറ്റു ദാനധർമങ്ങൾ നിർവ്വഹിക്കാനും ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. റമദാന്റെ അവസാനനാളുകളിൽ പ്രചണ്ഡമാരുതനെപോലെ കാരുണ്യവാന്മാരിൽ കാരുണ്യവാനായ റസൂൽ തിരുമേനി(സ) ഉദാരനാവുമായിരുന്നു. പരിശുദ്ധ ഇസ്‌ലാമിന്റെ സഹജമായ മനുഷ്യ സ്നേഹത്തിന്റെ സന്ദേശം ഇദുൽ ഫിത്വറിനെ കാരുണ്യത്തിന്റെ ഒരു മഹാസുദിനമാക്കി മാറ്റുന്നു.

ആഘോഷ വേളകളിൽ മതിമറന്നുല്ലസിക്കുക എന്നത് മനുഷ്യന്റെ ദൗർബല്യമാണ്. വിവേചന ബോധത്തോടെയുള്ള വിനോദ പ്രദമായ ആസ്വാദനങ്ങളും സന്തോഷങ്ങളെയും ഇസ്‌ലാം അംഗീകരിക്കുന്നു. പക്ഷേ നന്മയും സൽപ്രവർത്തിയും ചെയ്യുമ്പോൾ മനുഷ്യാത്മാവ് അനുഭവിക്കുന്ന സന്തോഷവും സംതൃപ്തിയുമാണ് ഇസ്‌ലാം ആത്മാർത്ഥമായും കാംഷിക്കുന്നത്. റസൂൽ തിരുമേനി(സ) മദീനയിൽ ആഗതനായപ്പോൾ വിനോദത്തിന്നും ഉല്ലാസത്തിന്നും രണ്ട് ദിവസം മാറ്റിവെച്ച് മദീനാ നിവാസികൾ ഉത്സവമായി ആഘോഷിച്ചിരുന്നു. അവിടുന്ന് അവരോട് അരുളി: ***'നിങ്ങളുടെ ഈ രണ്ട് ദിവസങ്ങൾക്ക് പകരം അല്ലാഹു നിങ്ങൾക്ക് മറ്റു രണ്ട് ദിവസം നിശ്ചയിച്ചു തന്നിരിക്കുന്നു. ഈദുൽ ഫിത്വ്ർ ദിനവും ഈദുൽ അദ്ഹാ ദിനവും'(അബൂദാവൂദ്)***

ആരോഗ്യവും സന്തോഷവും സമാധാനവും ഉണ്ടാവുന്ന നല്ല ദിനങ്ങൾ എത്രയും വേഗം എല്ലാവരിലും വന്നണയട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് വീണ്ടും വന്നെത്തുന്ന ഈദുൽ ഫിത്വ്ർ സുദിനത്തിൽ

***വായനക്കാർക്ക് സത്യദൂതന്റെ ഈദ് ആശംസകൾ***



ഹദ്റത്ത് അഹ്മദ് (അ)

# പൂർണ്ണ വിശ്വാസിയുടെ നാല് അടയാളങ്ങൾ

പൂർണ്ണ വിശ്വാസിയും പൂർണ്ണ സാത്വികരും ആയവർക്ക് നാല് വിധത്തിലുള്ള ദൈവിക സഹായങ്ങൾ ഖുർആനിൽ വാഗ്ദാനം ചെയ്തിരിക്കുന്നു. പൂർണ്ണവിശ്വാസികളെ താഴെ പറയുന്ന നാല് ഗുണങ്ങളാൽ തിരിച്ചറിയപ്പെടുന്നതാണ്.

1. ഒരു പൂർണ്ണ വിശ്വാസി, തന്നെ കുറിച്ചോ തന്റെ സ്നേഹിതരെ കുറിച്ചോ നടത്തുന്ന പ്രാർത്ഥനകളുടെ സ്വീകാര്യത സംബന്ധിച്ച സുവിശേഷം സർവ്വശക്തനായ അല്ലാഹുവിൽ നിന്നും നിരന്തരം ലഭിച്ചുകൊണ്ടിരിക്കും.

2. ഒരു പൂർണ്ണവിശ്വാസിക്ക് അദ്ദേഹവുമായോ അദ്ദേഹവുമായി ബന്ധപ്പെട്ടവരെ സംബന്ധിച്ചോ മാത്രമല്ല ലോകസംഭവങ്ങളെ പറ്റിയും പ്രശസ്തരായ വ്യക്തികൾക്ക് ഉണ്ടാവുന്ന ദൈവിക വിധികളുടെ മാറ്റങ്ങളെ സംബന്ധിച്ചും മുൻകൂട്ടിയുള്ള ജ്ഞാനങ്ങൾ ലഭിക്കുന്നു.

3. പൂർണ വിശ്വാസിയുടെ മിക്കവാറും എല്ലാ പ്രാർത്ഥനകളും സ്വീകരിക്കപ്പെടുന്നു. അദ്ദേഹത്തിന്ന് പ്രാർത്ഥനാ സ്വീകാര്യതയെപ്പറ്റി മുൻകൂട്ടിയുള്ള ജ്ഞാനങ്ങൾ ഇടക്കിടക്ക് ലഭിച്ചുകൊണ്ടിരിക്കും.

4. പൂർണ്ണവിശ്വാസിക്ക് ഖുർആന്റെ അഗാധമായ അർത്ഥങ്ങളും നവങ്ങളായ ആശയങ്ങളും അതിന്റെ സൂക്ഷ്മവും അനുപമവുമായ ഗുണങ്ങളും വമ്പിച്ച തോതിൽ ലഭിച്ചുകൊണ്ടിരിക്കും.

ഈ നാല് ഗുണങ്ങളുടെയും അടിസ്ഥാനത്തിൽ പൂർണ്ണവിശ്വാസി മറ്റുള്ളവരെക്കാൾ മികച്ചു നിൽക്കുന്നു. ഒരു പൂർണ്ണവിശ്വാസിക്ക് അദ്ദേഹത്തിന്റെ പ്രതിയോഗിയെ അപേക്ഷിച്ച് ദൈവത്തിൽ നിന്ന് എല്ലായ്പ്പോഴും നിരന്തരം സുവിശേഷങ്ങൾ ലഭിച്ചുകൊണ്ടിരിക്കുക, അദ്ദേഹത്തിന്റെ എല്ലാ പ്രാർത്ഥനകളും സ്വീകരിക്കപ്പെടുക, എല്ലാ മഹത്തായ സംഭവങ്ങളെ പറ്റിയും അദ്ദേഹത്തിന്ന് മുൻകൂട്ടി താക്കീത് ലഭിക്കുക, ഖുർആന്റെ ആന്തരിക ജ്ഞാനങ്ങൾ അദ്ദേഹത്തിന്ന് നിരന്തരം നൽകപ്പെടുക. ഈ നാല് ഗുണങ്ങളും തന്റെ പ്രതിയോഗിയേക്കാൾ വൻതോതിൽ അധികം ലഭിക്കുക എന്നത് ദൈവത്തിന്റെ മാറ്റമില്ലാത്ത നിയമങ്ങളാണ്. പൂർണ്ണ വിശ്വാസിയല്ലാത്ത ഒരാൾക്കും ഈ അനുഗ്രഹങ്ങളുടെ ചെറിയ അംശങ്ങൾ ലഭിക്കാനുള്ള സാദ്ധ്യതയുണ്ട്. പക്ഷേ പൂർണ്ണവിശ്വാസി മാത്രമാണ് ഈ അനുഗ്രങ്ങളുടെ യഥാർത്ഥ അനന്തരാവകാശി.

അങ്ങനെയല്ലാത്ത പക്ഷം ഒരു വിശ്വാസിയുടെ പൂർണ്ണതയുടെ സ്ഥാനം അശുദ്ധനും വിഡ്ഢിയും ഹ്രസ്വദൃഷ്ടിയും ആയ വ്യക്തിയുമായി വ്യക്തമായും താരതമ്യം ചെയ്ത് മനസ്സിലാക്കാൻ സാധിക്കാതെ വരും. അതിനാൽ വ്യക്തവും എളുപ്പവുമായ മാർഗ്ഗം പൂർണ്ണ വിശ്വാസിയെ താരതമ്യം ചെയ്ത് മനസ്സിലാക്കുക എന്നത് മാത്രമാണ്. ഈ അടയാളങ്ങൾ സ്വാഭാവികമായും പൂർണ്ണ വിശ്വാസിയിൽ നിന്നും ബഹിർഗമിക്കുന്നു. എങ്കിലും അതിന്റെ ഏകപക്ഷീയമായ പ്രകടനത്തിന്ന് ചിലപ്പോൾ തടസ്സങ്ങൾ നേരിടുന്നു. ഉദാഹരണത്തിന് തങ്ങൾക്ക് തികച്ചും എതിരായി വിധിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾക്ക് പ്രാർത്ഥിക്കാനായി ഏതാനും വ്യക്തികൾ പൂർണ്ണ വിശ്വാസിയെ ചിലപ്പോൾ സമീപിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഈ പ്രാർത്ഥന ഫലവത്താകാത്തതിനാൽ അവർക്ക് ഈ ദൃഷ്ടാന്തത്തിന്ന് സാക്ഷ്യം വഹിക്കാനും പൂർണ്ണ വിശ്വാസിയുടെ ഗുണങ്ങൾ വിലമതിക്കാനും കഴിയാതെ വരുകയും അവരുടെ സംശയങ്ങൾ അധികരിക്കുകയും ചെയ്യുന്നു.

ഒരു പൂർണ്ണ വിശ്വാസി ദൈവത്തിന്റെ ദൃഷ്ടിയിൽ ഔന്നത്യത്തിലും ഉന്നത നിലവാരത്തിലും നിലകൊള്ളുന്നു. മിക്ക സങ്കീർണ്ണ പ്രശ്നങ്ങളും അദ്ദേഹത്തിന്റെ ആത്മാർത്ഥമായ പ്രാർത്ഥനയാൽ പൂർണ്ണവിശ്വാസിക്ക് അനുകൂലമായി തീരുമാനിക്കപ്പെടുന്നു. പ്രവാചകന്മാരോ ദൂതന്മാരോ പ്രാർത്ഥിച്ചാൽ പോലും വിധിക്കപ്പെട്ട കാര്യങ്ങൾ തിരുത്തപ്പെടാറില്ല എന്നിരുന്നാലും വിധിക്കപ്പെട്ടുവെന്നും പൂർണ്ണമായും തീരുമാനിക്കപ്പെട്ടുവെന്നും കരുതുന്ന ചില കാര്യങ്ങൾക്ക് മാറ്റം സംഭവിക്കുന്നു.

(ആസ്മാനി ഫൈസലാ, റൂഹാനി ഖസായിൻ)

2021 ഏപ്രിൽ 9ന് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്‌കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

# ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ)



**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ അനുസ്മരണമാണ് നടന്നു വന്നിരുന്നത്. ഹദ്റത്ത് ഉസ്മാന്റെ സ്ഥാനമാനങ്ങളെ കുറിച്ച് ഹദ്റത്ത് ഇബ്നു ഉമർ(റ) ഇപ്രകാരം നിവേദനം ചെയ്യുന്നു, തിരിനബി(സ)യുടെ കാലത്ത് ആളുകളെ ശ്രേഷ്ഠതയുടെ കാര്യത്തിൽ താരതമ്യം ചെയ്യുമായിരുന്നു. ഞങ്ങൾ ഹദ്റത്ത് അബൂബ ക്കർ(റ)നെ എല്ലാവരെക്കാളും ശ്രേഷ്ഠനും ശേഷം ഹദ്റത്ത് ഉമർ(റ)നെയും ശേഷം ഹദ്റത്ത് ഉസ്മാൻ(റ)നെയും ശ്രേഷ്ഠരായി കരുതിയിരുന്നു. ഇതു പേലെ തന്നെയുള്ള മറ്റൊരു നിവേദനത്തിൽ മുഹമ്മദ് ബിൻ ഹനഫിയ അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് അലി(റ)യോട് മുസ്‌ലീങ്ങളിൽ ശ്രേഷ്ഠരെ കുറിച്ച് ചോദിച്ചപ്പോൾ ഹദ്റത്ത് അലി(റ) ഇതേ ക്രമം തന്നെയാണ് പറഞ്ഞത്. തുടർന്ന് ഹദ്റത്ത് അലി(റ)യോട് അതു കഴിഞ്ഞാൽ താങ്കളാണോ ശ്രേഷ്ഠനെന്ന് ചോദിച്ചപ്പോൾ താൻ മുസ്‌ലീങ്ങളിൽ വെറുമൊരു സാധാരണക്കാരനാണ് എന്നായിരുന്നു അദ്ദേഹം പറഞ്ഞത്.

തിരുനബി(സ)യുടെ ദൃഷ്ടിയിൽ ഹദ്റത്ത് ഉസ്മാൻ(റ)ന്റെ സ്ഥാനമാനങ്ങളെ കുറിച്ച് ഒരു സംഭവത്തിൽ നിന്നും മനസ്സിലാക്കാം. ഒരിക്കൽ തിരുനബി(സ)യുടെ മുമ്പാകെ ഒരാളുടെ ജനാസ കൊണ്ടു വരപ്പെട്ടു. എന്നാൽ തിരുനബി(സ) അയാളുടെ ജനാസ നമസ്കരിപ്പിച്ചില്ല. ഒരാൾ ചോദിച്ചു, അല്ലയോ റസൂലുല്ലാഹ്(സ), ഇതിനു മുമ്പ് ഞങ്ങൾ ഒരിക്കലും തന്നെ അങ്ങ് ആരുടെയെങ്കിലും ജനാസ നമസ്കരിപ്പിക്കാത്തതായി കണ്ടിട്ടില്ല. അപ്പോൾ തിരുനബി(സ) പറഞ്ഞു, ഈ വ്യക്തി ഹദ്റത്ത് ഉസ്മാൻ(റ)നെ വെറുത്തിരുന്നു. അതിനാൽ അല്ലാഹുവും ഇയാളോടു ശത്രുത വച്ചു പുലർത്തുന്നു.

ഹദ്റത്ത് ഉസ്മാൻ(റ)ന് എത്ര കണ്ട് നീതിബോധമുണ്ടായിരുന്നെന്നാൽ ഒരിക്കൽ തന്റെ സഹോദരൻ വലീദിനെ കുറിച്ച് പരാതി ബോധിക്കപ്പെട്ടപ്പോൾ അദ്ദേഹം തന്റെ സഹോദരനു ശിക്ഷ നല്കുകയുണ്ടായി. അദ്ദേഹം ബന്ധുത്വത്തെ പരിഗണിച്ചില്ലെന്നു മാത്രമല്ല അക്കാരണത്താൽ ഇരട്ടി ശിക്ഷ നല്കുകയുണ്ടായി. നാല്പതിനു പ്രകാരം എൺപതു ചാട്ടവാറടിച്ചു.

ഹദ്റത്ത് ഉസ്മാൻ(റ) അടിമത്തത്തിൽ നിന്നും സ്വതന്ത്രനാ

ക്കിയ ഹംറാൻ വിവരിക്കുന്നു, ഒരിക്കൽ അദ്ദേഹം ഒരു പാത്രത്തിൽ വെള്ളം വരുത്തിച്ച് നന്നായി വുളുവെടുത്തു. എന്നിട്ട് പറഞ്ഞു, തിരുനബി(സ) ഇപ്രകാരം പറയുകയുണ്ടായി, എന്നെപ്പോലെ വുളുവെടുക്കുകയും വ്യർഥ ചിന്തകൾ കൂടാതെ രണ്ടു റക്അത്തുകൾ നമസ്കരിക്കുകയും ചെയ്യുന്ന വ്യക്തിയുടെ മുൻകടന്ന എല്ലാ പാപങ്ങളും പൊറുക്കപ്പെടുന്നതായിരിക്കും.

ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്തു തന്നെയാണ് ജുമുഅയ്ക്ക് രണ്ടു ബാങ്കുകൾ കൊടുക്കാൻ തുടങ്ങിയത്. അതിനു മുമ്പ് തിരുനബി(സ)യുടെയും ഹദ്റത്ത് അബൂബക്കർ(റ) ന്റെയും ശേഷം ഹദ്റത്ത് ഉമർ(റ)ന്റെയും കാലത്ത് ഇമാം മിമ്പറിൽ കയറിയ ശേഷമായിരുന്നു ബാങ്കുകൾ കൊടുത്തിരുന്നത്. ശേഷം ഹദ്റത്ത് ഉസ്മാൻ(റ)ന്റെ കാലത്ത് ജനബാഹുല്യമുണ്ടായപ്പോൾ പള്ളിയുടെ വാതിലിനു പുറത്തുള്ള കല്ലിൽ വച്ച് ഒരു ബാങ്കു കൂടി വിളിക്കുന്ന പതിവു തുടങ്ങി.

ഈദു ദിവസം ജുമുഅ നമസ്ക്കാരത്തിൽ ഇളവിനെ കുറിച്ച് ഒരു നിവേദനം ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഉസ്മാൻ(റ) ജുമുഅ ദിവസം ഈദു നമസ്ക്കരിപ്പിക്കുകയുണ്ടായി. അദ്ദേഹം ഖുത്ബയ്ക്കു മുമ്പായി നമസ്ക്കരിപ്പിക്കുകയും ജനങ്ങളെ അഭിസംബോധന ചെയ്യുകയുമുണ്ടായി. എന്നിട്ട് പറഞ്ഞു, അല്ലയോ ജനങ്ങളേ, ഇന്നു നിങ്ങൾക്കു രണ്ട് ഈദുകൾ ഒരുമിച്ചു വന്നിരിക്കുകയാണ്. മദീനയുടെ ദൂരദിക്കുകളിൽ നിന്നും വന്നവരിൽ ജുമുഅ നമസ്ക്കാരത്തിനായി കാത്തിരിക്കാൻ ആഗ്രഹിക്കുന്നവർക്ക് അങ്ങനെയാകാം. എന്നാൽ തിരികെ പോകാൻ ഇച്ഛിക്കുന്നവർക്ക് ഞാൻ അനുവാദം തന്നിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു, അഹ്മദിയ്യാ ഫിഖ്ഹിൽ കൊടുത്തിരിക്കുന്ന ഒരു കാര്യത്തെ കുറിച്ച് എനിക്ക് ഇതുവരെ വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടില്ല. അതിൽ ഒരു നിവേദനം ഇപ്രകാരമുണ്ട്, ഹദ്റത്ത് അബ്ദുല്ലാഹ് ഇബ്നു സുബൈർ (റ) ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി, ഒരു ദിവസം തന്നെ രണ്ട് ഈദുകൾ ഒരുമിച്ചു വന്നിരിക്കുകയാണ്. ഞാൻ ഇവയെ ഒരുമിപ്പിച്ചു നമസ്ക്കരിപ്പിക്കുന്നതാണ്. അങ്ങനെ അദ്ദേഹം രണ്ടിനും കൂടി ആകെ രണ്ടു റക്അ ത്തുകൾ നമസ്കരിപ്പിച്ചു. ശേഷം അസറു വരെ ഒന്നും തന്നെ നമസ്ക്കരിപ്പിച്ചില്ല. ഹുസൂർ തിരുമനസ്സ് പറഞ്ഞു, ഇതെ കുറിച്ച് ഇനിയും ഗവേഷണങ്ങൾ നടത്തേണ്ടതായുണ്ട്. ഖലീഫത്തുൽ മസീഹ് നാലാമനും ഇതു തന്നെയാണ് പറഞ്ഞത്. എന്തെന്നാൽ ളുഹർ നമസ്ക്കാരം ഒഴിവാക്കിയതായി തിരുനബി(സ)യുടെ ചര്യയിൽ നിന്നോ കർമത്തിൽ നിന്നോ നേരിട്ടുള്ള ഒരു റിപ്പോർട്ടും നമുക്കു ലഭിക്കുന്നില്ല.

ഒരിക്കൽ ഹദ്റത്ത് ഉമർ(റ) ഖുത്ബ തുടങ്ങിയ ശേഷം ഹദ്റത്ത് ഉസ്മാൻ(റ) പള്ളിയിലേക്കു പ്രവേശിച്ചു. ഹദ്റത്ത് ഉമർ(റ) സൂചനാത്മകമായി പറഞ്ഞു, ആളുകൾക്ക് ഇതെന്തു പറ്റി, ബാങ്കു കൊടുത്തിട്ടും അവർ വൈകി വരുന്നു. അപ്പോൾ ഹദ്റത്ത് ഉസ്മാൻ(റ) പറഞ്ഞു, അല്ലയോ അമീറുൽ മുഅ്മിനീൻ ഞാൻ ബാങ്കു ശ്രവിച്ചതും വുളുവെടുത്തു കൊണ്ട് പള്ളിയിലേക്കു പുറപ്പെട്ടതാണ്. ഹദ്റത്ത് ഉമർ(റ) ചോദിച്ചു, വുളു മാത്രമോ? നിങ്ങളിൽ ആരെങ്കിലും ജുമുഅ നമസ്ക്കാരത്തിനായി വരുമ്പോൾ കുളിക്കണമെന്ന് തിരുനബി(സ) പറഞ്ഞതായി താങ്കൾ കേട്ടിട്ടില്ലേ?

ഹദ്റത്ത് ഉസ്മാൻ(റ) ഹദീസുകളുടെ നിവേദന കാര്യത്തിൽ അങ്ങേയറ്റത്തെ സൂക്ഷ്മത പാലിച്ചിരുന്നു. അതു കൊണ്ടു തന്നെ ഇതര സഹാബാക്കളെ അപേക്ഷിച്ച് ഹദ്റത്ത് ഉസ്മാൻ(റ) ലേക്ക് എത്തുന്ന നിവേദനങ്ങൾ വളരെ കുറവാണ്. ആകെ അദ്ദേഹത്തിന്റെ നിവേദനങ്ങളുടെ എണ്ണം 146 ആയിരുന്നു. അദ്ദേഹം പറയുകയുണ്ടായി, തിരുനബി(സ) ഇപ്രകാരം പറയുകയുണ്ടായി, ഞാൻ പറയാത്ത കാര്യം ഞാനുമായി ബന്ധിപ്പിക്കുന്നയാളുടെ സങ്കേതം നരകമാണ്.

നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉസ്മാൻ(റ) ആകെ എട്ട് വിവാഹങ്ങൾ ചെയ്തിട്ടുണ്ട്. ഇസ്ലാം സ്വീകരിച്ച ശേഷമാണ് അദ്ദേഹത്തിന്റെ വിവാഹങ്ങൾ നടന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, എന്റെ നിഗമനത്തിൽ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റിദ്വാനുല്ലാഹി അലൈഹിം അജ്മയീൻ) എന്നിവരുടെ എല്ലാ വർണങ്ങളും സ്വാംശീകരിക്കാത്തിടത്തോളം ഒരാൾ മുഅ്മിനും മുസ്ലീമും ആകില്ല. ഇവരെല്ലാവരും ശരിക്കും ദീനിന്റെ അമീനുമാരായിരുന്നു. അവർ തങ്ങളുടെ ജീവിതങ്ങൾ ദൈവപാതയിൽ സമർപ്പിച്ചിരുന്നു. പറഞ്ഞു, ദൈവത്താണ, അല്ലാഹു രണ്ടു ശൈഖുമാരെയും മൂന്നാമനായ ദുന്നൂറൈനിനെയും (അബൂ ബക്കർ, ഉമർ, ഉസ്മാൻ) ഇസ്ലാമിന്റെ വാതിലുകളും സൃഷ്ടി കുലോത്തമൻ മുഹമ്മദ് റസൂലുല്ലാഹ്(സ)ന്റെ സൈന്യത്തിന്റെ മുന്നണി പോരാളികളുമാക്കി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിയാക്കളെ ഉദ്ദരിച്ചു കൊണ്ട് ഇപ്രകാരം പറയുന്നു, നാം നിങ്ങുടെ അസഭ്യവർഷത്തെ കുറിച്ച് എന്തു പരിഭവം ബോധിപ്പിക്കാൻ? നിങ്ങൾ ഏറെക്കുറെ എല്ലാ സഹാബാക്കളെയും ഭത്സിക്കുന്നുണ്ടല്ലോ? നിങ്ങൾ വിശ്വാസികളുടെ മാതാക്കളായ പ്രവാചക പത്നിമാരെയും ശാപവാക്കുകളാലെ സ്മരിക്കുന്നു. പോരാത്തതിന് ദൈവിക ഗ്രന്ഥത്തിൽ ഏറ്റക്കുറച്ചിൽ നടത്തപ്പെട്ടതായി നിങ്ങൾ ധരിച്ചുവശായിരിക്കുന്നു. എന്നിട്ട് ഉസ്മാന്റെ കുറിപ്പുകൾ എന്ന് അതിനെ പറയുന്നു. ദൈവപ്രോക്തമല്ലെന്നും പറയുന്നു. തരിശും കൃഷിശൂന്യവുമായ അതായത്

ദൈവ സാമീപ്യരില്ലാത്ത ഒരു വിജന ഭൂമിയായി നിങ്ങൾ ഇസ്ലാമിനെ കണക്കാക്കിയിരിക്കുന്നു. തുടർന്നു പറയുന്നു, എനിക്ക് എന്റെ നാഥന്റെ പക്കൽ നിന്നും ചില സഹാബത്തിനെക്കുറിച്ച് ഗവേഷണ മാർഗത്തിലുള്ള പാഠം നല്കപ്പെട്ടിരിക്കുന്നു. ഞാൻ ഗവേഷകരെ പോലെ ഈ യാഥാർഥ്യത്തിന്റെ അടിത്തട്ടിൽ എത്തിയിരിക്കുന്നു. എന്റെ നാഥൻ എനിക്ക് സിദ്ദീഖും ഫാറൂഖും ഉസ്മാനും (റിദ്വാനുല്ലാഹി അലൈഹിം അജ്മയീൻ) സജ്ജനങ്ങളും വിശ്വാസികളും ആയിരുന്നെന്ന് വെളിപ്പെടുത്തിതന്നിരിക്കുന്നു. അല്ലാഹു തെരഞ്ഞെടുത്തവരിലും കാരുണ്യവാനായ അനുഗ്രഹങ്ങളാൽ പ്രത്യേകപെട്ടവരിൽ അവർ ഉൾപ്പെടുന്നു. തുടർന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു, ഹദ്റത്ത് ഉസ്മാൻ(റ)ന്റെ അനുസ്മരണം ഇവിടെ അവസാനിച്ചിരിക്കുന്നു ഇൻശാ അല്ലാഹ്, ഹദ്റത്ത് ഉമറിനെ(റ) കുറിച്ച് വരും ഖുത്ബകളിൽ പരാമർശിക്കുന്നതായിരിക്കും. തുടർന്ന് അൽഇസ്ലാം വെബ്സൈറ്റ് ടീമിന്റെ ഭാഗത്തു നിന്നും പുതിയതായി തയ്യാറാക്കപ്പെട്ട പരിശുദ്ധ ഖുർആൻ റിസർച്ച് എൻജിൻ ആദ്യത്തെ വർഷം വെർഷന്റെ ഉദ്ഘാടനത്തെക്കുറിച്ച് ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി. പറയുന്നു, ഈ വെബ്സൈറ്റ് അൽ ഇസ്ലാമിൽ നിന്നും വേറിട്ടും സന്ദർശിക്കാവുന്നതാണ്. ഏതു സൂറത്തിനെയും ആയത്തിനെയും പദത്തെയും ഉള്ളടക്കത്തെയും അറബി ഇംഗ്ലീഷ് ഉറുദു ഭാഷകളിൽ ഒരു നൂതനമായ സെർച്ച് എഞ്ചിൻ മുഖേന തിരഞ്ഞു കണ്ടെത്താൻ ആകുന്നതാണ്. അതുപോലെ അൽ ഇസ്ലാമിൽ തന്നെ പരിശുദ്ധ ഖുർആൻ പാരായണത്തിനും ശ്രവിക്കാനും തിരച്ചലിനുമായി ഒരു പുത്തൻ മനോഹരമായ വെർഷൻ തയ്യാറാക്കപ്പെട്ടതായും അറിയിച്ചു. ഈ പ്രൊജക്റ്റ് മുഖേന പരിശുദ്ധ ഖുർആന്റെ സുന്ദര അധ്യാപനങ്ങൾ ലോകത്ത് വ്യാപിക്കാനും അഹ്മദികൾക്കും അവയിൽ നിന്നും പൂർണമായി പ്രയോജനമെടുക്കാനും അല്ലാഹു തുണയ്ക്കുമാറാകട്ടെ.

അതു കഴിഞ്ഞ് ഹുസൂർ തിരുമനസ്സ് പാക്കിസ്ഥാനിലെയും അൽജീരിയയിലെയും അഹ്മദികൾക്കു വേണ്ടി ദുആയ്ക്ക് ആഹ്വാനം നടത്തി. തുടർന്ന് തിരുമനസ്സ് മുഹമ്മദ് സാദിഖ് സാഹിബ് ദുർഗാറാം പൂരി, മുഖ്ത്താർ ബീബീ സാഹിബ ദാറുൽ അയ്മൻ റബ്വ, മൻസൂർ അഹ്മദ് ശാ സാഹിബ്, ഹമീദ അഖ്തർ സാഹിബ യു എസ് എ, നാസിർ പീറ്റർ ലോറ്റ്സേൻ സാഹിബ് ജർമനി, റസിയ തൻവീർ സാഹിബ കേനഡ, മൻസൂർ ഗാലിബ് സാഹിബ് സർഗോധ, ബുഷ്റ ഹമീദ് അൻവർ സാഹിബ, നൂറുസ്സബാഹ് സഫർ സാഹിബ, സുൽത്താൻ അലി റേഹാൻ സാഹിബ്, ഖാലിദ് സഅദുല്ലാഹ് അൽമിസ്രി സാഹിബ്, മുഹമ്മദ് മുനീർ സാഹിബ് റബ്വ, മാസ്റ്റർ നദീർ അഹ്മദ് സാഹിബ് റബ്വ എന്നിവരുടെ സുസ്മരണ നടത്തുകയും ജനാസ ഗായിബ് നമസ്ക്കരിപ്പിക്കുകയുമുണ്ടായി.

മൗലവി ഗുലാം ഖാദിർ സാഹിബ് മുബല്ലിഗ് കാലാബാനിനെ അനുസ്മരിച്ചു കൊണ്ടു പറയുകയുണ്ടായി, മാർച്ച് 26-ന് അദ്ദേഹം അമ്പത്തിയാറാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ മൗലവി ഗുലാം ഖാദിർ സാഹിബിന്റെ കുടുംബത്തിൽ അദ്ദേഹത്തിന്റെ പിതാമഹൻ ബഹാദൂർ അലി സാഹിബ് മുഖേനയാണ് അഹ്മദിയ്യത്തിനു തുടക്കം കുറിച്ചത്. ആ കുടുംബത്തിലെ 13 പേർ ദൈവാനുഗ്രഹത്താൽ ഇപ്പോൾ ജമാഅത്തിന്റെ സേവനത്തിൽ നിരതരാണ്. മുബല്ലിഗ് എന്ന നിലയിൽ 34 വർഷവും ആറുമാസവും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു മർഹൂം നിയമനം ലഭിച്ചിടങ്ങളിൽ എല്ലാം സന്തോഷത്തോടെയും അധ്വാനത്തെയും അഭിനിവേശത്തോടെയും കൂടി തഅ്ലീം തർബിയ്യത്ത് ഉത്തരവാദിത്വങ്ങൾ അവസാനം വരെ നിറവേറ്റി. തബ്ലീഗ് ചെയ്യാൻ നല്ല കഴിവായിരുന്നു. തബ്ലീഗ് രംഗത്തുണ്ടായ എല്ലാ പ്രയാസങ്ങളും എതിർപ്പുകളും സധൈര്യം നേരിട്ടിരുന്നു. വളരെയധികം സഹനശീലനും കൃത്ജ്ഞനും മിതവ്യയിയും തന്റേടിയുമായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ മൂന്ന് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. ഒരു മകൻ ബശീറുദ്ദീൻ ഖാദിർ ജാമിഅ അഹ്മദിയ്യ ഖാദിയാനിലെ അവസാന വർഷ വിദ്യാർഥിയാണ് അല്ലാഹു മഗ്ഫിറത്തും കാരുണ്യവും നല്കുമാറാകട്ടെ.

തുടർന്ന് ഹുസൂർ തിരുമനസ്സ് ഖാദിയാനിലെ ദർവേശായിരുന്ന മുഹമ്മദ് സാദിഖ് ആരിഫ് സാഹിബിന്റെ ഭാര്യ മഹ്മൂദ് ബേഗം സാഹിബയെ അനുസ്മരിച്ചു കൊണ്ടു പറയുകയുണ്ടായി, അവർ ഏപ്രിൽ ഒന്നിന് 85-ാം വയസ്സിൽ ഹൃദയ സ്തംഭനം മൂലം വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. മർഹൂമ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സഹാബിയായ ഖാസി അശ്റഫ് അലി സാഹിബിന്റെ പേരക്കുട്ടിയായിരുന്നു. ഖാസി ശാദ് ബഖ്ഷ് സാഹിബിന്റെ മകളാണ്. മർഹൂമ ദർവേശ് കാലഘട്ടം തന്റെ ഭർത്താവിനോടൊപ്പം സഹനത്തോടും കൃതജ്ഞതയോടും കൂടി കഴിച്ചുകൂട്ടി. നമസ്കാരം, ഖുർആൻ പാരായണം, ചന്ദ എന്നിവയുടെ കാര്യത്തിൽ കൃത്യനിഷ്ഠ പാലിച്ചിരുന്നു. ഖിലാഫത്തുമായി നല്ല ബന്ധം സ്ഥാപിച്ചിരുന്നു. ഇതു സംബന്ധിച്ച് മക്കളെയും ഉപദേശിച്ചിരുന്നു. മൂസിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്ന് ആൺമക്കളും രണ്ടു പെൺകുട്ടികളുമാണ് ഉള്ളത്. അല്ലാഹു മഗ്ഫിറത്തും കാരുണ്യവും നല്കുമാറാകട്ടെ. ജുമുഅ നമസ്കാരാനന്തരം തിരുമനസ്സ് എല്ലാവരുടെയും ജനാസ ഗായിബ് നമസ്കരിപ്പിക്കും എന്നു വിളംബരപ്പെടുത്തി.

# വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രവും

ജീവൻ അങ്കുരിച്ച സമുദ്രങ്ങൾ ഭൂമിയിലെ ജീവന്റെ ഗർഭഗൃഹങ്ങളാണ്. ബൃഹത്തായ ജലരാശികൾ ഉൾക്കൊള്ളുന്ന നമ്മുടെ ഭൂമി പ്രപഞ്ച വിസ്മയങ്ങളിലൊന്നത്രെ. സമുദ്രശാസ്ത്രത്തെ പറ്റി ലേഖന പരമ്പര ആരംഭിക്കുന്നു.

**എ.എം. മുഹമ്മദ് സലീം**



മനുഷ്യൻ അധിവസിക്കുന്ന ഭൂമിയെ അതീവ സുന്ദരവും അത്ഭുതകരമായിട്ടുമാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ബഹിരാകാശത്ത് നിന്ന് നോക്കുമ്പോൾ ഭൂമി ചേതോഹരമയ ഒരു കാഴ്ച്ചയാണെന്ന് ഗഗനചാരികൾ പറയുന്നു. നീല ഗ്രഹം (Blue Planet) എന്നറിയപ്പെടുന്ന ഭൂമിക്ക് നയന മനോഹരമായ ഈ ദൃശ്യം സമ്മാനിക്കുന്നത് സമുദ്രങ്ങളാണ്. ഒരു തുള്ളി ജലവും പുറത്ത് തൂവാതെ മണിക്കൂറിൽ 1670 കി. മീ. വേഗത്തിൽ സ്വയം കറങ്ങിയും 1,07,208 കി. മീ. വേഗത്തിൽ സൂര്യഭ്രമണ പഥത്തിൽ കുതിച്ചു പായുകയും ചെയ്യുന്ന ഈ ജീവഗോളം ഒരു അത്ഭുത ഗ്രഹമാണ്. ജലാഭരണ വിഭൂഷിതയായി സമുദ്രങ്ങളെ തന്റെ മാറോട് ചേർത്ത് പ്രപഞ്ച വിജനതയിൽ ഏകാകിയായി ദ്രുതഗതിയിൽ ചരിക്കുന്ന നമ്മുടെ ഗോളത്തെ ഈ വൻ ജലശേഖരങ്ങളാണ്. അതുല്യമാക്കി മാറ്റുന്നത്.

സമുദ്രങ്ങളെ പറ്റിയുള്ള പഠനമാണ് സമുദ്രശാസ്ത്രം (Oceanography) സമുദ്രജലത്തിന്റെ ഉദ്ഭവം, സമുദ്രജലത്തിൽ നിന്നും ജീവന്റെ ഉദ്ഭവം, ജീവികളുമായി അതിനുള്ള ബന്ധം, സമുദ്രജലത്തിന്റെ ഭൗതിക-രാസ-ജൈവിക ഗുണങ്ങൾ, കാലാവസ്ഥയിൽ സമുദ്രങ്ങൾ ചെലുത്തുന്ന സ്വാധീനങ്ങൾ തുടങ്ങി അതിബൃഹത്തായ ഒരു വിജ്ഞാന ശാഖയാണ് സമുദ്രശാസ്ത്രം.

അത്ഭുതങ്ങളുടെയും നിഗൂഢതകളുടെയും അനന്ത വൈചിത്രങ്ങൾ ഉള്ളിലൊതുക്കി നിതാന്ത ശാന്തതയോടെ വർത്തിക്കുന്ന സമുദ്രം ചിലപ്പോൾ സംഹാര മൂർത്തിയാകാറുണ്ട്. മനുഷ്യന്റെ ജീവിതത്തെയും സംസ്ക്കാരത്തെയും സമുദ്രംപോലെ സ്വാധീനിക്കുന്ന മറ്റൊരു ഭൂഘടകവുമില്ല.

### ജീവനും ജലവും

പ്രപഞ്ചത്തിൽ എവിടെയെങ്കിലും ജീവന്റെ സ്ഫുരണങ്ങൾ ഉണ്ടോ എന്ന് അന്വേഷിക്കുന്ന ശാസ്ത്രമാണ് പ്രപഞ്ച ജീവശാസ്ത്രം (Exobiology) ജീവന്റെ ഉദ്ഭവം, വികാസം, വിതരണം എന്നിവ പ്രപഞ്ചത്തിന്റെ മഹാപരി

പ്രേക്ഷ്യത്തിൽ പ്രപഞ്ച ജീവശാസ്ത്രം പരിശോധിക്കുന്നു. ഗ്രഹങ്ങളുടെ ഉദ്ഭവ വികാസങ്ങൾ ജീവനുമായി ബന്ധപ്പെടുത്തി പഠിക്കുക എന്നത് ഈ ശാസ്ത്ര ശാഖയുടെ പ്രധാന വിഷയമാണ്. ജലവും ജീവനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ജീവന്റെ ഉദ്ഭവമുണ്ടായതും അതിനെ വളർത്തുന്നതും നിലനിർത്തുന്നതും ജലമണ്ഡലമാണ്. ഖുർആൻ പറയുന്നു. **'ചരിക്കുന്ന എല്ലാ ജീവികളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു.'** (24:46) മനുഷ്യൻ അറിഞ്ഞേടത്തോളം പ്രപഞ്ചത്തിൽ ദ്രവരൂപത്തിൽ ജലമണ്ഡലമുള്ള ഒരു ഗ്രഹമാണ് നമ്മുടെ ഭൂമി. ബൃഹത്തായ ജലഖണ്ഡങ്ങളെ വഹിച്ച് അതിശീഘ്രം കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമി ദൈവത്തിന്റെ അതുല്യസൃഷ്ടിയാണ്. ബുദ്ധിമാന്മാർ അല്ലാഹുവിന്റെ ഈ അപാരമായ അനുഗ്രഹവായ്പ്പുകളെ അനുസ്മരിക്കുമെന്ന് ഖുർആൻ പറയുന്നു.

**'ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും മാറിമാറി വരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്ന് അല്ലാഹു വെള്ളമിറക്കി ഭൂമി അത് നിർജ്ജീവമായി കിടന്ന ശേഷം സജീവമാക്കുകയും അതിൽ എല്ലാതരം ജീവജാലങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കിയിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല ദൃഷ്ടാന്തങ്ങളുമുണ്ട്.'**(3:191)

ഈ ജലസാന്നിദ്ധ്യവും ചലനാത്മകതയും ഭൂമിയെ ജീവജാലങ്ങളുടെ ആവാസ കേന്ദ്രമാക്കുന്നത്. എക്സോ ബയോളജി ഗ്രഹങ്ങളിൽ പ്രാഥമികമായി ജലമുണ്ടോ എന്നാണ് അന്വേഷിക്കുന്നത്. അതായത് വിശുദ്ധ ഖുർആൻ പറഞ്ഞ ജലവും ജീവനും തമ്മിലുള്ള അഭേദ്യമായ ആ ബന്ധം തന്നെയാണ് ശാസ്ത്രം ആധാരമാക്കുന്നത്. ജീവൻ അങ്കുരിച്ചതും ജീവനെ നിലനിർത്തുന്നതും ജലമാണ്. അതുകൊണ്ടാണ് ഒഴുകുന്ന ദ്രവജലമുള്ള ഭൂമി പ്രപഞ്ച ജീവശാസ്ത്രത്തിൽ ഒരു പ്രധാന ഇടമായി മാറുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

**'ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടി പിടിച്ചതായിരുന്നു. പിന്നെ നാം അതിനെ വേർപ്പെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളെയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ?'** (21:30)

പ്രപഞ്ചം ആദിയിൽ ഒന്നായിരുന്നുവെന്നും പിന്നീട് മഹാവിസ്‌പോടനത്തിലൂടെ ഗോള വ്യവസ്ഥകൾ ഉടലെടുത്തുവെന്നും അങ്ങനെയാണ് ജീവന് അതിഥ്യമരുളിയ ജല സമൃദ്ധമായ ഭൂമി നിലവിൽ വന്നതെന്നും ഈ വചനം ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ജലം ഉൽപ്പാദിക്കാൻ ആവശ്യമായ ഭൗതിക ഘടകങ്ങൾ ആദിയിൽ ഒന്നായി നിന്നിരുന്ന ബ്രഹ്മാണ്ഡ പിണ്ഡത്തിൽ തന്നെ ഉണ്ടായിരുന്നു എന്നും ഖുർആൻ സൂചിപ്പിക്കുന്നു. ഭൗതികമായ അനുകൂല ഘടകങ്ങളുടെ സാന്നിദ്ധ്യത്തിൽ ദ്രവജലം മറ്റുഗോളങ്ങളിലും ഉണ്ടാവാനുള്ള സാദ്ധ്യതയിലേക്കും ഈ വചനം വിരൽ ചൂണ്ടുന്നു.

നമ്മുടെ സൗരയൂഥത്തിൽ ആകെ ഒമ്പത് ഗ്രഹങ്ങളുള്ളതിൽ നാലെണ്ണം ഭൗമഗ്രഹങ്ങൾ (Terestial planets) എന്നാണ് വിളിക്കുന്നത് ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയാണ് ആ ഗ്രഹങ്ങൾ. അതായത് ഭൂമിയുടെ ഘടനയുമായി ഏകദേശം സാമ്യതയുള്ള ഗ്രഹങ്ങളെയാണ് ഭൗമ ഗ്രഹങ്ങൾ എന്ന് പറയുന്നത്. വിശുദ്ധ ഖുർആനിലെ ശ്രദ്ധേയമായ ഒരു വചനം ഇങ്ങനെയാണ്.

**'അല്ലാഹു ഏഴ് ആകാശങ്ങളേയും അതിന്ന് തുല്യം ഭൂമിയേയും സൃഷ്ടിച്ചവനത്രെ. അല്ലാഹു അവർക്കിടയിൽ കൽപനകളയക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിന്നും പൂർണ്ണ കഴിവുള്ളവനാണെന്നും അല്ലാഹു സകല വസ്തുക്കളെയും അറിവിനാൽ വലയം ചെയ്തിരിക്കുന്നുവെന്നും ഞങ്ങളറിയുന്നതിന്ന് വേണ്ടി.'** (65:13)

ഈ വചനത്തിൽ ഭൂമിയെപോലെ മറ്റു ഗ്രഹങ്ങൾ പ്രപഞ്ചത്തിലുണ്ടെന്ന് ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. ഇപ്പോഴത്തെ പല ഗ്രഹങ്ങളിലും ഒരു കാലത്ത് ഭൂമിയെപ്പോലെ ആയിരിക്കാനും മതി. നമ്മുടെ സൗരയൂഥത്തിലെ നാലു ഗ്രഹങ്ങളെ തന്നെ ഭൂമിയോടുള്ള സാദൃശ്യം കാരണം ഭൗമ ഗ്രഹങ്ങൾ എന്നാണ് ശാസ്ത്രം വിളിക്കുന്നത് എന്ന് മുകളിൽ പ്രതിപാതിച്ച കാര്യം ഓർക്കുമല്ലോ. പ്രപഞ്ചത്തിലെവിടെയെങ്കിലും ജീവന് ആദിഥ്യമരുളിയ ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങൾ ഉണ്ടാവാനുള്ള സാധ്യതയിലേക്കാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്.

## ഭൗമേതര ജീവികളുമായുള്ള സംഗമദിനം

ജല സാന്നിദ്ധ്യമുള്ള മറ്റേതെങ്കിലും ഗ്രഹങ്ങളിൽ ജീവൻ ഉണ്ടാകാമെന്നും അവർ ധിഷണാശാലികളും ദൈവത്തെ വാഴ്ത്തുന്നവരുമായിരിക്കാമെന്നും അവരുമായി മനുഷ്യൻ ഭാവിയിൽ ബന്ധം സ്ഥാപിക്കാൻ കഴിയുമെന്നും ഖുർആൻ സൂചിപ്പിക്കുന്നു. **'സകല ഉൽകൃഷ്ടനാമങ്ങളും അവന്നുള്ളതത്രെ ആകാശ മണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ അവന്റെ മഹത്വം പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ്വ വല്ലഭനും സർവ്വജ്ഞനുമത്രെ.'**(59:25)

ഈ ഖുർആൻ വചനം വ്യാഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)

പറയുന്നു.**'ആകാശ ഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നും അവർ ദൈവത്തിന്റെ മാർഗ്ഗദർശനത്തിൽ വർത്തിക്കുന്നവരാണെന്നും ഈ വചനം സൂചിപ്പിക്കുന്നുണ്ട്.' (ഇസ്‌ലാം മതതത്ജ്ഞാനം)**

ആകാശങ്ങളിലും അവ രണ്ടിലും അവരെ അവൻ വ്യാപിപ്പിച്ച ജീവികളുടെ സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചു കൂട്ടാൻ അവൻ കഴിവുള്ളവനത്രെ. (42:30) ഈ ഖുർആൻ വചനത്തിന്ന് വ്യഖ്യാനം നൽകിക്കൊണ്ട് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ്(റഹ്) പറഞ്ഞ കാര്യം കൂടി സന്ദർഭവശാൽ ഇവിടെ പ്രതിപാദിക്കട്ടെ.

**'ഈ വചനത്തിന്റെ രണ്ടാം ഭാഗത്ത് ഭൗമേതര ജീവികളുടെ സാദ്ധ്യത പറയുക മാത്രമല്ല. അവ നിലനിൽക്കുന്നു എന്ന അസന്നിഗ്ദമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.........ഈ വചനത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ ആകാശത്തും ഭൂമിയിലുമുള്ള ജീവികളെ ഒരുമിപ്പിച്ചുകൂട്ടുമെന്ന് നാം വായിക്കുന്നു. *ജംഇഹിം* എന്ന അറബി പദം ഭൂമിയിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ജീവികളെ ഒന്നിച്ചു ചേർക്കുന്നതിനെ പറ്റിയുള്ള വ്യക്തമായ പരാമർശമാണ്.' (യുക്തി വെളിപാട് ജ്ഞാനം സത്യം – ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ്. പേ.511)**

## ചൊവ്വയിലെ ജലം എങ്ങോട്ട് പോയി

ഭൗമഗ്യഹങ്ങളിൽപെട്ട ചൊവ്വ ഗ്രഹത്തെയാണ് ഗോള ശാസ്ത്രം ഏറ്റവും കൂടുതൽ നിരീക്ഷണത്തിന്ന് വിധേയമാക്കിയത്. 1960–70 കളിൽ, ശീതയുദ്ധകാലത്ത് റഷ്യയും അമേരിക്കയും നിരവധി ബഹിരാകാശ ദൗത്യങ്ങൾ മത്സര ബുദ്ധിയോടെ ചൊവ്വയെ ലക്ഷ്യമാക്കി നടത്തുകയുണ്ടായി. പിന്നീട് കുറെ വർഷങ്ങളുടെ ഇടവേളക്ക് ശേഷം 1996 ൽ അമേരിക്കയുടെ ബഹിരാകാശ ഗവേഷണ സ്ഥാപനമായ നാസ ചൊവ്വാ പഠനത്തിൽ MGM(Mars Global Mission) എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 1996 ൽ അമേരിക്ക വിക്ഷേപിച്ച പാത്ത് ഫൈന്റർ എന്ന ചൊവ്വാ ദൗത്യ ബഹിരാകാശ യാനം 1997 ൽ ചൊവ്വയെ പ്രാപിക്കുകയും സമഗ്രവും സൂക്ഷ്മവുമായ പഠനങ്ങൾ നടത്തുകയുമുണ്ടായി. അതിൽ നിന്നും ചൊവ്വാഗൃഹത്തിൽ ഒരു കാലത്ത് ഒഴുകിക്കൊണ്ടിരിക്കുന്ന ദ്രവ ജലമുണ്ടായിരുന്നു എന്ന് അനിഷേധ്യമാം വിധം തെളിയിക്കുകയുണ്ടായി. ചൊവ്വയിൽ നിന്നും ഭൂമിയിലെത്തിയ ഉൽക്കകളിൽ നടത്തിയ പഠനങ്ങളും ചൊവ്വയിൽ വെള്ളത്തിന്റെ സാന്നിദ്ധ്യം അറിയിക്കുന്നു. 2011 നവംബറിൽ 26 ന്ന് നാസയുടെ മാർസ് സയിൻസ് ലാബറട്ടറി മിഷന്റെ ഭാഗമായി ചൊവ്വയിലേക്കയച്ച കൂരിയോസിറ്റി (Curiosity) എന്ന കാർ വലിപ്പത്തിലുള്ള പരീക്ഷണോപകരണവും യൂറോപ്യൻ സ്പേയ്സ് ഏജൻസിയുടെ The Mars Express എന്നീ ബഹിരാകാശ ദൗത്യങ്ങളടക്കം 1965 മുതൽ 2021 ഫെബ്രുവരിയിൽ നാസ ഭൂമിയിൽ നിന്ന് നിയന്ത്രിച്ച് പറത്തിയ ഇൻജെന്യൂയിറ്റി (Ingenuity) എന്ന കൊച്ചു ഹെലികോപ്റ്റർ വരെ വിവിധ രാജ്യങ്ങൾ ചൊവ്വയുടെ ഭ്രമണ പഥം പ്രദക്ഷിണം വെച്ചും, ചൊവ്വയിൽ റോവിനെ ഇറക്കിയും ഇപ്പോൾ ഹെലികോപ്റ്റർ പറത്തിയും നടത്തിയ നാൽപതിലധികം ചൊവ്വാ ദൗത്യങ്ങൾ അവിടെ ദ്രവജല സാന്നിദ്ധ്യം ഉണ്ടായിരുന്നതായി സ്ഥിരീകരിച്ചു.

ചൊവ്വയെ ആദ്യമായി ദൂരദർശിനിയിലൂടെ നോക്കിക്കണ്ടത് മഹാനായ ശാസ്ത്ര പ്രതിഭ ഗലീലിയോ തന്നെയായിരുന്നു. പിന്നീട് കാണപ്പെട്ട നീർച്ചാലുകൾപ്പോലെയുള്ള അടയാളങ്ങൾ അവിടെ വെള്ളവും തോടുകളും കൃഷിയും ജീവികളെല്ലാമുണ്ടെന്ന അഭ്യൂഹങ്ങളും കഥകളും ലോകം മുഴുവൻ പ്രചരിക്കാനിടയായി. അത്തരം ഊഹാപോഹങ്ങൾക്കെല്ലാം വിരാമമിട്ടുകൊണ്ട്. ചൊവ്വയിൽ ജീവികളില്ലെങ്കിലും ഒരു കാലത്ത് ഒഴുകുന്ന വെള്ളം ഉണ്ടായിരുന്നെന്നും ജലസമൃദ്ധിയുണ്ടായിരുന്ന അക്കാലത്ത് ഒഴുകിയ വെള്ളത്തിന്റെ അടയാളങ്ങളായിരുന്നു ചാലുകളെന്നും നിരവധി ശാസ്ത്രീയ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തെളിയിക്കുകയുണ്ടായി. ചൊവ്വയുടെ ഉപരിതലത്തിലെ പാറക്കല്ലുകളുടെ വിന്യാസം ജല പ്രളയത്തിൽ പെട്ട് വിസരണം സംഭവിച്ച നിലയിലായിരുന്നു. മാത്രമല്ല ചൊവ്വയുടെ ധ്യൂവങ്ങളിൽ തണുപ്പുകാലത്ത് (സൂര്യനിൽ നിന്ന് അകലുന്ന കാലം) കനക്കുകയും വേനൽ കാലത്ത് (സൂര്യനോട് അടുക്കുന്ന സമയം) മെലിയുകയും ചെയ്യുന്ന വെളുത്ത ഹിമതൊപ്പി ഖര രൂപത്തിലുള്ള അവശിഷ്ട ജലവും കാർബൺ ഡയോക്സൈഡ് ആണെന്നും തെളിയിക്കപ്പെടുകയുണ്ടായി.

ഒരു കാലത്ത് വൻ സമുദ്രങ്ങളും തടാകങ്ങളും നദികളുമുണ്ടായിരുന്ന ചൊവ്വയിലെ ജലമെല്ലാം എങ്ങോട്ട് പോയി? ശാസ്ത്രലോകത്തെ കുഴക്കുന്ന ഒരു സമസ്യയാണിത്. ഒരുപക്ഷേ ചൊവ്വയിൽ ഒരു കാലത്ത് ജീവിതവും സംസ്ക്കാരവും നാഗരികതയുമെല്ലാം ഉണ്ടായികൂടെന്നില്ല. പക്ഷേ ഇപ്പോൾ ചൊവ്വ മരുഭൂമി പോലെ വരണ്ടതും ശ്മശാനം പോലെ മൂകനിശബ്ദവുമാണ്. വിശദീകരിക്കാൻ കഴിയാത്ത എന്തോ കാരണങ്ങളാൽ ചൊവ്വയിലെ വെള്ളം അപ്രത്യക്ഷമാവുകയാണുണ്ടായത്. ഒരു പക്ഷേ സൂര്യനെ ചുറ്റുന്ന ഭ്രമണ വൃത്തം മാറിയത് കൊണ്ടോ, ചൊവ്വയിലെ ഭൗമ ഘടനയിലുണ്ടായ മാറ്റംകൊണ്ടോ അന്തരീക്ഷ മർദ്ദം കുറഞ്ഞത് കൊണ്ടോ ഉൽക്കകൾ ഇടിച്ചത് കൊണ്ടോ ആയിരിക്കാം ജല നിഷ്ക്രമണം എന്ന അത്യാഹിതം ചൊവ്വയിൽ


സംഭവിച്ചത്. ചൊവ്വയുടെ കുറഞ്ഞ ഗുരുത്വബലംകൊണ്ട് അവിടെ സമൃദ്ധമായുണ്ടായിരുന്ന ദ്രവജലം ചൊവ്വയുടെ സ്പേസിലൂടെ പുറമേക്ക് ചോർന്ന് പോയതായിരിക്കാം എന്നായിരുന്നു കണക്കാക്കിയത്. എന്നാൽ ചില ആധുനിക പഠനങ്ങൾ പറയുന്നത്. 30 മുതൽ 99 ശതമാനം വരെ ചൊവ്വയിലെ ജലത്തിലെ ഓക്സിജനും ഹൈഡ്രജനും ചൊവ്വയിലെ പാറകളിലും ഖനിജങ്ങളുമായി പ്രതിപ്രവർത്തിച്ച് രാസമാറ്റം വന്ന് പല വിധത്തിൽ ചൊവ്വയുടെ പുറംന്തോടിൽ തന്നെ സൂക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നാണ് കരുതുന്നത്. ഏതായലും ഒഴുകുന്ന ദ്രവജലം ചൊവ്വയിൽ നിന്ന് വറ്റിപ്പോയിരിക്കുന്നു. ഗ്രഹത്തിൽ നിന്നും വെള്ളം വറ്റിപ്പോകുന്ന ഈ പ്രതിഭാസത്തെ പറ്റി വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നുണ്ട് എന്നതാണ് ശ്രദ്ധേയമാണ്.

## ദ്രവജവും ജലചംക്രമണവും ഭൂമിയുടെ വരദാനം

ഭൂമിയിലെ സമുദ്രങ്ങളാണ് ഭൂമിയെ അനുഗ്രഹ കേദാരങ്ങളാക്കി മാറ്റുന്നത്. ഭൂമിയിൽ ജലം പ്രധാനമായും മഞ്ഞ്, ജലം, നീരാവി എന്നീ മൂന്ന് അവസ്ഥകളിലാണ് നിൽക്കുന്നത്. മൊത്തം ജലത്തിന്റെ 97 ശതമാനം സമുദ്ര ജലമാണ്. 3 ശതമാനം മാത്രമാണ് ശുദ്ധ ജലം. അതിൽ തന്നെ 80 ശതമാനം ഐസ് ആയി ധ്രുവ പ്രദേശങ്ങളിൽ നിൽക്കുന്നു. ബാക്കിയത്രയും സമുദ്രജലത്തിലെ ലവണ ജലമാണ്. ബാഷ്പീകരണത്തിന് വിധേയമായിക്കൊണ്ട് ശുദ്ധജലത്തിന്റെ അക്ഷയ സ്രോതസ്സായി നിൽക്കുന്നതും ഈ ഉപ്പുവെള്ളം തന്നെ. നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമിയിലെ ഈ അനുഗ്രഹീത ചാക്രിക സംവിധാനത്തെയാണ് ജലചംക്രമണം (Water cycle) എന്ന് പറയുന്നത്. ഇത് സംബന്ധിച്ച് ഖുർആൻ ചോദിക്കുന്നു.

**'നീ കണ്ടില്ലേ അല്ലാഹു ആകാശത്ത് നിന്ന് വെള്ളമിറക്കി. എന്നിട്ട് അതിനെ ഉറവ് ചാലുകളായി ഭൂമിയിലൊഴുക്കി.(39 22) ഒരു വസ്തുവിന്റേയും ശേഖരം നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല. (ജലഗർഭിതമായ കണങ്ങൾ) വഹിച്ചുകൊണ്ടു പോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം നിങ്ങൾക്ക് കുടിക്കുവാൻ തന്നു. നിങ്ങൾക്ക് അത് ശേഖരിച്ച് വെക്കാൻ സാദ്ധ്യമല്ലതാനും.(15:23) നിങ്ങൾ കുടിക്കുന്ന വെള്ളത്തെ കുറിച്ച് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്? അതല്ല അതിറക്കുന്നത് നാമാണോ? നാമുദ്ദേശിക്കുന്ന പക്ഷം നാം അതിനെ കടുത്ത ഉപ്പുരസമുള്ളതാക്കുമായിരുന്നു. അപ്പോൾ എന്തുകൊണ്ട് നിങ്ങൾ നന്ദി കാണിക്കുന്നില്ല.'(56:69)**

ജലം ദ്രവരൂപത്തിൽ നിൽക്കണമെങ്കിൽ പ്രപഞ്ച സംവിധാനത്തിൽ തന്നെ നിരവധി അനുകൂല ഘടകങ്ങൾ വേണം. അതായത് മനുഷ്യകരങ്ങൾക്കതീതമായ അതിസങ്കീർണ്ണമായ ഒരു പ്രാപഞ്ചിക സന്തുലിതാവസ്ഥയിൽ മാത്രമേ നമ്മുടെ ജീവന് ആധാരമായ ജലം ദ്രവരൂപത്തിൽ നിൽക്കുകയുള്ളൂ. പരമകാരുണികനായ അല്ലാഹു



സൃഷ്ടിച്ച ആ ബ്രഹ്മാണ്ഡ സംവിധാനത്തെ സംബന്ധിച്ചാണ് ഖുർആൻ പറയുന്നത്.

**'ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.' (55:8)**

പ്രപഞ്ചസംവിധാനത്തിൽ ഭൂമിക്ക് ഒരു സന്തുലന വ്യവസ്ഥ നിർണ്ണയിച്ചു നൽകിയത് നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂമിയുടെ അച്ചുതണ്ടിന്ന് 23.5 ഡിഗ്രി ചരിവ് ഉള്ളത് കൊണ്ടാണ് ഭൂമിയിൽ ഋതുഭേദങ്ങൾ ഉണ്ടാവുന്നതും ഭൂമിയിലെ ജലം, ദ്രവം, ഖരം, ദ്രാവകം എന്നീ മൂന്നവസ്ഥകളിലാണ് ഭൂമിയിൽ വിന്യസിക്കപ്പെട്ട് ഭൂമിയെ ജീവയോഗ്യമാക്കി നിർത്തുന്നതും അച്ചുതണ്ടിന്റെ ഈ ചരിവാണ്. ഭൂമദ്ധ്യരേഖയിൽ നിന്നും 23.5 ഡിഗ്രി വരെ ഉഷ്ണ മേഖലയാണ് (Temprete Zone). ഇവിടെയാണ് സമുദ്രം സൂര്യന്ന് ഏറ്റവും കൂടുതൽ അഭിമുഖമായി നിൽക്കുന്നത്. അത്കൊണ്ട് ഇവിടുത്തെ ദ്രവജലം കൂടുതലായി ബാഷ്പീകരിക്കപ്പെട്ട് വാതകാവസ്ഥ പ്രാപിക്കുന്നു. ഭൂമദ്ധ്യരേഖയിൽ നിന്ന് 23.5 ഡിഗ്രി മുതൽ 66.5 ഡിഗ്രിവരെ മിതശീതോഷ്ണ മേഖലയാണ്. (Torrid Zone) ഈ ഭാഗത്ത് സമുദ്ര ജലത്തിന്റെ ബാഷ്പീകരണം കുറവാണ് 66.5 മുതൽ ധ്രുവ ബിന്ദു വരെ ശീതമേഖ

ലയാണ് (Frigid Zone). ഇവിടെ ജലം കൂടുതലായി ഖരാവസ്ഥയിൽ ഹിമരൂപത്തിൽ കാണപ്പെടുന്നു.

ഇനി ഭൂമിയിൽ നമുക്ക് അല്ലാഹു സ്ഥാപിച്ച സംന്തുലന സംവിധാനത്തിന്റെ ഏതാനും ഉദാഹരണങ്ങൾ നോക്കാം ഭൂഗോളം ഇപ്പോഴുള്ള ഭ്രമണ പഥത്തിൽ നിന്നും സൂര്യനോടുക്കുകയാണെങ്കിൽ ഭൂമിയിലെ വായുവും ജലവും മുഴുവൻ ബാഷ്പമായി സ്പേയ്സിലേക്ക് ചോർന്ന് പോകുമായിരുന്നു. ഇന്നുള്ള ഭ്രമണ വൃത്തത്തിൽ നിന്നും അൽപ്പമകലെയാണെങ്കിൽ ഭൂമിയിലെ ജലം മുഴുവൻ ഖരജലമായി അഥവാ ഐസായി പോകും. അതുപോലെ ഭൂമിയുടെ ഗുരുത്വബലം ഗുരുത്വാകർഷണ ശക്തി കുറഞ്ഞു പോയാൽ വായുമണ്ഡലവും കൂടെ ജലവും ഇല്ലാതാവും. കൂടിയാലോ വായുമണ്ഡലം ഘനീഭവിക്കുകയും ജലത്തിന്റെ ഘടന മാറുകയും ചെയ്യും. ഭൂമിയുടെ അന്തരീക്ഷത്തിൽ 78% നൈട്രജനും 21% ഓക്സിജനും 03% കാർബൺഡയോക്സൈഡും മറ്റു വാതകങ്ങളുമടങ്ങിയതാണ്. ഇതിന്റെ അനുപാതത്തിൽ ചെറിയ ഒരു വ്യതിയാനം സംഭവിച്ചാൽ ജലം ദ്രവരൂപത്തിൽ ഭൂമിയിൽ നിലനിൽക്കില്ല. അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡിന്റെ അളവ് 0.3 % ആണ്. ഭൂമിയിൽ ജലം ദ്രാവകാവസ്ഥയിൽ നിൽക്കാനും ജീവൻ നിലനിർത്താനുമാവശ്യമായ ഏറ്റവും അനുകൂലമായ തോതാണിത്. ഇതിനേക്കാൾ കുറവാണ് കാർബൺഡയോക്സൈഡിന്റെ തോതെങ്കിൽ അന്തരീക്ഷത്തിൽ സൂര്യതാപത്താൽ ഏൽക്കുന്ന ചൂടിന്റെ പ്രസരണത്തോത് കുറയുകയും കാലാവസ്ഥ തകിടംമറിയുകയും ചെയ്യും. പല സമുദ്രങ്ങളും ഹിമാനികളായി രൂപപ്പെടുകയും ചെയ്യും. മാത്രമല്ല കരയിലും കടലിലുമുള്ള സസ്യജാലങ്ങളുടെ നില നിലനിൽപ്പിന്ന് തടസ്സം നേരിടുകയും അവ ഭക്ഷിച്ചു ജീവിക്കുന്ന ജന്തുലോകം നശിച്ചൊടുങ്ങുകയും ചെയ്യും. ഇനി കാർബൺഡയോക്സൈഡിന്റെ അളവ് അൽപ്പം കൂടിയാലോ ഭൗമോപരിതലത്തിലെ സൂര്യരശ്മികൾ കാർബൺഡയോക്സൈഡിൽ തട്ടി ഭൂമിയിലേക്ക് ഇൻഫ്രാറെഡ് രശ്മികളായി പതിച്ച് ഭൂമിയിലെ താപനില ഗണ്യമായി ഉയരുകയും ധ്രുവങ്ങളിലെ മഞ്ഞുപാളികൾ ഉരുകി ജലപ്രളയം മൂലം കര നഷ്ടം ഉണ്ടാകുകയും ചെയ്യും. ജല ബാഷ്പം വർദ്ധിച്ച് കാലാവസ്ഥ ആകെ അസ്ഥിരമാവുകയും ചെയ്യും. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത അതിസങ്കീർണ്ണമായ അനുകൂലാവസ്ഥയുടെ സാകല്യത്തിലാണ് ഭൂമിയിൽ ജലം ദ്രാവകാവസ്ഥയിൽ നിലനിൽക്കുന്നതും നമ്മുടെ ഭൂമി വാസയോഗ്യമാവുന്നതും. ആകാശത്ത് ശോണിമ കലർന്ന് നിൽക്കുന്ന ചൊവ്വയുടെ ഗതി നാം ഓർക്കുക.അല്ലാഹു ഖുർആനിൽ പറയുന്നു:

**'അപ്പോൾ അവരുടെ മുമ്പിലും പിന്നിലുമുള്ള ആകാശത്തേയും ഭൂമിയേയും അവർ നോക്കി കാണുന്നില്ലേ? നാം ഉദ്ദേശിക്കുന്ന പക്ഷം ഭൂമി അവർ ഗ്രസിക്കാനിടയാകുമോ അല്ലെങ്കിൽ ആകാശത്ത് നിന്നൊരു വിപത്ത് അവരുടെ മേൽ വീഴ്ത്തുകയോ ചെയ്യുന്നതാണ്. പശ്ചാത്തപിച്ചു മടങ്ങുന്ന ഓരോ ദാസനും തീർച്ചയായും ഇതിൽ അടയാളമുണ്ട്.'** (34: 10) ഖുർആൻ തുടരുന്നു. **'മനുഷ്യരെ നിങ്ങൾ അല്ലാഹുവിനെ ആശ്രയിക്കുന്നവരാണ്. എന്നാൽ അല്ലാഹു സ്വാശ്രയനും സ്തുത്യർഹനുമാകുന്നു. അവനുദ്ദേശിക്കുന്നപക്ഷം നിങ്ങളെ അവൻ നശിപ്പിക്കുകയും (പകരം) ഒരു പുതിയ സൃഷ്ടിയെ അവൻ കൊണ്ടു വരികയും ചെയ്യുന്നതാണ്.'**(35:16,17)

ചുരുക്കത്തിൽ ജലം ദ്രവരൂപത്തിൽ നിൽക്കുക എന്നത് പ്രപഞ്ചത്തിൽ ഒരു പൊട്ടുപോലെ നിൽക്കുന്ന ഭൂമിയിലെ വളരെ അപൂർവ്വമായ ഒരു സന്തുലിത സംവിധാനത്തിന്റെ ഫലമാണ്. ഈ സംന്തുലനാവസ്ഥ തകർക്കരുതെന്ന വളരെ ഉന്നതമായ ഒരു പരിസ്ഥിതി ബോധം വിശുദ്ധ ഖുർആൻ മനുഷ്യന്ന് നൽകുന്നു. **'ആകാശത്തെ അവൻ ഉയർത്തുകയും സംന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സംന്തുലനക്രമത്തിൽ അതിക്രമം കാട്ടരുത്.'**(55:8,9)


ജലശോഷണമുണ്ടായി വന്ധ്യയായി മാറിയ ചൊവ്വയെ കുറിച് നമുക്കിന്നറിയാം. ജലം വറ്റിയത് കൊണ്ടാണോ ചൊവ്വയെ ഒരു ദോഷഗ്രഹമായി ചിലർ കാണുന്നത്? നമുക്കറിയില്ല. നിതാന്ത വിജനതയുടെയും ജൈവരാഹിത്യത്തിന്റേയും മൂകഭീകരമായ ചുകപ്പ് നിറവും പേറി ആകാശപരപ്പിൽ ഒരു ശോണദൃഷ്ടാന്തമായി അത് അങ്ങനെ നിൽക്കുന്നു. ജല സമൃദ്ധിയിൽ ജീവിതോത്സവങ്ങൾ ആഘോഷിക്കുന്ന ഭൂവാസികളായ നമ്മെ നോക്കി വിശുദ്ധ ഖുർആൻ ചോദിക്കുന്ന അർത്ഥവത്തായ ഒരു ചോദ്യം നമ്മെ ചിന്താധീനരാക്കുന്നില്ലേ?

**'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധ ജലം ആരാണ് കൊണ്ടു വന്നു തരിക?'** (67:31)

ദാഹവിവശരായി ഒരു ഗ്ലാസ് വെള്ളം നാം പാനം ചെയ്യുമ്പോൾ ദൈവത്തിന്റെ ഗോളാന്തരീയമായ ഈ പ്രാപഞ്ചിക സംവിധാനം കൊണ്ടാണ് നമുക്കത് സാധിതമാകുന്നത് എന്ന് നാം നന്ദി പൂർവം സ്മരിക്കാറുണ്ടോ?

## സമുദ്രം ഉറഞ്ഞു പോകുന്ന ഹിമയുഗം വരുമോ?

ഈ ഭൂമിയുടെ അവസ്ഥ കാലകാലം ഇങ്ങനെ തുടരണമെന്നില്ല എന്ന് ഖുർആൻ പറഞ്ഞ കാര്യം നാം ഓർക്കുക. ഭൂമിയുടെ പരിസ്ഥിതിയും ഭൗതിക വ്യവസ്ഥയും ഒന്നൊന്നായി മാറാനുള്ള സാദ്ധ്യതയെ പറ്റിയുള്ള സൂചന




ന്യൂട്ടേഷൻ (Nutation)

കളും ഖുർആനിൽ കാണാം

**'ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ. അപ്രകാരം ആകാശവും (മാറ്റപ്പെടും)'(14:49)**

ഭൂമി സൃഷ്ടിക്കപ്പെട്ട നാൾ മുതൽ പല ഹിമയുഗങ്ങൾക്കും (Ice Age) ഭൂമി വിധേയമായിട്ടുണ്ടെന്ന് ഭൂവിജ്ഞാനികൾ പറയുന്നു. ഹിമയുഗം എന്ന് പഞ്ഞാൽ ഭൂമി മുഴുവൻ ഹിമം ആയി പോകുമെന്ന ല്ല അർത്ഥം. ഭൂമിയുടെ തെക്കും വടക്കുമായി 15 മുതൽ 30% വരെ സമുദ്രജലം ഐസ് ആയിപ്പോവുന്നതിനെയാണ് ഹിമയുഗം എന്ന് പറയുന്നത്. ഇത് ഒരു ചാക്രിക സ്വഭാവമുള്ള ഒരു പ്രതിഭാസ മാണെന്നും ലക്ഷക്കണക്കിന്ന് വർഷത്തെ ഇടവേളകളിൽ ഇത് ആവർത്തിക്കപ്പെടുമെന്നും ശാസ്ത്രലോകം പറയുന്നു. ലോക പ്രശസ്തനായ യുഗോസ്ലാവിയൻ ശാസ്ത്ര്ജ്ഞൻ മിലൂട്ടിൻ മിലങ്കോവിച്ച് (Milutin Milankovitch) ആണ് ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയത്. ഭൂമിയുടെ സ്വയം ഭ്രമണത്തേയും ഭ്രമണ പഥത്തെയും ആധാരമാക്കിയാണ് ഹിമയുഗ സിദ്ധാന്തം ആവിഷ്ക്കരിച്ചിട്ടുള്ളത്. അതിന്റെ ചുരുക്കം ഇങ്ങനെ സംഗ്രഹിക്കാം. ഭൂമിയുടെ മദ്ധ്യഭാഗം പുറത്തേക്ക് അൽപ്പം ഉന്തി നിൽക്കുകകയും ധ്രുവങ്ങൾ അൽപ്പം പതുങ്ങിയുമുള്ള ഗോളാകൃതിയാണല്ലോ. അതിനാൽ സൂര്യന്റേയും ചന്ദ്രന്റേയും ആകർഷണ ബലം ഭൂമിയിൽ എല്ലായിടത്തും ഒരുപോലെയല്ല. അതിന്റെ ഫലമായി ഒരു യുഗ്മബലം (Couple Force) ഭൂമിയുടെ മേൽ വ്യത്യസ്ത രീതിയിൽ പ്രയോഗിക്കപ്പെടുന്നു. ഈ യുഗ്മബലം ഭൂമിയുടെ ചരിഞ്ഞ അച്ചുതണ്ടിനെ ഒരു തിരിയുന്ന പമ്പരത്തിനെയെന്ന പോലെ അല്പ്പം വിറപ്പിച്ചുകൊണ്ടാണ് ചലിപ്പിക്കുന്നത് (Wobbling). അങ്ങനെ വരുമ്പോൾ ചരിഞ്ഞ അച്ചുതണ്ട് ഒരു മദ്ധ്യത്തെ ആധാരമാക്കി 26,000 വർഷത്തെ ഇടവേളകളിൽ ഒരു അയന ചലനം (Precession) പൂർത്തിയാക്കുന്നു. ഇതിനെയാണ് ന്യൂട്ടേഷൻ (Nutation) എന്ന് പറയുന്നത്. ഇതിന്റെ ഫലമായി ഭൂമിയുടെ ധ്രുവബിന്ദുക്കൾ കാലകാലങ്ങളിലായി വ്യത്യാസം സംഭവിക്കുന്നുണ്ട്. അതായത് ഭൂമിയുടെ അച്ചുതണ്ടിന്റെ അഗ്രമായ ധ്രുവബിന്ദു 26.000 വർഷം വരുമ്പോൾ ഇളകിക്കൊണ്ടുള്ള പമ്പരകറക്കത്തിന്റെ ഒരു വൃത്തം പൂർത്തിയാക്കുന്നു. അതിനാൽ ഭൂമിയുടെ ധ്രുവനക്ഷത്രവും ക്രമേണ മാറിക്കൊണ്ടിരിക്കും എന്നർത്ഥം. ഭൂമിയുടെ ചരിവ് 21.5 മുതൽ 24.5 വരെ ചരിയും. ഇപ്പോഴത്തെ ഭൂമിയുടെ ചരിവ് 23.5 ഡിഗ്രിയാണ്. അതുപോലെ ഭൂമിയുടെ സൂര്യനെ വലംവെക്കുന്ന ഭ്രമണവൃത്തം, നേരിയ തോതിൽ മാറിക്കൊണ്ടിരിക്കും. വൃത്താകൃതിയിൽ (Circular) നിന്നും കുറച്ച് വ്യത്യസ്ഥമായി ദീർഘ വൃത്താകൃതിയിലുള്ള (Elliptical) നേരിയ വ്യതിയാനങ്ങൾക്കനുസരിച്ച് ഭൂമിയിൽ ലഭ്യമാകുന്ന സൂര്യപ്രകാശത്തിന്നും സമയബന്ധിതമായി തോതു വ്യത്യാസങ്ങളുണ്ടാവുന്നു. ഇങ്ങനെയുള്ള ഗോളാന്തരീയമായ മാറ്റവും ഭൂമിയിലെ തന്നെ ഭൂഖണ്ഡ ചലനങ്ങളുടെ (Plate Tactonics) മാറ്റങ്ങളും ഭൗമഘടകങ്ങളുടെ മാറ്റവും തുടങ്ങി നിരവധി ഘടകങ്ങൾ ഒത്തുവന്നാൽ ഹിമയുഗം ആരംഭിക്കും എന്ന് ഇത് സംബന്ധിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. സമീപകാലത്ത് ആധുനിക കമ്പ്യൂട്ടർ ഉപയോഗിച്ച് അതി സങ്കീർണ്ണമായ ഗോളഗണിതത്തിന്റെ അടിസ്ഥാനത്തിൽ നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്.

ഭൂമിയുടെ ഗോളാന്തരീയ ഭ്രമണ പഥത്തിൽ എന്തെങ്കിലും ഒരു വ്യതിയാനം നേരിട്ടാൽ ഈ ഭൂമി മറ്റൊരുഭൂമിയായിത്തീരും. ഈ അനുഗ്രഹീത ഭുവന ഗ്രഹത്തിൽ ഒരു പരാദം പോലെ ഒട്ടിപിടിച്ച് ജീവിക്കുന്ന നിസ്സഹായനായ മനുഷ്യൻ ഗോളാന്തരീയ വിപത്തിനെ തിരെ എന്താണ് ചെയ്യാൻ കഴിയുക? ചലനാത്മകമായ പ്രപഞ്ച സംവിധാനത്തിൽ അതിന്നുള്ള സാദ്ധ്യതകളുണ്ടുതാനും. അങ്ങനെ സംഭവിച്ചാൽ ഭൂമിയിലെ സമുദ്രങ്ങൾ ഉറഞ്ഞ് മഞ്ഞ് കട്ടിയാവുകയും അതിശൈത്യത്താൽ ഭൂമി ജീവയോഗ്യമല്ലാതായിത്തീരുകയും ചെയ്യും. മനുഷ്യ കരങ്ങൾക്കതീതമായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽപെട്ട പ്രപഞ്ച ശക്തികളുടെ സന്തുലനാവസ്ഥയിലാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നാം ഓർക്കണം. ഖുർആൻ പറയുന്നു:

**'തീർച്ചയായും ആകാശങ്ങളേയും ഭൂമിയേയും (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങിപ്പോകാതിരിക്കാൻ അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപ്പോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചു നിർത്തുകയില്ല. നിശ്ചയമായും അവൻ സഹന ശീലനും സർവ്വദാ പൊറുക്കുന്നവനുമാകുന്നു' (അൽ ഫാത്തിർ (35: 43) (തുടരും)**

www.alislam.org

# മോക്ഷ സങ്കൽപ്പവും മനസ്സാക്ഷി സ്വാതന്ത്ര്യം

ഇസ്‌ലാമിലെ മോക്ഷ സങ്കൽപ്പം വിശാലമായ ഒരു വീക്ഷണ കോണിൽ മനസ്സിലാക്കേണ്ടതാണ്. മനസ്സാക്ഷി സ്വാതന്ത്ര്യത്തെ സം ബന്ധിച്ച് ഇത്ര സമഗ്രമായും സൂക്ഷ്മമായും മറ്റൊരു മതഗ്രന്ഥത്തിലും വിവരിച്ചു കാണില്ല.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**തീർച്ചയായും യഹൂദരോ ക്രിസ്ത്യാനികളോ സാബികളോ (ഇവരിൽ ആരായിരുന്നാലും) അല്ലാഹുവിലും അന്ത്യദിനത്തിലും യഥാർത്ഥത്തിൽ വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുന്നതായാൽ. നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടേണ്ടി വരികയില്ല. അവർ ദുഖിക്കുന്നതുമല്ല. (സൂറ: ബക്കറ 2:63)**

മുസ്‌ലിം വ്യാഖ്യാതാക്കൾ ഈ വചനത്തിന്ന് പലവിധ ഭാഷ്യങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പലതും അവർക്ക് ഇക്കാര്യത്തിലുള്ള പൂർണ്ണ ഗ്രാഹ്യതയുടെ കുറവ് വെളിവാക്കുന്നതാണ്, അതേ സമയം അമുസ്‌ലിംകളെ പൂർണ്ണമായും വിഷയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുകയും അവർ മുൻവിധിയോടെയും ശത്രുതാപരവുമായും ഈ വചനത്തെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എത്രത്തോളമെന്നാൽ ചിലർ അവരുടെ നിഷേധാത്മക വ്യാഖ്യാനത്തിൽ പ്രത്യേകം ലക്ഷ്യം വെച്ച് കൊണ്ട്. അഹങ്കാരത്തിന്റെ അങ്ങേയറ്റംവരെ പോയിരിക്കുന്നു. അവർ വിശ്വസിക്കുന്നത് എന്തെന്നാൽ അത് മനുഷ്യവംശത്തെ ഇസ്‌ലാംമതം സ്വീകരിക്കുന്ന ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അവരുടെ വ്യഖ്യാന പ്രകാരം മോക്ഷത്തിന്നുള്ള ഒരേയൊരു മാർഗ്ഗം നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യണമെന്നുമാണ്. നിങ്ങൾ യഹൂദനാണോ ക്രിസ്ത്യാനിയാണോ സാബിയനാണോ എന്ന കാര്യം പ്രശ്നമല്ല. സാബിയൻ എന്നാൽ ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് മുമ്പ് അവതരിച്ച ദൈവിക വെളിപാട് ഗ്രന്ഥങ്ങളിൽ വിശ്വസിക്കുന്നയാൾ എന്നാണ് അർത്ഥം.

മറ്റൊരർത്ഥത്തിൽ ഈ വചന പ്രകാരം മനുഷ്യവംശത്തിന്റെ മോചനത്തിന്ന് ഇസ്‌ലാം മതം അനിവാര്യമല്ല എന്നും അവർ വാദിച്ചു. ഏത് വിശ്വാസം അവലംബിച്ചാലും അവന്ന് മോക്ഷം ലഭിക്കും. ഈ വചനം വിശാലമായ രീതിയിൽ അഗാതമായ അർത്ഥം ഉൾക്കൊള്ളുന്നതാണ് എന്ന് ഗ്രഹിക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുന്നു. ഈ വചനത്തിന്റെ പ്രാധാന്യം ഗ്രഹിക്കാൻ, സമാനമായ മറ്റു ഖുർആൻ വചനങ്ങളുടെ വെളിച്ചത്തിൽ പഠനം നടത്തി ഈ വചനത്തിന്ന് തികച്ചും അനുരൂപമായ രീതിയിൽ നിഗമനത്തിലെത്തേണ്ടിയിരിക്കുന്നു.

ഈ വചനത്തിന്റെ വഴക്കം കാരണം അത് യാതൊരു ആഭ്യന്തര വൈരുദ്ധ്യങ്ങളും ഉണ്ടാക്കാതെ വിവിധ സാഹചര്യങ്ങളുള്ള പല പൊതു സന്ദർഭങ്ങളിലും ഉപയോഗിക്കാവുന്നതാണ്. ഈ വചനത്തിന്റെ യഥാർത്ഥ വ്യഖ്യാനങ്ങളിലൊന്നും തന്നെ പരസ്പര വൈരുദ്ധ്യം കാണില്ല. മാത്രമല്ല ഈ വിഷയവുമായി ബന്ധപ്പെട്ട മറ്റു വചനങ്ങളുമായും വൈരുദ്ധ്യങ്ങളുണ്ടാവില്ല. എന്നാൽ ഈ വസ്തുത വ്യക്തമായി മനസ്സിലാക്കാൻ ഈ വചനത്തെ പറ്റി വിവിധ വീക്ഷണ കോണുകളിൽ നിന്നും വിശദമായ പഠനം ആവശ്യമാണ്.

ഒന്നാമതായി ഇസ്‌ലാമിന്ന് മുമ്പുള്ള കാലഘട്ടങ്ങളിൽ ഈ വചനം ആരോപിക്കുമ്പോൾ, ഇസ്‌ലാം അല്ലാത്ത മതങ്ങളോട് തികഞ്ഞ നീതിയോടും മറ്റു

മതഗ്രന്ഥങ്ങളോട് യാതൊരു ശത്രുതയുമില്ലാതെയും പെരുമാറുന്ന സമുന്നതമായ ഒരു ഉദാഹരണം നമുക്ക് നൽകുന്നു. വിശുദ്ധ ഖുർആൻ വെളിപ്പെടുന്നതിന്ന് മുമ്പ് പൂർവ്വകാലത്തുള്ള എല്ലാ ജനങ്ങൾക്കും അവർ ഏത് പേരിലുള്ള മതത്തിൽ പെട്ടവരായാലും ശരി, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നേടത്തോളം അല്ലാഹു അവർക്ക് സമാധാനവും മോക്ഷവും വാഗ്ദാനം ചെയ്യുന്നു. അവർ ഒരിക്കലും ഭയപ്പെടുകയോ ദുഖിക്കുകയോ ഇല്ല. എന്ന് അവൻ വാഗ്ദാനം നൽകുന്നു.

ഇസ്‌ലാമിന്ന് മുമ്പുള്ള എല്ലാ പൂർവ്വിക മതവിശ്വാസങ്ങളിൽ പെട്ടവർക്കും ഈ വചനം മോക്ഷത്തെ സംബന്ധിച്ചുള്ള സുവിശേഷം നൽകുന്നു. അവർ തങ്ങളുടെ മതാദ്ധ്യാപനമനുസരിച്ച് ആത്മാർത്ഥമായി കർമ്മങ്ങൾ ചെയ്യുന്നവരും വിധിനാളിന്റെ അനിവാര്യതയെ കുറിച്ച് വിശ്വസിക്കുകയും ചെയ്യുന്നവരുമായിരിക്കും. ഈ വചനത്തിന്റെ രണ്ടാമത്തെ വശം പരിശുദ്ധ പ്രവാചകനോടൊപ്പം സമകാലത്ത് ജീവിക്കുകയും ഇസ്‌ലാമിന്റെ സന്ദേശം ലഭിക്കുകയും ചെയ്യാത്തവരാണ്. ഈ കൂട്ടരും പൂർവ്വിക സമുദായങ്ങൾ എന്ന വിഭാഗത്തിൽ പെട്ടവർ തന്നെയാണ്. എല്ലാ മനുഷ്യരും അവർ ലോകത്ത് എവിടെ താമസിക്കുന്നവരായാലും ശരി ഇസ്‌ലാമിന്റെ സന്ദേശം അവരിൽ എത്താതിരിക്കുന്ന കാലത്തോളം, അല്ലെങ്കിൽ അവർക്ക് ബോദ്ധ്യമാവുന്ന വിധം ഇസ്‌ലാമിക സന്ദേശം അവരിൽ എത്തിയിട്ടില്ലെങ്കിൽ അവരൊരിക്കലും തന്നെ തള്ളപ്പെടുന്ന പ്രശ്നമില്ല. അല്ലാഹു ഒരിക്കലും തന്നെ അവരോട് അനീതി പ്രവർത്തിക്കില്ല. നാം സൂറാ ബക്കറയിൽ കണ്ടത് പോലെ അവർ അവരുടെ മതത്തിന്റെ നിലയനുസരിച്ച് വിചാരണ ചെയ്യപ്പെടും.

**അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽ പെട്ടതല്ലാതെ ഉത്തരവാദിത്വം ഏൽപ്പിക്കുന്നില്ല. (സൂറ: ബക്കറ 2:287)**

അതായത് അവൻ അവർക്ക് രക്ഷ നൽകുകയും അവരുടെ മതമാനദണ്ഡമനുസരിച്ച് വിധിക്കുകയും ചെയ്യും.

അത്പോലെ ഈ വചനത്തിന്റെ മൂന്നാമത്തെ വശം പരിശുദ്ധ പ്രവാചകന്റെ അതേകാലത്ത് ജീവിച്ചവരും തങ്ങളുടെ മതങ്ങൾ ആചരിച്ചു കഴിയുന്നവരെ സംബന്ധിച്ചുമുള്ളതാണ്. അവർ അവരുടെ തത്വങ്ങളിൽ സത്യസന്ധമായി സ്ഥിരോത്സാഹത്തോടുകൂടി ഉറച്ചു നിൽക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ അല്ലാഹു അവരുടെ പ്രതിഫലം നിഷ്ഫലമാക്കുകയില്ല.

ഇങ്ങനെ വിശുദ്ധ ഖുർആനിൽ നിന്നും സൽക്കർമ്മങ്ങൾക്ക് രണ്ടു വിധത്തിലാണ് പ്രതിഫലം നൽകപ്പെടുക. ഒന്നാമതായി ഈ ലോകത്തും രണ്ടാമതായി മരണാനന്തരം പരലോകത്തും പ്രതിഫലം നൽകപ്പെടും. ആദ്യത്തെ വിഭാഗത്തെ പറ്റി പറയുമ്പോൾ അവരുടെ സൽക്കർമ്മങ്ങളുടെയും ആത്മാർത്ഥമായ വിശ്വാസങ്ങളുടെയും ഫലമായി ഇസ്‌ലാമിക സന്ദേശം അവരിൽ എത്തിയാലുടൻ അവർ അത് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ***'ഫലഹും അർജുഹും'*** എന്ന പ്രതിപാദനത്തിൽ ***അജർ (പ്രതിഫലം)*** എന്നതിന്റെ ഒരർത്ഥം അവരുടെ സൽക്കർമ്മം പ്രതിഫലമായി അവർ ഇസ്‌ലാമിലേക്ക് നയിക്കപ്പെടും എന്നാണ്. ഈ വ്യാഖ്യാനം ഇസ്‌ലാം മതത്തിന്റെ സ്ഥാപകൻ പരിശുദ്ധ പ്രവാചകന്റെ പൂർണ്ണ പിന്തുണയുള്ളതാണ്. ഹദ്റത്ത് ഹക്കീം ബിൻ ഹിശാം വിവരിക്കുന്നു:

***'ഞാൻ ഇസ്‌ലാം മതം സ്വീകരിക്കുന്നതിന്ന് മുമ്പ് ധാരാളം സൽക്കർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നു. ഞാൻ പാവങ്ങളെ സേവിച്ചിരുന്നു. വിശക്കുന്നവനെ ഊട്ടിയിരുന്നു. ഗതിയില്ലാത്തവരെ സഹായിച്ചിരുന്നു. ഇസ്‌ലാം മതം സ്വീകരിച്ചപ്പോൾ ഞാൻ പരിശുദ്ധ പ്രവാചകനോട് ചോദിച്ചു; അല്ലയോ പ്രവാചകരേ, ഞാൻ ഇസ്‌ലാം മതം സ്വീകരിക്കുന്നതിന്ന് മുമ്പ് ചെയ്ത സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകപ്പെടുമോ? താങ്കളുടെ ഇസ്‌ലാം മതം സ്വീകരണമാണ് താങ്കളുടെ പ്രതിഫലം.'*** *13*

മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ ഒരു വശം പരിശോധിക്കുമ്പോൾ നാം അതേ വിഷയത്തിന്റെ മറ്റൊരു വശം കൂടി പരിശോധിക്കുകയാണ്. അതായത് ഒരാൾ മറ്റൊരു മതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്നതിനെ ശക്തി ഉപയോഗിച്ചു തടയുന്നത് സംബന്ധിച്ചുള്ളതാണത്.

മതകാര്യങ്ങളിൽ നിരുപാധികവും സമ്പൂർണ്ണവുമായ സ്വാതന്ത്ര്യം അനുപമമായ രീതിയിൽ ഉയർത്തിപ്പിടിക്കുന്ന ഒരേയൊരു മതഗ്രന്ഥം വിശുദ്ധ ഖുർആൻ മാത്രമാണ്. എല്ലാ മതങ്ങളും ബലപ്രയോഗം നടത്തുന്നു എന്ന് മതമില്ലാത്തവരുടെ വളരെക്കാലത്തെ ആരോപണം ഖുർആൻ അസന്നിഗ്ദമായി നിഷേധിക്കുന്നു.

**വിശ്വാസകാര്യത്തിൽ ഒരു വിധത്തിലുള്ള ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്നും വ്യതിരിക്തമായിരിക്കുന്നു. അതിനാൽ ആർ ദുശ്ശക്തികളെ നിരാകരിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ തീർച്ചയായും അവൻ ഏറ്റവും ഉറപ്പുള്ള കൈപ്പിടിയിലാണ് പിടിച്ചിരിക്കുന്നത്. അത് ഒരിക്കലും മുറിഞ്ഞുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും നല്ലവണ്ണം അറിയുന്നവനുമാകുന്നു. (അൽബക്കറ: 2:257)**

മതകാര്യങ്ങളിൽ യാതൊരു ബലപ്രയോഗവും പാടില്ല. എല്ലാ ഓരോ വ്യക്തിക്കും ഇക്കാര്യത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഒരു മതത്തിന്നും ബലം പ്രയോഗിച്ച്

മതത്തിൽ ചേർക്കാൻ അനുവാദം നൽകിയിട്ടില്ല. അത് പ്രകാരം ഒരു വ്യക്തി മതത്തിൽ നിന്നും വിട്ട് പോകുന്നത് തടയാനും ആർക്കും അനുവാദം നൽകിയിട്ടില്ല. അതു കൂടാതെ **'ലാ ഇക്‌റാഹ ഫി ദ്ദീൻ'** എന്ന പ്രഖ്യാപനം ഒരിക്കലും മാറാത്ത മനുഷ്യ പ്രകൃതിയുടെ തത്വത്തെ പറ്റി സൂചിപ്പിക്കുന്നു. അതായത് മതകാര്യങ്ങളിൽ ശക്തി പ്രയോഗിച്ചാൽ പോലും അത് ഫലപ്രദമാവില്ല എന്നാണ് കാരണം ശക്തിപ്രയോഗം ഒരിക്കലും മനസ്സിന്റേയും ഹൃദയത്തിന്റേയും സമീപനം മാറ്റാൻ ഉതകില്ല. ബല പ്രയോഗമുപയോഗിച്ച് ഇതൊന്ന് ചെയ്തു നോക്കൂ. അത് നിഷ്ഫല മായ പീഢനമല്ലാതെ മറ്റൊന്നും സാദ്ധ്യമാക്കില്ല.

ഈ വചനത്തിൽ ശക്തി പ്രയോഗിക്കാനുള്ള അവകാശം സകല മതങ്ങൾക്കും നിഷേധിച്ചിരിക്കയാണ്. അതായത് **ദീൻ** എന്ന പദം എല്ലാ മതങ്ങൾക്കും ബാധക മായ ഒരു വാക്കാണ്. ഇസ്‌ലാമിന്ന് മാത്രം പ്രയോഗിക്കുന്ന പദമല്ല. വ്യക്തമായും മറ്റു മതങ്ങളും ബലപ്രയോഗം നിരാകരിക്കുന്നു. എന്നാൽ ചോദ്യം ഇതാണ്. അവരുടെ മത ഗ്രന്ഥങ്ങൾ ഇത്ര വ്യക്തമായി ഈ അദ്ധ്യാപനങ്ങൾ വിവരിക്കുന്നുണ്ടോ? സമാനമായ അദ്ധ്യപനങ്ങൾ പല ദിവ്യഗ്രന്ഥ ങ്ങളിലും കാണാവുന്നതാണെന്ന് ഞാൻ തത്വത്തിൽ വിശ്വസിക്കുന്നു. എങ്കിൽ തന്നെ അത് ഇത്ര സമഗ്രമായിരിക്കില്ല. ഖുർആനുമായി താരതമ്യം ചെയ്യുമ്പോൾ അവയെ ല്ലാം അപൂർണ്ണമാണ്. മാത്രമല്ല അവയെല്ലാം പിന്നീടുള്ളവർ അവരുടെ ചില വ്യക്തിപരമായ ലക്ഷ്യങ്ങൾക്ക് വേണ്ടി കൂട്ടി ചേർത്തതാകാം. എന്നാൽ അത് മറ്റൊരു വിഷയമാണ്.

വിശുദ്ധ ഖുർആനിലേക്ക് വരുമ്പോൾ ഖുർആൻ ഈ അടിസ്ഥാന തത്വം പറഞ്ഞു കൊണ്ട് നിർത്തുന്നില്ല. മറ്റെല്ലാ മതങ്ങളെയും അവർ തങ്ങളുടെ ആശയം, പ്രചരിപ്പിക്കാൻ ശക്തി പ്രയോഗിക്കുന്നു എന്ന ആരോപ ണത്തിൽ നിന്നും ഒഴിവാക്കുക യാണ് ചെയ്തത്. വിശുദ്ധ ഖുർആ ൻ പൂർവ്വിക പ്രവാചകന്മാരെയും അവരുടെ അദ്ധ്യാപനങ്ങളെയും പ്രതിപാദിക്കുകയും അവർ മനസ്സാക്ഷി സ്വാതന്ത്ര്യം ഉയർത്തി പ്പിടിക്കുന്നവരാണെന്ന് പ്രഖ്യാപി ക്കുകയും ചെയ്യുന്നു. അവർക്കെതി രായിക്കൊണ്ടാണ് എപ്പോഴും സത്യ ത്തിന്റെ എതിരാളികൾ ശക്തി ഉപയോഗിച്ച് അടിച്ചമർത്തുക. അതേ വചനം തന്നെ അവരുടെ പ്രവർത്തനത്തിന്റെ നിഷ്ഫലതയെ പറ്റി പറയുന്നു. അതിന്റെ സന്ദേശം വളരെ വ്യക്തവും ശക്തവുമാണ്. അതായത് വിശ്വാസത്തിന്റെ രംഗം ബലപ്രയോഗത്തിന്റെ മേഖലക്കപ്പുറ ത്താണ്.

വിശുദ്ധ ഖുർആനിൽ മതചരി ത്രം വിവരിച്ചുകൊണ്ട് രേഖപ്പെടു ത്തുന്നു. എപ്പോഴെല്ലാം മനുഷ്യന്റെ മാർഗ്ഗദർശനത്തിന്നായി അല്ലാഹു പ്രവാചകത്വം എന്ന സ്ഥാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ അപ്പോഴെല്ലാം രണ്ട് വിരുദ്ധ ശക്തി കൾ പരസ്പരമുള്ള തങ്ങളുടെ പോർ തുടർന്ന് വന്നിട്ടുണ്ട്. ഒരു വശത്ത് ദൈവത്തിൽ നിന്നും ദിവ്യവെളിപാട് മുഖേന മാർഗ്ഗദർ ശനം ലഭിക്കുന്ന ദൈവത്തിന്റെ ദൂതന്മാരും പ്രവാചകന്മാരും, അവർ തങ്ങളുടെ ജനതയെ അവർക്ക് ലഭിച്ച സത്യത്തിലേക്ക് ക്ഷണിക്കു ന്നു. അതേസമയം തങ്ങൾ ക്ഷണി ക്കുന്നവർക്ക് തങ്ങളുടെ സന്ദേശം നിരാകരിക്കാനോ സ്വീകരിക്കാനോ സ്വാതന്ത്ര്യമുണ്ടെന്നും പറയുന്നു. ആരുടെമേലും തങ്ങളുടെ അദ്ധ്യാ പനങ്ങൾ അടിച്ചേൽപ്പിക്കാൻ തങ്ങൾക്ക് അധികാരമില്ലെന്ന് അവർ പ്രഖ്യാപിക്കുന്നു. മാത്രമല്ല അവർ ഒരിക്കലും തന്നെ ബലപ്രയോഗ ത്തിൽ വിശ്വസിക്കുകയും ചെയ്യു ന്നില്ല. മറ്റൊരു വശത്ത് അവരുടെ എതിരാളികളാകട്ടെ അവരുടെ വിശ്വാസം പ്രഖ്യാപിക്കുക മാത്രമല്ല പ്രവർത്തിയിൽ മറ്റുള്ളവരുടെ വിശ്വാസ പ്രചാരണത്തെ ശക്തി കൊണ്ട് തടയുകയും ചെയ്യുന്നു. അവർ പ്രഖ്യാപിക്കുന്നു: നിങ്ങൾ ഞങ്ങളുടെ മതത്തെ വാദമുഖങ്ങളി ലൂടെ മാറ്റാൻ ശ്രമിക്കുന്നതിൽ നിന്നും പിന്തിരിയുന്നില്ലെങ്കിൽ നിങ്ങൾ കഠിനമായി ശിക്ഷിക്ക പ്പെടും. ആരാണോ ഞങ്ങളുടെ ആളുകളിൽ നിന്നും ഞങ്ങളുടെ മതം ഉപേക്ഷിച്ച് പുതിയ മതം സ്വീകരിക്കുന്നത് അവരോട് എല്ലാവ ർക്കും പാഠമാകുമാറ് ക്രൂരമായി പെരുമാറുന്നതായിരിക്കും.

അതായത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപന പ്രകാരം എല്ലാ സത്യപ്രവാചകന്മാരും മനസ്സാക്ഷി സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നവരാ ണ്. അതേസമയം എല്ലാ വ്യാജ എതിരാളികളും സത്യത്തിന്റെ പ്രചാരം തടയാൻ ശക്തിയും ബലപ്രയോഗവും നടത്താൻ ധൃഷ്ടരാകുന്നു. വിശുദ്ധ ഖുർആനി ൽ ഇത്തരത്തിൽ പല പ്രതിപാദന വുമുണ്ട്. ഹദ്റത്ത് ശുഐയ്ബ് (അ) നബിയെ കുറിച്ച് ഖുർആൻ പറയുന്നു:

**അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അഹങ്കരിച്ചിരുന്ന പ്രധാനി കൾ പറഞ്ഞു: 'ഓ ശുഐബ് നിന്നെയും നിന്റെ കൂടെ വിശ്വസി ച്ചവരെയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്ന് ബഹിഷ്ക്കരിക്കുക തന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് വരുക തന്നെ വേണം.' അദ്ദേഹം പറഞ്ഞു: 'എന്ത്, ഞങ്ങൾ അതിനെ വെറുക്കു ന്നവരാണെങ്കിൽ പോലും (ഞങ്ങ ളെ പുറത്താക്കുമോ)' (അഅ്റാഫ്. 7:89)**

മറ്റു വാക്കുകളിൽ പറഞ്ഞാൽ ശുഐബ് (അ) യോട് പറയപ്പെട്ടത്: 'നിങ്ങൾ ഞങ്ങളുടെ മതം വിട്ടു പോകുകയാണെങ്കിൽ നിങ്ങളെ ഞങ്ങളുടെ രാജ്യത്ത് കഴിയാൻ അനുവദിക്കില്ല.' ഇത് കേട്ടപ്പോൾ അദ്ദേഹം ലളിതമായി പറഞ്ഞു. 'ഞങ്ങൾ അതിന്ന് തയ്യാറായില്ലെ ങ്കിൽ പോലും?' ഹദ്റത്ത് ശുഐയ്

ബ് നബി (അ) ഈ കഴമ്പുള്ള പ്രസ്താവന എതിരാളികളുടെ വെല്ലുവിളിക്കുള്ള വിവേക പൂർണ്ണ വും മൂർച്ചയേറിയതുമായ മറുപടി യായിരുന്നു.

ഒരാൾക്ക് ഒരു പ്രത്യേക മതത്തോട് വിരക്തി തോന്നുക യാണെങ്കിൽ അയാളെ പുറത്താക്കു മെന്ന് ഭീഷണിപ്പെടുത്തി അതേ മതത്തിലേക്ക് തന്നെ തിരിച്ചു കൊണ്ടുവരാൻ സാദ്ധ്യമല്ല. ഭീഷ ണി ആളുകളെ കപട വിശ്വാസി കളാക്കി തീർക്കും. ആ ഭീഷണി കൾക്ക് അവരുടെ ഉള്ളിലെ വിശ്വാസത്തിന്ന് ഒരു മാറ്റം കൊണ്ട് വരിക സാദ്ധ്യമല്ല. ആളുകളെ ഒരിക്കലും നിർബന്ധിച്ച് മതത്തിൽ ചേർക്കാൻ സാദ്ധ്യമല്ല. അവരെ വശീകരിക്കാനുള്ള (പഴയ മതത്തി ലേക്ക്) ഒരേയൊരു വഴി യുക്തി യും ന്യായവും ഉപയോഗിച്ച് അവരുടെ നിഷേധത്തിന്ന് കാരണ മായ കാര്യങ്ങൾ നീക്കം ചെയ്യുക എന്നതാണ്. ഭൗതിക ശക്തികൊണ്ട് ആളുകളുടെ വിശ്വാസം മാറ്റിയെടു ക്കാൻ സാദ്ധ്യമല്ല.

ഇത് പോലെയുള്ള പെരുമാറ്റം തങ്ങളുടെ ശത്രുക്കളുടെ കരങ്ങളാ ൽ അനുഭവിച്ച മറ്റു പ്രവാചകന്മാ രെക്കുറിച്ചും വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു. ഓരോ വിവരണ ങ്ങളിലും അടിസ്ഥാന കഥ ഒന്നു തന്നെയാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് നൂഹ് (അ), ഹദ്റത്ത് ഇബ്റാഹിം (അ), ഹദ്റത്ത് ലൂത്ത് (അ), ഹദ്റത്ത് ഹൂദ് (അ), ഹദ്റത്ത് സാലിഹ് (അ) എന്നീ പ്രവാചകന്മാ രെ പറ്റിയും വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു. ഈ പട്ടിക ചെറുതാണ്. വാസ്തവത്തിൽ ഈ വിഷയത്തിൽ വിശുദ്ധ ഖുർആൻ എല്ലാ പ്രവാചകന്മാരെയും പൊതു വേ അവരുടെ നാമം പരാമർശിക്കാ തെ പ്രതിപാദിക്കുന്നുണ്ട്. ചരിത്ര ത്തിൽ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ച ആ പ്രവാചകന്മാരാരും തന്നെ വിശ്വാസത്തിന്റെ കാര്യത്തി ൽ നിർബന്ധം ചെലുത്താൻ പറഞ്ഞിട്ടില്ല എന്ന് വ്യക്തമായി പറയുന്നു. അറ്റമില്ലാത്ത പീഢന ങ്ങളുണ്ടായിട്ടും മനസ്സാക്ഷി സ്വാതന്ത്ര്യം എന്ന അടിസ്ഥാന തത്വത്തിൽ പിടിച്ചു നിൽക്കുകയു ണ്ടായി. ഒരു സ്വേച്ഛാദിപതി എപ്പോഴെങ്കിലും മറ്റുള്ളവരുടെ വിശ്വാസം ബലം പ്രയോഗിച്ച് മാറ്റാൻ ശ്രമിച്ചെങ്കിൽ എന്ത് വലിയ ത്യാഗങ്ങൾ സഹിച്ചും അവരുടെ മൗലികാവകാശങ്ങൾ പ്രതിരോധി ക്കാനും സംരക്ഷിക്കാനും അവർ തയ്യാറാകും.

മതപരിത്യാഗത്തിന്റെ ശിക്ഷ യിലേക്ക് പോകുമ്പോൾ താഴെ പറയുന്ന ദൂരവ്യാപകമായ അർത്ഥ ധ്വനികളുള്ള ഖുർആനിക വാക്യങ്ങ ൾ ശ്രദ്ധിക്കുക.

**അവിശ്വസിച്ചവർ തങ്ങളുടെ ദൈവ ദൂതന്മാരോട് പറഞ്ഞു: ഞങ്ങൾ തീർച്ചയായും നിങ്ങളെ ഞങ്ങളുടെ നാട്ടിൽ നിന്നും പുറത്താക്കും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിൽ തിരിച്ചു വരികതന്നെ വരണം. നിശ്ചയമാ യും നാം അക്രമികളെ നശിപ്പിക്കു ക തന്നെ ചെയ്യുമെന്ന് അവരുടെ നാഥൻ അവർക്ക് ദിവ്യസന്ദേശം നൽകി. (സൂറ: ഇബ്റാഹിം. 14: 14)**

ജന്മഗേഹത്തിൽ നിന്നുള്ള ബഹിഷ്ക്കരണം കൂടാതെ പുതിയ മതാനുയായികൾ അവരുടെ മതപരിത്യാഗം എന്ന കുറ്റത്തിന്ന് മറ്റു കഠിനമായ ശിക്ഷകൾക്ക് കൂടി വിധേയമാവുന്നു. ഈ ഒരു കുറ്റത്തിന്ന് ഹദ്റത്ത് ഇബ്രാഹിമിന്ന് (അ) പ്രതിയോഗികൾ നിർദ്ദേശിചത് വധശിക്ഷയാണെന്ന് മാത്രമല്ല അത് അങ്ങേയറ്റം ക്രൂരമായ രീതിയിൽ നടപ്പാക്കണമെന്നും അവർ നിഷ്ക്ക ർശിച്ചു. അല്ലാഹു വിശുദ്ധ ഖുർആ നിൽ പറയുന്നു:

**നിങ്ങൾ വല്ലതും ചെയ്യാനുദ്ദേ ശിക്കുന്നുവെങ്കിൽ ഇവരെ ചുട്ടെരി ച്ച് നിങ്ങളുടെ ദൈവങ്ങളെ സഹാ യിക്കുക. (സൂറ: അൽ അംബിയ 21:69)**

ഫിർഔൻ അദ്ദേഹത്തിന്റെ മതത്തിൽ നിന്നും പിന്തിരിഞ്ഞവരെ പീഢിപ്പിക്കാൻ പലവിധ പീഢനോ പാധികളും ഉപായങ്ങളും കണ്ടെ ത്തി. മൂസ്സ(അ) യുടെ മതത്തിൽ ചേർന്നവരെ താഴെ പറഞ്ഞ പ്രകാ രം ശിക്ഷകൊണ്ട് ഭീഷണിപ്പെടുത്തി.

**അവൻ (ഫിർഔൻ ) പറഞ്ഞു: ഞാൻ നിങ്ങൾക്ക് അനുമതി നൽകുന്നതിന്ന് മുമ്പായി നിങ്ങൾ അവനെ (മൂസാ(അ)) വിശ്വസിച്ചു വോ? (ഇപ്പോൾ കാര്യം മനസ്സിലാ യി) തീർച്ചയായും നിങ്ങൾക്ക് മാന്ത്രിക വിദ്യ അഭ്യസിപ്പിച്ച നിങ്ങളുടെ നേതാവാണിവൻ. അത്കൊണ്ട് തീർച്ചയായും ഞാൻ നിങ്ങളുടെ കൈകളും കാലുകളും വിപരീത ഭാഗത്ത് നിന്ന് മുറിക്കുക യും ഇത്തപ്പന തടികളിൽ നിങ്ങളെ ബന്ധിച്ചു ക്രൂശിക്കുകയും ചെയ്യു ന്നതാണ്. നമ്മിൽ ആരാണ് ഏറ്റവും കടുത്തതും നീണ്ടു നിൽക്കുന്നതു മായ ശിക്ഷ നൽകുന്നവനെന്ന് തീർച്ചയായും നിങ്ങൾ അറിയും. (സൂറാ: താഹാ. 20: 72)**

കേവല നീതിയെ സംബന്ധിച്ച വിശുദ്ധ ഖുർആന്റെ ആശയം എല്ലാ സാഹചര്യങ്ങളിലും ഒരു പോലെ പ്രായോഗികമാണ്. മതകാര്യങ്ങളിൽ ബലപ്രയോഗം ആകാമെന്ന വ്യാജ സങ്കൽപ്പം തകർത്തതോടെ എല്ലാ പ്രവാചക ന്മാരെ സംബന്ധിച്ചും തങ്ങളുടെ മതത്തിലേക്ക് നിർബന്ധപൂർവ്വം ആളെ ചേർക്കുന്നു എന്ന ആരോപ ണത്തിൽ നിന്നും അവർ കുറ്റവിമു ക്തരായിരിക്കുന്നു. അങ്ങനെ സമാധാന പൂർവ്വം മതപ്രചരണം നടത്തുന്നവരോട് നീതിപൂർവ്വം വർത്തിക്കണമെന്ന് കൂടി ഖുർആൻ പറയുന്നു.

പരമ ശക്തനായ ദൈവത്തെ സംബന്ധിച്ച് ഖുർആൻ മുന്നോട്ടു വെക്കുന്ന ഏറ്റവും ശക്തമായ വാദം അവൻ (ദൈവം) സത്യം സ്വീകരിക്കാൻ ആളുകളെ നിർബ ന്ധിക്കാൻ തീരുമാനിച്ചെങ്കിൽ ശരിയും തെറ്റും തിരഞ്ഞെടുക്കാനു ള്ള അവസരം നൽകാതെ ദൈവ ത്തിന്ന് യാതൊരു ബലവും

പ്രയോഗിക്കാതെ എളുപ്പത്തിൽ അത് നിർവ്വഹിക്കാമായിരുന്നു. ശരിയുടെയും തെറ്റിന്റേയും അസ്തിത്വമുണ്ടാകുകയും അതിൽ നിന്ന് രണ്ടിലൊന്ന് തിരഞ്ഞെടുക്കാൻ മനുഷ്യന്ന് അവസരം നൽകുകയും ചെയ്തതിനാൽ ബലപ്രയോഗം എന്നത് ദൈവത്തിന്റെ പദ്ധതിയിലില്ലാത്ത കാര്യമാണ് എന്ന കാര്യം അവി തർക്കിതമാണ്. ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നു:

**നിന്റെ നാഥന്റെ ഇച്ഛ (നിർബന്ധ പൂർവ്വം നടപ്പാക്കാൻ) ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ. എന്നിരിക്കെ ആളുകൾ വിശ്വാസികളായിരിക്കുന്നതിന്നായി നീ അവരെ നിർബന്ധിക്കുകയാണോ? (സൂറ:യൂനുസ് 10:100)**

ചില മുസ്‌ലിം മതപണ്ഡിതന്മാർ ഇക്കാര്യത്തിൽ പുലർത്തുന്ന അഭിപ്രായം, പരിശുദ്ധ പ്രവാചകനു മുമ്പ് ഒരു പ്രവാചകനും വിശ്വാസത്തിന്റെ കാര്യത്തിൽ നിർബന്ധിക്കാൻ അനുവാദം നൽകപ്പെട്ടിട്ടില്ല, എന്നാൽ പരിശുദ്ധ പ്രവാചകന്ന് തന്റെ ഔന്നത്യവും മികവും മറ്റു പ്രവാചകന്മാർക്ക് മുകളിൽ തെളിയിക്കാൻ നിർബന്ധിക്കാനുള്ള അവകാശം നൽകിയിട്ടുണ്ട് എന്നാണ്. വ്യക്തമായും ഈ വാദം അത്യന്തം പ്രതിലോമകരമാണ്. പരിശുദ്ധ പ്രവാചകൻ തനിക്ക് മുമ്പ് പദവിയിൽ താഴെയുള്ള എല്ലാ പ്രവാചകന്മാരെക്കാളും മനസ്സാക്ഷി സ്വാതന്ത്ര്യം ഉയർത്തിപ്പിടിച്ചെങ്കിൽ വിവേകം ആവശ്യപ്പെടുന്നത് പരിശുദ്ധ പ്രവാചകനും ഈ മഹത്തായ മാർഗ്ഗദർശനം പൂർവ്വിക പ്രവാചകന്മാരേക്കാൾ അത്യുന്നതിയിൽ ഉയർത്തിപ്പിടിക്കണമെന്നാണ്. മനസ്സാക്ഷി സ്വാതന്ത്ര്യത്തിന്റെ വിഷയത്തിൽ എല്ലാ പ്രവാചകന്മാരെക്കാളും നന്നായി പ്രവർത്തിച്ച കളങ്കരഹിതനായ പരിശുദ്ധ പ്രവാചകനെ സംബന്ധിച്ചേടത്തോളം അത്യന്തം ഹീനവും വിവേകശൂന്യവുമായ ഒരു ആരോപണമാണിത്. യഥാർത്ഥത്തിൽ വിശുദ്ധ പ്രവാചകന്റെ ശക്തി പ്രയോഗിക്കാനുള്ള കഴിവാണ് ഇവിടെ നിഷേധിക്കുന്നത്. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു:

**അതിനാൽ നീ ഉപദേശിക്കുക. നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല. എന്നാൽ വല്ലവനും പിന്തിരിഞ്ഞുപോവുകയും നിരാകരിക്കുകയും ചെയ്യുന്നതായാൽ അവനെ അല്ലാഹു കഠിനമായി ശിക്ഷിക്കുന്നതാണ്. അവരുടെ മടക്കം നമ്മുടെ അടുക്കലേക്ക് തന്നെയാകുന്നു. എന്നിട്ട് അവരുടെ കണക്ക് വിചാരണയും നമ്മുടെ ബാദ്ധ്യത തന്നെ. (88: 22-27)**

ഈ അലംഘനീയമായ തത്വം പാലിക്കുമ്പോൾ സത്യവിശ്വാസത്തിലേക്ക് ആരെയും കൊണ്ടുവരാൻ ഒരു പ്രവാചകനും നിർബന്ധം ചെലുത്തേണ്ട ആവശ്യമില്ല. ആരെങ്കിലും ദൈവത്തിന്റെയോ സത്യവിശ്വാസത്തിന്റെയോ പേരിൽ ഈ തത്വം ലംഘിക്കാനാഗ്രഹിക്കുന്നുവെങ്കിൽ ദൈവത്തിന്റെ വിനീതരായ ഒരു ദാസൻ പോലും കൈകൊള്ളാത്ത ഈ ലംഘനങ്ങൾ വ്യാജ ദൈവ നിർമിതിയാണെന്ന് പറഞ്ഞ് തള്ളപ്പെടേണ്ടതാണ്.

ഒരു സത്യമതത്തിന്നും മനുഷ്യമനസ്സാക്ഷിക്കെതിരായ കുറ്റകൃത്യം നിർവ്വഹിക്കുന്നത് തങ്ങളുടെ വരവിൽവെക്കാൻ സാധ്യമല്ല. അതിന്ന് ഉത്തരവാദികൾ മത പൗരോഹിത്യമാണ്. അവർ ദിവ്യമായ അദ്ധ്യാപനങ്ങളെ ദൈവത്തിന്റെ പേരിൽ തങ്ങളുടെ കാര്യലാഭത്തിന്ന് വേണ്ടി വളച്ചൊടിക്കുന്നത് കൊണ്ടാണ് മതത്തിന്റെ പേരിൽ കുറ്റകൃത്യങ്ങളുണ്ടാവുന്നത്. അവർ സ്വയം തന്നെ ദൈവം സൃഷ്ടിച്ച ജീവനെ പോലും ഉന്മൂലനം ചെയ്യാനുള്ള ലൈസൻസ് സമ്പാദിച്ചിരിക്കയാണ്. വിശുദ്ധ ഖുർആൻ എല്ലാ മതങ്ങളെയും ഇക്കാര്യത്തിൽ സംരക്ഷിച്ചിരിക്കയാണ്. പൗരോഹിത്യത്തിന്റെ പിൽക്കാലത്തുണ്ടായ ഇത്തരം എല്ലാ ദുഷിപ്പുകളിൽ നിന്നും വ്യാജ ആരോപണങ്ങളിൽ നിന്നും മതങ്ങളെ വിശുദ്ധ ഖുർആൻ മോചിപ്പിച്ചിരിക്കുകയും ചെയ്തിരിക്കുന്നു.

*(Absolute Justice Kindness and Kinship- Hadrath Mirza Tahir Ahamd. വിവ: എ.എം)*

# കൊറോണ ഗൃഹവൈദ്യം

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

കൊറോണാ വൈറസിൽ നിന്നും രക്ഷപ്പെടുന്നതിന്ന് ഭരണകൂടവും അധികൃതരും നിർദ്ദേശിച്ചിട്ടുള്ള അലോപതി ഹോമിയോപ്പതി ചികിത്സകൾക്കും മറ്റു നിർദ്ദേശങ്ങൾക്കും പുറമെ താഴെപറയുന്ന വൈദ്യവിധികളും സ്വീകരിക്കാവുന്നതാണ് എന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നിർദ്ദേശിക്കുകയുണ്ടായി.

1. ഒരു ടീസ്പൂൺ തേനിൽ ഒരു നുള്ള് ഇഞ്ചി നീര് ചേർത്ത് ദിവസവും രാവിലെയും വൈകുന്നേരവും കഴിക്കുക.

2. ഒരു ടീസ്പൂൺ ഒലീവ് എണ്ണയിൽ ഒരു നുള്ള് മഞ്ഞൾ പൊടി ദിവസവും രാവിലെയും വൈകുന്നേരവും കഴിക്കുക.

*- മൗലവി ശബീൽ അഹ്മദ്*

ഭാഗം – 6

# പുത്തൻ നിരീശ്വരവാദം:
## അന്ധമായ വിശ്വാസവും നിഴൽ പ്രപഞ്ചവും

നവ നാസ്തികർ ആരംഭിച്ച യുക്തി വിചിന്തനങ്ങളും വൈഷണിക സംവാദങ്ങളും പ്രപഞ്ചാസ്തിത്വത്തിന്റെ നിഗൂഢ യാഥാർത്ഥ്യങ്ങൾക്ക് യാതൊരു ഉത്തരവും നൽകുന്നില്ല. അയുക്തികമായ ദൈവനിഷേധത്തിന്റെ വൈകാരികത ഉത്തേജിപ്പിക്കാനുള്ള പൊള്ളയായ വാചക കസറത്തുകൾ മാത്രമാണതെല്ലാം.

സബാഹത്ത് അലി രജ്പുത്, മിഷണറി, മെക്സിക്കോ

പരിഭാഷ: താരിഖ് അലനല്ലൂർ

“തെളിവുകളുടെ താങ്ങില്ലാത്ത വിശ്വാസം ഒരു മാരകായുധമാകുന്നു” റിച്ചാർഡ് ഡോക്കിൻസ് (Richard Dawkins)

“കാഴ്ചയുണ്ടായിട്ടും ദർശനങ്ങളില്ലാത്തതാണ് അന്ധതയെക്കാൾ മോശമായ ഏകകാര്യം-” ഹെലൻ കെല്ലർ (Helen Keller)

പ്രായോഗികവും ന്യായയുക്തവും വിവേകപൂർണവുമായ തെളിവുകൾ ഇല്ലാത്ത ഒരു വിശ്വാസം സ്വീകരിക്കാനാണ് ഇസ്ലാം പ്രേരിപ്പിക്കുന്നതെന്ന ആക്ഷേപമാണ് ഇസ്‌ലാമിനെതിരെ നിരന്തരമായി വർഷിച്ചുപോരുന്നത്. ‘മിഥ്യയായ ദൈവം (The God Delusion)’ എന്ന തന്റെ ഗ്രന്ഥത്തിൽ പ്രൊഫസർ ഡോക്കിൻസ് ഇപ്രകാരം എഴുതുന്നു:

“പ്രകൃതിക്കും ഭൗതികലോകത്തിനും പുറമെ ഒന്നും തന്നെയില്ലെന്ന് വിശ്വസിക്കുന്ന ഒരുവനാണ് നിരീശ്വരവാദി.”(Richard Dawkins, The God Delusion, Page 15, Bantam Press [2006])

വിസ്മയകരമെന്ന് പറയട്ടെ, അദൃശ്യമായതിലുള്ള (പ്രത്യക്ഷത്തിൽ കാണാനും സ്പർശിക്കാനും സാധിക്കാത്തവ) വിശ്വാസത്തിന്റെ ഏറ്റവും വലിയ വക്താവ് ശാസ്ത്രമാണെന്ന് മറന്നുപോവത്തക്ക വിധത്തിൽ ‘അന്ധമായ വിശ്വാസ‘ ത്തെ എതിർക്കുന്നതിൽ വ്യാപൃതരാണവർ. എല്ലാ തലങ്ങളിലുമുള്ള ശാസ്ത്രാന്വേഷണങ്ങളിലും ഈ വിശ്വാസം അനിവാര്യമാണെന്നതാണ് വാസ്തവം. പ്രായോഗികമായ തെളിവുകളോ, വാദഗതികളോ ഇല്ലാത്ത അന്ധമായ വിശ്വാസത്തെ തിരസ്കരിക്കുകയെന്നത് തന്നെയാണ് ഇസ്‌ലാമിന്റെ സ്പഷ്ടമായ അധ്യാപനം.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) വ്യക്തമാക്കുന്നു:

‘ചില എതിരാളികളായ നിരൂപകർ പറയുന്നത് പോലെ, ഖുർആനിലെ ’ഗൈബ്’ എന്ന പദം സാങ്കൽപികവും അയഥാർത്ഥവുമായ ഒന്നിനെയല്ല സൂചിപ്പിക്കുന്നത്. മറിച്ച്, യാഥാർത്ഥവും തെളിയിക്കപ്പെട്ടതുമായ അദൃശ്യമായതിനെയാണ് സൂചിപ്പിക്കുന്നത്. (വിശുദ്ധ ഖുർആൻ 49:19, 32:07) അതിനാൽ, ചില നിഗൂഢമായ വിശ്വാസങ്ങൾ അനുയായികളിൽ അടിച്ചേൽപ്പിച്ചുകൊണ്ട്, അവയിൽ അന്ധമായി വിശ്വസിക്കാൻ ക്ഷണിക്കുന്ന ഒരു മതമായി ഇസ്‌ലാമിനെ അനുമാനിക്കുന്നത് തെറ്റാണ്.‘

തുടർന്ന് വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പറയുന്നു:

‘മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളുടെ ഗ്രഹണശേഷിക്കപ്പുറത്തുള്ളതും, എന്നാൽ അനുഭവത്തിലൂടെയും യുക്തിയിലൂടെയും തെളിയിക്കാൻ സാധിക്കുന്നതുമായതിനെ സൂചിപ്പിക്കുന്ന പദമാണ് ’ഗാഇബ്’. മനുഷ്യേന്ദ്രിയങ്ങൾക്ക് അതീതമായവയെല്ലാം യുക്തിഹീനങ്ങളാവണമെന്നില്ല. വിശ്വസിക്കാനായി മുസ്‌ലിങ്ങൾ ക്ഷണിക്കപ്പെടുന്ന അദൃശ്യങ്ങളൊന്നും തന്നെ യുക്തിക്കതീതമായവയുമല്ല.‘(The English 5 Volume Commentary, Volume 1, Page 32-33)

വിവിധ കാലങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് അദൃശ്യങ്ങളായവയുടെ സ്വഭാവത്തെപ്പറ്റി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ഇപ്രകാരം വിവരിക്കുന്നു:

'ഭൂതം, വർത്തമാനം, ഭാവി എന്നീ കാലഘട്ടങ്ങളുമായി ബന്ധപ്പെട്ട ഗോചരീയ (Visible) വസ്തുക്കളെക്കുറിച്ചുള്ള എല്ലാ മറഞ്ഞു നിൽക്കുന്ന ജ്ഞാനങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, അസ്തിത്വത്തിലുള്ള ഒരു വസ്തുവിനെപ്പറ്റി ഒരു നിശ്ചിത കാലഘട്ടത്തിൽ നാം അറിയുന്നില്ല. മറ്റൊരു കാലഘട്ടത്തിൽ നമുക്കത് അറിയുവാനും സാധിക്കുന്നു. അത്കൊണ്ട് നാം അത്തരത്തിലുള്ള വസ്തുവിലും വിശ്വസിക്കേണ്ടത് ആവശ്യമായി വരുന്നു. ഈ വിശ്വാസത്തെ നമുക്ക് അന്ധവിശ്വാസമെന്ന് പറയുവാൻ സാധിക്കില്ല. അനിഷേധ്യമായ തെളിവുകളുടെ പിൻബലമില്ലാത്ത യാതൊന്നിലും വിശ്വസിക്കാൻ ഖുർആൻ വിശ്വാസികളോട് ആവശ്യപ്പെടുന്നില്ല. അതിനാൽ യുക്തി വിചിന്തനത്തിലൂടെയും കാര്യകാരണ ചിന്തകളിലൂടെയും താർക്കിക നിഗമനങ്ങളിലൂടെയും കണ്ടെത്താവുന്ന കാര്യങ്ങൾ മാത്രമാണ് 'അദൃശ്യം' എന്നത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. എന്നാൽ, അവയുടെ അസ്തിത്വത്തെപ്പറ്റി യാഥാർഥ്യമാണെന്ന് സ്ഥിരീകരിക്കാൻ സാധിക്കുന്നതുമായ അസ്തിത്വത്തെയാണ് അദൃശ്യം എന്ന് നിർവചിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അദൃശ്യങ്ങളിൽ വിശ്വസിക്കുകയെന്ന ഈ ഖുർആനിക ഉത്തരവിനാധാരമായ അടിസ്ഥാന തത്ത്വങ്ങൾ പൂർണമായും മനുഷ്യന്റെ അനുഭവജ്ഞാനം കൊണ്ട് ശക്തമാക്കപ്പെട്ടവതന്നെയാണ്.' (വെളിപാട് യുക്തി ജ്ഞാനം സത്യം പേജ് 421–422)

## അദൃശ്യങ്ങളുടെ പിന്തുണയില്ലാത്ത ശാസ്ത്രം അന്ധമാണ്

'അജ്ഞാതമായവയെ അന്വേഷിക്കുമ്പോൾ അനിശ്ചിതത്വത്തോടുള്ള സഹിഷ്ണുത അനിവാര്യമാണെ' ന്നാണ് പ്രശസ്ത ഭൗതികശാസ്ത്രജ്ഞനും, 'മനോഹരപ്രപഞ്ചവും ലോകത്തിന്റെ സൃഷ്ടിപ്പും (The Elegant Universe and Fabric of the Cosmos) എന്ന ഗ്രന്ഥത്തിന്റെ കർത്താവുമായ ബ്രയാൻ ഗ്രീൻ (Brian Greene) നിരീക്ഷിക്കുന്നത്.

നേരിട്ട് നിരീക്ഷിക്കാൻ സാധ്യമല്ലാത്തതിന്റെ പേരിൽ ഒരു വിജ്ഞാനവും ദുർബലപ്പെട്ട് പോകുന്നില്ല. മനുഷ്യന്റെ പൂർണ സ്ഥിതിയിൽ പോലും അനന്തതയെ ഗ്രഹിക്കാനോ ഉൾക്കൊള്ളാനോ സാധിക്കാത്തവിധം പരിമിതമാണ് അവന്റെ ഗ്രഹണശേഷി. സാങ്കേതികവിദ്യയുടെ സഹായമില്ലാതെ ഒരു സൂക്ഷ്മജീവിയെപ്പോലും കാണാൻ സാധ്യമല്ലാത്തവിധം മനുഷ്യൻ ഒതുക്കപ്പെട്ടിരിക്കുന്നു.

ഹസ്രത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഇപ്രകാരം പറയുന്നു:

'അജയ്യമായ വാദഗതികളാൽ അസ്തിത്വം തെളിയിക്കപ്പെട്ടതും, എന്നാൽ അദൃശ്യമായതുമായ ഒരുപാട് കാര്യങ്ങൾ ലോകത്തുണ്ട്. ആർക്കും തന്നെ അവയുടെ നിലനിൽപ്പിനെ എതിർക്കുക സാധ്യമല്ല. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളാൽ ഗ്രഹിക്കാൻ സാധിക്കാത്ത ശക്തിയാണ് ദൈവം.' (The English 5-Volume Commentary, Vol. 1, p. 33)

## ഇരുണ്ടദ്രവ്യത്തിന്റെ (Dark Matter) നിഗൂഢത

'ഇരുപത്തൊന്നാം നൂറ്റാണ്ടിലെ അത്ഭുത സാങ്കേതികവികസനങ്ങൾക്കുമപ്പുറം, നാസയിലെ ഏറ്റവും ബഹുമാന്യരായ ശാസ്ത്രജ്ഞർ പോലും വിശ്വസിക്കുകയും ഗൗരവമായി അന്വേഷിക്കുകയും ചെയ്യുന്ന ഒന്നാണ് 'നിഴൽ പ്രപഞ്ചം (Shadow Universe)'.' ("The First Glimpse of the Shadow Universe Around Us", National Geographic, January 2015)

ഇന്ന് ലഭ്യമായ എല്ലാ ആധുനിക നിരീക്ഷണോപകരണങ്ങൾ ഉപയോഗിച്ചു നിരീക്ഷിച്ചിട്ട് പോലും ഗോചരപ്രപഞ്ചത്തിന്റെ (ദർശനയോഗ്യമായ പ്രപഞ്ചം) 5% മാത്രമേ നമുക്ക് കണ്ടെത്താൻ സാധിച്ചിട്ടുള്ളൂവെന്നത് സ്ഥാപിതമായ വസ്തുതയാണ്. ഗോചരപ്രപഞ്ചത്തിൽ ഇനിയുമൊരുപാട് കണ്ടെത്താനുണ്ടെന്ന വസ്തുത അംഗീകരിക്കാത്ത ഒരു ശാസ്ത്രജ്ഞനെപ്പോലും നമുക്ക് കാണുക സാധ്യമല്ല. അങ്ങനെയുണ്ടെങ്കിൽത്തന്നെ, 'നിലനിൽക്കുന്നില്ലാ' യെന്ന് അവർക്ക് ഉറപ്പുള്ള കാര്യത്തെ അന്വേഷിക്കാൻ അവർ ഒരിക്കലും തുനിയുമായിരുന്നില്ല. നിഗമനങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന യുക്തമായ തെളിവുകളും ഇത്തരം നിഷ്പക്ഷാന്വേഷണങ്ങൾക്ക് കരുത്തുപകരുന്നുണ്ടെന്നതാണ് ശാസ്ത്രരീതിയുടെ കാതൽ.

സ്റ്റാൻഫോർഡ് സർവകലാശാലയുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്വിറ്റ്സർലാന്റിലെ സേൺ (CERN) പരീക്ഷണശാലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം പരിശോധിക്കാം:

'പ്രപഞ്ചത്തിന്റെ അദൃശ്യഭൂരിപക്ഷത്തിൽ 27% ഇരുണ്ടദ്രവ്യവും (Dark Matter) 68% ഇരുണ്ട ഊർജവുമാണ് (Dark Energy). രണ്ടും നിഗൂഢതകളായിത്തന്നെ നിലനിൽക്കുന്നു. ഇവ എന്താണെന്ന ധാരണയില്ലെങ്കിൽപോലും, പ്രപഞ്ചത്തിലെ ഒരു വലിയ ഭാഗമായ ഗാലക്സികളുടെ അടിത്തറയും, തിളങ്ങുന്ന പ്രതലവും സൃഷ്ടിക്കപ്പെട്ടത് ഇരുണ്ടദ്രവ്യത്തിന്റെ

സാന്നിധ്യം മൂലമാണെന്നാണ് കരുതപ്പെടുന്നത്. അതിനേക്കാൾ നിഗൂഢമായതാണ് ഇരുണ്ട ഊർജം. പ്രപഞ്ചവികസനത്തിന്റെ നിരക്കിനെ ത്വരിതപ്പെടുത്തുന്നതിന് കാരണമായ അജ്ഞാതമായ ഊർജത്തെയാണ് ഇരുണ്ട ഊർജമെന്ന് വിളിക്കുന്നത്. പ്രപഞ്ചത്തിന്റെ ബൃഹത്തായ സ്വഭാവങ്ങളിൽ നമുക്ക് അറിയാത്തവയെയെല്ലാം പൊതുവായി വിശേഷിപ്പിക്കാനുള്ള വാക്കാണ് 'ഇരുണ്ട ഊർജം'.

സൂപ്പർസിമ്മട്രി ക്വാണ്ടം ഭൗതികശാസ്ത്രത്തിൽ (super-symmetric quantum physics) പ്രവർത്തിക്കുന്ന സൈദ്ധാന്തിക ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞ ചില അദൃശ്യദ്രവ്യങ്ങളിൽ ചിലതെങ്കിലും ഇരുണ്ടദ്രവ്യം ആയിരിക്കുമെന്ന് കരുതുന്നു. 'ഒരു സെക്കൻഡിൽ കോടിക്കണക്കിന് ഇരുണ്ടദ്രവ്യം മനുഷ്യനെ കടന്ന് പോവുന്നുണ്ടെങ്കിൽക്കൂടിയും അവയുടെ അകൽച്ചാസ്വഭാവം അവയെ കണ്ടെത്തുന്നതിലെ ഏറ്റവും വലിയ വെല്ലുവിളിയായി നിലനിൽക്കുന്നു.' (ibid)പ്രകടവും പ്രായോഗികവുമായ തെളിവുകൾ നൽകാൻ സാധിക്കാത്തതും, നിലനിൽക്കുന്നുണ്ടെന്ന ബോധ്യമുള്ളതും, നിഗൂഢവും പിടികൊടുക്കാത്തതുമായി നിലകൊള്ളുന്ന ഈ ഊർജസ്രോതസ്സിനെ (ഇരുണ്ട ദ്രവ്യം) മനസിലാക്കാനുള്ള ബഗീരഥപ്രയത്നങ്ങൾ 1930 കളിൽ ആരംഭിച്ച് ഇന്നും തുടർന്ന് കൊണ്ടേയിരിക്കുന്നു. എന്നിരുന്നാലും, തങ്ങളുടെ ഉപകരണങ്ങളുടെ കൃത്യത വർധിപ്പിക്കുകയും, കൂടുതൽ സമയം ചെലവഴിക്കുകയും, കൂടുതലായി പണവും ബുദ്ധിയും നിക്ഷേപിക്കുകയും ചെയ്താൽ നല്ല ഫലം ലഭിക്കുമെന്ന പ്രതീക്ഷ വെച്ചുപുലർത്തി അന്വേഷണത്തിൽ മുഴുകിയിരിക്കുകയാണ് ശാസ്ത്രലോകം.

ജ്യോതിശാസ്ത്രത്തിൽ അനുഭവസമ്പന്നയും അതിനിപുണയുമാണ് സ്റ്റാൻഫോർഡ് സർവകലാശാലയിലെ പ്രൊഫസറായ റിസ വെഷ്ലർ (Risa Wechsler). 'കാവ്‌ലി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പാർട്ടിക്കിൾ അസ്ട്രോഫിസിക്സ് ആൻഡ് കോസ്മോളജി (Kavli Institute for Particle Astro physics and Cosmology)' യുടെ മേധാവിയും, അമേരിക്കൻ ഫിസിക്കൽ സൊസൈറ്റിയുടെ (American Physical Society) തിരഞ്ഞെടുക്കപ്പെട്ട അംഗവുമാണവർ.

മാസങ്ങൾക്ക് മുൻപ് നടന്ന ടെഡ് (TED Talk) പരിപാടിയിൽ ഇരുണ്ടദ്രവ്യത്തെ വിശദീകരിച്ചുകൊണ്ട് അവർ ഇപ്രകാരം പറഞ്ഞു:

'എന്നിൽ നിന്നും നിങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ എന്തോ ഒന്ന് കൊണ്ടാണ് ലോകത്തിലെ ഒട്ടുമിക്ക വസ്തുക്കളും നിർമിക്കപ്പെട്ടിട്ടുള്ളതെന്നതാണ് നാം മനസിലാക്കിയതിൽ വെച്ച് ഏറ്റവും വിചിത്രമായി കാര്യങ്ങളിലൊന്ന്. പക്ഷെ, അവയില്ലാതെ പ്രപഞ്ചം ഇന്ന് കാണുന്നത് പോലെ നിലനിൽക്കുമായിരുന്നില്ല. നാം ഇന്ന് ദൂരദർശിനികളുടെ സഹായത്തോടെ കാണുന്നതെല്ലാം മുഴുപ്രപഞ്ചപിണ്ഡത്തിന്റെ (Mass) 15% മാത്രമാണ്. ബാക്കിയുള്ള 85% പ്രകാശത്തെ ആഗിരണം ചെയ്യുകയോ പുറം തള്ളുകയോ ചെയ്യുന്നില്ല. നമുക്ക് അവയെ കാണാൻ സാധ്യമല്ല. റേഡിയോതരംഗങ്ങളോ മൈക്രോതരംഗങ്ങളോ മറ്റേതെങ്കിലും തരംഗങ്ങളോ ഉപയോഗിച്ച് നമുക്കവയെ കണ്ടെത്താൻ സാധ്യമല്ല. നമുക്ക് കാണാവുന്ന വസ്തുക്കളിൽ അവ സ്വാധീനം ചെലുത്തുന്നത് കൊണ്ട് അവ നിലനിൽക്കുന്നുണ്ടെന്ന് നാം മനസിലാക്കുന്നു.' (The search for dark matter and what we've found so far, Ted via YouTube, retrieved 21 April 2020)

'കുറച്ചെന്നല്ല, ശാസ്ത്രജ്ഞർക്ക് ഒന്നും തന്നെ അറിയാത്ത, നിഗൂഢതയിൽ മൂടപ്പെട്ട ഒന്നാണ് ഇരുണ്ടദ്രവ്യം എന്നാണ് നാസ (NASA) വിവരിക്കുന്നത്. അറിയുന്നതിനേക്കാളേറെ അറിയാത്തവയാണ്. പ്രപഞ്ച വികസനത്തെ ഇരുണ്ട ഊർജം എങ്ങനെ ബാധിക്കുന്നുവെന്ന് അറിയുന്നത് കൊണ്ട് മാത്രമാണ് നമുക്ക് അവയെ അളക്കാൻ സാധിച്ചത്. മറ്റെല്ലാം തന്നെ നിഗൂഢതയാണ്. പക്ഷെ അവ പ്രധാനപ്പെട്ട ഒരു നിഗൂഢത തന്നെയാണ്. പ്രപഞ്ചത്തിന്റെ ഏതാണ്ട് 68 ശതമാനം ഇരുണ്ട ഊർജവും, 27 ശതമാനം ഇരുണ്ട ദ്രവ്യമാണ്. ബാക്കി ഭൂമിയിലുള്ളവയും, ഉപകരണങ്ങൾ ഉപയോഗിച്ചു നിരീക്ഷിക്കാൻ കഴിയുന്നവയുമായ 'സാധാരണ' ദ്രവ്യം 5 ശതമാനത്തിലും കുറവാണ്. പ്രപഞ്ചത്തിന്റെ വളരെ ചെറിയ അളവ് മാത്രമെന്ന് ചിന്തിക്കുമ്പോൾ അവയെ 'സാധാരണ' മെന്ന് വിശേഷിപ്പിക്കാൻ പോലും പാടില്ല.' ("Dark Energy, Dark matter." NASA. Accessed December 2018)

ലോകത്തെ മികച്ച ശാസ്ത്രമനസുകൾ ഏറ്റവും മികച്ച സാങ്കേതിക വിദ്യകളുപയോഗിച്ച് കിണഞ്ഞു പരിശ്രമിച്ചിട്ടും പിടികൊടുക്കാത്ത ഒന്നാണ് ഇരുണ്ട ദ്രവ്യമെന്ന് സുവ്യക്തമാണ്. വ്യത്യസ്തങ്ങളായ കഴിവുള്ളവരുടെയും, വർഷങ്ങളോളം നീണ്ട ക്ഷമയുടെയും പ്രതീക്ഷയുടെയും കഠിനയത്നത്തിന്റെയും സഹായം കൂടാതെ ഈ അന്വേഷണം സാധ്യമല്ല. 'ഗുരുത്വ' ത്തെ (Gravity) പോലെ നമുക്കറിയാവുന്ന കാര്യങ്ങളുമായുള്ള ഇരുണ്ട ദ്രവ്യത്തിന്റെ പരസ്പരപ്രവർത്തനങ്ങളെ പരോക്ഷമായി നിരീക്ഷിക്കാൻ മാത്രമേ നമുക്ക് സാധിക്കൂ. എന്നാൽ ഇരുണ്ട ദ്രവ്യത്തെ പഠിക്കാൻ സഹായിക്കുന്ന ഗുരുത്വവും പ്രത്യക്ഷമായി കാണാവുന്ന ഒന്നല്ല എന്നതാണ്

സത്യം. ദ്രവ്യവും ഗുരുത്വവും ത മ്മിൽ നടക്കുന്ന പ്രതിപ്രവർത്ത നങ്ങളുടെ (Interaction) പ്രഭാ വം (Effect) പഠിക്കാൻ മാത്രമേ നമുക്ക് സാധിക്കുകയുള്ളൂ.

ഒരു ബലം (Force) എത്ര വ ലുതും ശക്തവുമാണോ, അത്രയ ധികം അവ്യക്തവും പിടികിട്ടാത്ത തുമായിരിക്കും എന്നതിനുള്ള ഒ രു അനിഷേധ്യമായ തെളിവാണ് ഇത് വഴി ലഭിക്കുന്നത്.എത്ര തീ വ്രമായ പ്രഭാവമാണോ അത് പ്ര പഞ്ചത്തിൽ സൃഷ്ടിക്കുന്നത്, അ ത് അത്രയധികം നിഗൂഢവുമായി രിക്കും. എന്നിരുന്നാലും, അതിദൃ ഢമായ ഇരുണ്ട ദ്രവ്യത്തെയും അതിശക്തമായ ഇരുണ്ട ഊർ ജത്തെയും എന്ത്കൊണ്ടാണ് അ വയുടെ പ്രഭാവത്തിൽ നിന്ന് മാ ത്രം നിരീക്ഷിക്കാൻ സാധിക്കുന്ന ത്? അഭൗതികവും അവ്യക്തവു മായ ഒരുപാട് ബലങ്ങൾ നിലനി ൽക്കുന്നുണ്ടെങ്കിലും, 'നേരിട്ട് നി രീക്ഷിക്കാൻ സാധ്യമല്ലാത്തവ' യെന്ന അവയുടെ പൊതുസ്വഭാവ ത്തിന് യാതൊരു മാറ്റവും സംഭ വിക്കുന്നേയില്ല.

പ്രത്യക്ഷത്തിലുള്ള നിരീക്ഷ ണത്തിലൂടെയല്ലാതെ അവ സൃഷ്ടി ക്കുന്ന പ്രഭാവത്തിലൂടെ നിരീക്ഷി ക്കപ്പെടുന്ന ഒന്നാണ് ഗുരുത്വം. കൂ ടാതെ, ഗുരുത്വത്തിന്റെ ആത്മാവു മായി അജ്ഞാതമായ രീതിയിൽ സംവദിക്കുന്നത് കൊണ്ട് മാത്രം നാം അറിയുന്ന ഒന്നാണ് ഇരുണ്ട ദ്രവ്യം. ഇവയെല്ലാം കൃത്യമായ ശാസ്ത്രസത്യങ്ങളാണ്. ഇങ്ങനെ യൊക്കെയായിട്ടും, നഗ്നനേത്രങ്ങ ളാൽ കാണാൻ കഴിയാത്ത കാ ര്യങ്ങളിൽ വിശ്വസിക്കാൻ ഇ സ്‌ലാം ക്ഷണിക്കുന്നതിനെതിരെ ചിലർ വിമർശനശരം തൊടുത്തു വിടുമ്പോൾ ഒരുവൻ അന്ധു തപ്പെട്ടുപോകുന്നു.

പക്ഷപാതരഹിതനായ ഒരു നിരീശ്വരവാദി ഇക്കാലത്തും എ ത്ര ശക്തവും ദൃഢതയോടും കൂ ടി അദൃശ്യത്തിൽ വിശ്വസിക്കു ന്നുവെന്നാൽ അവനതിൽ വിശ്വ സിക്കുന്നുവെന്ന് പോലും അവൻ അറിയുന്നില്ല. ഇരുണ്ട ദ്രവ്യത്തി ന്റെ നിഗൂഢത ശാസ്ത്രജ്ഞരുടെ മേൽ ചെലുത്തിയ സമ്മർദ്ദത്താൽ , അദൃശ്യത്തിലുള്ള വിശ്വാസത്തി ന്റെ അതിർവരമ്പ് അഭൂതപൂർവ മായ രീതിയിൽ അവർക്ക് വിശാ ലപ്പെടുത്തേണ്ടി വന്നു. ആ വിശ്വ ാസത്തിലൂടെ അവർ തിരിച്ചറിവി ന്റെയും ഉൾക്കാഴ്ചയുടെയും അ തുല്യമായ അതിരുകളിൽ എ ത്തിച്ചേരുകയും, അദൃശ്യത്തിൽ വിശ്വസിക്കാനുള്ള ഖുർആനിക ക്ഷണത്തിനു പിന്നിലെ യുക്തിയെ തെളിയിക്കുകയും ചെയ്തു.

### അജ്ഞാതമായവയെ ജ്ഞാത മായവയിലൂടെ കണ്ടെത്തുക

ഹാർവാർഡ് (Harvard) സർ വകലാശാലയിലെ ചന്ദ്ര ഒ ബ്സർവേറ്ററി (Chandra Observatory), ഇരുണ്ട ദ്രവ്യത്തെ ഇപ്രകാരം വിശദീകരിക്കുന്നു:

'പ്രത്യക്ഷമായി നിരീക്ഷിക്കാ ൻ സാധ്യമല്ലെങ്കിലും, ഇരുണ്ട ദ്ര വ്യം ഗുരുത്വവുമായി സംവദിക്കു ന്നുണ്ട്. ഈ സമ്പർക്കത്തിലൂ ന്നിക്കൊണ്ട്, പല വിദ്യകളുടെയും സഹായത്തോടെ, ഇരുണ്ട ദ്രവ്യം സൃഷ്ടിക്കുന്ന പ്രഭാവം ജ്യോതി ശാസ്ത്രജ്ഞർ പഠനവിധേയമാ ക്കിയിരിക്കുന്നു.'

മനുഷ്യശേഷിയാൽ ഒരു കാ ര്യത്തെ പ്രത്യക്ഷമായി നിരീക്ഷി ക്കാൻ സാധ്യമല്ലെങ്കിൽ, പ്രത്യക്ഷ മായി കാണാവുന്ന മറ്റൊന്നുമായി അവ സംവദിക്കുന്നതിനെ പ ഠിക്കേണ്ടതാണ്. അജ്ഞാതമായ വയെ മനസിലാക്കാനുള്ള യുക്തി പരവും പ്രായോഗികവുമായ ഏ കരീതിയാണിത്. എന്നിട്ടും, നമു ക്ക് അറിയുന്ന വസ്തുക്കളിൽ ദൈവം സൃഷ്ടിക്കുന്ന പ്രഭാവത്തെ പഠിച്ചുകൊണ്ട് അവനെ മനസിലാ ക്കാൻ വർത്തമാനകാല നിരീശ്വ രവാദികൾ ഇപ്പോഴും തയ്യാറാവു ന്നില്ല.

നമുക്ക് അൽപജ്ഞാനം മാ ത്രമുള്ള ഗുരുത്വം, തികച്ചും അ ദൃശ്യശക്തിയായ (ഇരുണ്ട ദ്രവ്യം) ഒന്നിനോട് പ്രതിപ്രവർത്തിക്കുന്ന തായി കാണുമ്പോൾ, ആ അദൃശ്യ ശക്തിയുടെ അസ്തിത്വത്തെ അം ഗീകരിക്കാൻ ആർക്കും തന്നെ വി മുഖതയില്ല. അപ്പോൾ തന്നെ അ തിനെ എല്ലാ വശത്തുകൂടിയും പ ഠിക്കാൻ തയ്യാറാവുന്ന ശാസ്ത്ര ജ്ഞർ അവയെ 'പ്രപഞ്ചവിക സനത്തിനു പിന്നിലെ ശക്തി' യെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ, ജ്യോതിശാസ്ത്ര ത്തിന്റെയും ഭൂമിശാസ്ത്രത്തി ന്റെയും ജീവശാസ്ത്രത്തിന്റെയും പരിണാമത്തിന്റെയും മന?ശാ സ്ത്രത്തിന്റെയും നിയമസംഹിത യുടെയും ഭാവിയിൽ നടക്കാനിരി ക്കുന്ന സംഭവങ്ങളുടെയുമെല്ലാം യാഥാർഥ്യങ്ങൾ ഒന്ന് ചേർന്ന് ഒ രു ശക്തിയിൽ നിന്ന്, 1400 വർഷ ങ്ങൾക്ക് മുൻപ് ജീവിച്ചിരുന്ന നി രക്ഷരനായ ഒരു മനുഷ്യനിലേക്ക് സംവദിക്കപ്പെട്ടുവെന്ന് പറ യുമ്പോൾ, ആ ശക്തിയെക്കുറി ച്ചും അത് ആ മനുഷ്യനുമാ യുണ്ടാക്കിയ ബന്ധത്തെക്കുറിച്ചും അന്വേഷിക്കേണ്ട ആവശ്യമേയി ല്ലയെന്നതാണ് പുത്തൻ നിരീശ്വ രവാദികളുടെ നിലപാട്.

### മുഹമ്മദ് (സ) ക്ക് നൽ കപ്പെട്ട ജ്ഞാനവും പഠന വിധേയമാക്കേണ്ടതാണ്

പ്രപഞ്ചം വികസിക്കു ന്നുവെന്ന് ബോധ്യമുള്ള ശാസ്ത്ര ജ്ഞർ ആ വികസനത്തെ നിയ ന്ത്രിക്കുന്ന അദൃശ്യ ഊർജത്തെ ഇരുണ്ട ഊർജമെന്ന് നാമകരണം ചെയ്തു. പ്രപഞ്ചം പുറത്തേക്ക് ച ലിക്കുന്നുവെന്ന് മാത്രമാണവർ കാണുന്നത്.

പ്രപഞ്ചവികസനത്തെ തിരി ച്ചറിഞ്ഞത് നമ്മുടെ കാലത്തിലെ ശാസ്ത്രത്തിലെ ഏറ്റവും വലിയ നാഴികക്കല്ലുകളിലൊന്നാണ്. ഹി

സ്റ്ററി ഓഫ് സയൻസ് (History of Science) എന്ന ഒരു പ്രസിദ്ധീകരണത്തിൽ ഇപ്രകാരം വന്നിരിക്കുന്നു:'പ്രപഞ്ചം വികസിക്കുന്നുവെന്ന തിരിച്ചറിവ് പ്രപഞ്ചശാസ്ത്രത്തിലെ ഏറ്റവും വലിയ കണ്ടുപിടിത്തങ്ങളിലൊന്നാണ്. പ്രപഞ്ചശാസ്ത്രത്തിലെ നിരീക്ഷണങ്ങളുടെ അടിസ്ഥാനമായി കരുതപ്പെടുന്ന ഈ കണ്ടെത്തലാണ്, ആധുനിക പ്രപഞ്ചശാസ്ത്രത്തിന് തുടക്കം കുറിച്ചതെന്നത് പൊതുവായി അംഗീകരിക്കപ്പെട്ടൊരു കാര്യമാണ്.' ("Who Discovered the Expanding Universe?" History of Science Journal, 22 April 2020)

പ്രപഞ്ചം വികസിക്കുന്നുണ്ടെന്നും അഗോചരമായ (Invisible) ഒരു ബലം അതിന് പിന്നിലുണ്ടെന്നും, ഏഴാം നൂറ്റാണ്ടിൽ (ആദ്യ ദൂരദർശിനിയുടെ കണ്ടുപിടിത്തത്തിന് ആയിരം വർഷങ്ങൾക്ക് മുൻപ്) അറേബ്യയിൽ ജീവിച്ചിരുന്ന ഒരു നിരക്ഷരനായ മനുഷ്യന്റെ പ്രഖ്യാപിക്കുകയുണ്ടായി. ഭൂമിയെ പിടിച്ചുകുലുക്കാൻ ശേഷിയുള്ള അത്തരമൊരു വെളിപ്പെടുത്തലിനെ അവഗണിക്കുന്നവർക്ക് എത്രമാത്രം പക്ഷപാത ചിന്താഗതിയാണുള്ളതെന്നത് പകൽപോലെ വ്യക്തമാണ്.

ആശ്ചര്യകരമെന്നോണം, പ്രപഞ്ച വികസനത്തെക്കുറിച്ച് 1400 വർഷങ്ങൾക്ക് മുൻപ് തന്നെ എഴുതപ്പെടുകയും, സൃഷ്ടിപ്പിന്റെയും പ്രപഞ്ചവികസനത്തിന്റെയും പിന്നിലുള്ള ശക്തി താനാണെന്ന് ദൈവം പ്രഖ്യാപിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആനിലെ സൂറ: അദ്ദാരിയാത്തിൽ ഇപ്രകാരം പറയുന്നു:

'നാം ആകാശത്തെ (നമ്മുടെ) വിവിധ ശക്തികൾ കൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിക്കുന്നവനാണ്. (51:48)'

പ്രപഞ്ചവികസനത്തെപ്പറ്റി നേരിയ ധാരണ പോലും ഒരാൾക്കുമില്ലാതിരുന്ന കാലത്ത്, ഏതോ ഒരു 'അജ്ഞാത' ശക്തിയാലല്ലാതെ മരുഭൂമിയിലെ ഒരു അറബിക്ക്, പ്രപഞ്ച വികസനത്തെപ്പറ്റിയുള്ള അറിവ് ലഭിക്കുകയില്ലെന്നത് നിഷ്പക്ഷനായ ഒരാൾക്ക് ചിന്തിച്ചാൽ മനസിലാകുന്ന വസ്തുതയാണ്. (അതിന് ശേഷമുള്ള 1200 വർഷങ്ങളിലും ആർക്കും ഇതിനെപ്പറ്റിയുള്ള യാതൊരു ധാരണയുമില്ലായിരുന്നുവെന്നതും ഇവിടെ ശ്രദ്ധേയമാണ്). ആരാണ് മുഹമ്മദ് (സ) ക്ക് ഈ ജ്ഞാനം പകർന്നുനൽകിയതെന്ന ചോദ്യത്തിന് വലിയ പ്രസക്തിയുണ്ടെന്ന് തന്നെയാണ് ഇതിൽ നിന്നെല്ലാം വ്യക്തമാക്കപ്പെടുന്നത്.

വാഗ്ദത്ത മസീഹ് (അ) എഴുതുന്നു:

കാന്തം കാണാത്തവനും കാന്തത്തിന്റെ ആകർഷണശക്തിയെപ്പറ്റി ധാരണയില്ലാത്തവനുമായ ഒരാളെ സങ്കൽപ്പിക്കുക. ആ കാന്തം വെറുമൊരു കല്ലാണെന്ന് അവൻ വാദിക്കുകയും, മറ്റൊരു കല്ലിലും താൻ അത്തരമൊരു ആകർഷണശക്തി കണ്ടിട്ടില്ലെന്ന് അവൻ സമർത്ഥിക്കുകയും ചെയ്യുന്നു. അതിനാൽ, അയാളുടെ അഭിപ്രായത്തിൽ ഒരു കാന്തത്തിന് അത്തരമൊരു ശക്തിയുണ്ടെന്ന് സമർത്ഥിക്കുന്നത് തെറ്റായിരിക്കുകയും, പ്രകൃതി നിയമങ്ങൾക്കെതിരായിരിക്കുകയും ചെയ്യും. എന്നുകരുതി, അവന്റെ വ്യർത്ഥമായ വാദങ്ങൾക്ക് ആ കാന്തത്തിന്റെ ഗുണവിശേഷത്തിനുമേൽ എന്തെങ്കിലും സംശയം ജനിപ്പിക്കാൻ സാധിക്കുമോ?

തീർച്ചയായും സാധ്യമല്ല. താനൊരു വിഡ്ഢിയും വിവേകശൂന്യനുമാണെന്ന് മാത്രമേ അവന്റെ വാദഗതി കൊണ്ട് സ്ഥാപിതമാവുകയുള്ളൂ. തന്റെ അറിവില്ലായ്മ ഒരു വസ്തു നിലനിൽക്കുന്നില്ലായെന്നതിനുള്ള തെളിവായി അവൻ ഗണിക്കുകയും, ആ ശക്തിയെ അനുഭവിച്ചറിഞ്ഞ ആയിരക്കണക്കിന് ആളുകളുടെ സാക്ഷ്യത്തോട് അവൻ പുറംതിരിക്കുകയും ചെയ്യുന്നു. എല്ലാ പ്രകൃതി നിയമങ്ങളും എല്ലാ ഓരോ വ്യക്തികളാലും പരീക്ഷിച്ചു തെളിയിക്കപ്പെട്ടതായിരിക്കണമെന്ന പൊതുനിബന്ധന എങ്ങനെ സ്ഥാപിക്കാനാവും?

ബാഹ്യവും ആന്തരികവുമായ ഒരുപാട് വൈവിധ്യങ്ങളോട് കൂടിയാണ് മനുഷ്യനെ ദൈവം സൃഷ്ടിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, ചില വ്യക്തികൾ നല്ല കാഴ്ചശക്തിയുള്ളവരും, ചിലർ മോശം കാഴ്ചശക്തിയുള്ളവരും , മറ്റു ചിലർ ഒട്ടും സേണിലെയും (CERN) നാസയിലെയും (NASA) വിദഗ്ദ്ധർ, പ്രപഞ്ചത്തിന്റെ ആഴത്തിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ള കണ്ടുപിടിത്തങ്ങൾ പുറത്തുവിടുമ്പോൾ, ആരും തന്നെ അതിനെ അവിശ്വസിക്കുകയില്ല. കാരണം, സൂപ്പർ സിമ്മെട്രി (Super Symmetry) മുതൽ ക്വാണ്ടം മെക്കാനിക്സ് (Quantum Mechanics) വരെയുള്ള മേഖലകളുടെ ആഴത്തിലുള്ള നിഗൂഢതകളിലേക്ക് ഇറങ്ങിച്ചെന്നിട്ടുള്ള വിദഗ്ദ്ധരാണവർ. യഥാർത്ഥത്തിൽ, നമ്മൾ അവരെ അന്ധമായി വിശ്വസിക്കുന്നു. ആകാംഷയുടെയും നിഷ്പക്ഷാന്വേഷണത്തിന്റെയും വക്താക്കളെന്ന് സ്വയം വിശേഷിപ്പിച്ചിട്ട് പോലും, പുത്തൻ നാസ്തികർ തങ്ങളുടെ മുൻവിധിയും അസൂയയും മൂലം അന്ധത ബാധിച്ച പരിതാപകരമായ അവസ്ഥയിലാണുള്ളത്.

മനുഷ്യനറിയാവുന്ന ഏറ്റവും ഉന്നതങ്ങളായ ശാസ്ത്രസത്യങ്ങളെ 1400 വർഷങ്ങൾക്ക് മുൻപ് സ്വയം വെളുപ്പെടുത്തിക്കൊടുത്ത ആ ശക്തി ഇതാ മനുഷ്യകുലത്തിന്റെ വാതിലിൽ മുട്ടുന്നു. പ്രപഞ്ചവികസനത്തെപ്പോലുള്ള സങ്കീർണരഹസ്യങ്ങൾ പുറത്തു

ശേഷം പേജ് 32 ൽ

ഭാഗം – 17

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### കശ്മീർ രാജ ചരിത്രം ചുരുക്കത്തിൽ

സിക്കുകാരുടെ രാജാവായ രാജാ ഗുലാബ് സിംങ്ങ് 1844 ൽ ജമ്മു കശ്മീരിനെ തന്റെ ഭരണത്തിൻ കീഴിൽ കൊണ്ടു വന്നിട്ടുണ്ടായിരുന്നു. 1846 ന്റെ ആരംഭത്തിൽ ബ്രിട്ടീഷുകാർ പഞ്ചാബിന്റെ ഭരണം പിടിച്ചടക്കിയപ്പോൾ അവർ രാജാഗുലാബ് സിംങ്ങുമായി ഒരു ഉടമ്പടിയുണ്ടാക്കി. എഴുപത്തഞ്ചു ലക്ഷം രൂപ ബ്രിട്ടീഷ് സർക്കാറിനു നൽകുകയാണെങ്കിൽ ആദ്യ കാലത്തു പഞ്ചാബിൽ സിക്കു ഭരണമുണ്ടായിരുന്ന പ്രദേശത്തിന്റെ കൂടിഅധികാരം രാജാ ഗുലാബ് സിംങ്ങിനു നൽകാമെന്നതായിരുന്നു ആ കരാർ. അദ്ദേഹം അങ്ങനെ തന്നെ ചെയ്യുകയും ബ്രിട്ടീഷ് സർക്കാറിന്റെ പരമാധികാരം പരിപൂർണമായും അംഗീകരിക്കുകയും ചെയ്തു. മാത്രവുമല്ല അയൽ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന കുഴപ്പങ്ങൾക്കും വിവാദങ്ങൾക്കുമുള്ള പരിഹാരം ബ്രിട്ടീഷ് സർക്കാരാണു നിർദേശിക്കേണ്ടതെന്നും അടിയന്തരഘട്ടങ്ങളിൽ ബ്രിട്ടീഷ് സൈന്യത്തെ സഹായിക്കുമെന്നും രാജാഗുലാബ് സിംങ്ങ് സമ്മതിച്ചു. പിന്നീടദ്ദേഹം രാജാ ഗുലാബ് സിംങ്ങിൽ നിന്നും മഹാരാജാ ഗുലാബ് സിംങ്ങായി മാറി. അദ്ദേഹത്തിന്റെ ഭരണ കാലത്തു പ്രജകളുടെ ജീവിതം പൊതുവിൽ കഷ്ടപ്പാടും ദുരിതവും നിറഞ്ഞതായിരുന്നു. കശ്മീർ മുസ്‌ലിംകളുടെ സ്ഥിതിയായിരുന്നു ഏറ്റവും ശോചനീയം. അവരെ അടിമകളെക്കാൾ നികൃഷ്ടരായിട്ടായിരുന്നു ഗണിച്ചിരുന്നത്.

1857 ഓഗസ്റ്റിൽ മഹാരാജാ ഗുലാബ് സിംഗ് ഇഹലോകവാസം വെടിഞ്ഞ ശേഷം അദ്ദേഹത്തിന്റെ മകൻ റൺബീർ സിംങ്ങ് മഹാരാജാവായി സിംഹാസനാരോഹണം ചെയ്തു. അദ്ദേഹം വളരെ കഴിവുള്ള വ്യക്തിയും തന്ത്രജ്ഞനുമായിരുന്നു. സകല ജാതി മതസ്ഥരേയും കക്ഷികളേയും അദ്ദേഹം വേണ്ട വിധം പരിഗണിച്ചിരുന്നു. ഹിന്ദുവും മുസ്‌ലിമും തന്റെ പ്രജകളാണെന്ന നിലയിൽ അവർക്കിടയിൽ അദ്ദേഹം യാതൊരു വിവേചനവും കൽപിച്ചിരുന്നില്ല. എങ്കിലും മുസ്‌ലിം ഉദ്യോഗാർഥികളെ അദ്ദേഹം കൂടുതലായി ജോലികൾക്കു പരിഗണിച്ചിരുന്നു. എല്ലാവരോടും തുറന്ന മനസ്സോടെ സ്നേഹവും ബന്ധവും അദ്ദേഹം കാണിച്ചു. നാടു പൊതുവിൽ പുരോഗതിയുടേയും ഐശ്വര്യത്തിന്റേയും പാതയിൽ സമാധാനന്തരീക്ഷത്തിൽ മുന്നോട്ടു പോയിക്കൊണ്ടിരുന്നു. പണ്ഡിതരേയും ജ്ഞാനികളേയും അവസരമനുസരിച്ചു പ്രശംസിക്കുകയും അവർക്കു വേണ്ട പ്രോത്സാഹനവും പ്രചോദനവും നൽകുകയും ചെയ്തിരുന്നു. ചിന്തകരേയും തത്വജ്ഞാനികളേയും രാജസദസ്സിൽ ഉൾപ്പെടുത്താൻ അദ്ദേഹം ഉത്സാഹിച്ചിരുന്നു. കഴിവുള്ളവരുടെ കഴിവുകളെ അദ്ദേഹം അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും പാരിതോഷികങ്ങൾ നൽകി അവരെ ആദരിക്കുകയും ചെയ്തിരുന്നു. പ്രത്യേകിച്ചും വൈദ്യശാസ്ത്ര രംഗവുമായി അദ്ദേഹത്തിനു വളരെ നല്ല ബന്ധമാണുണ്ടായിരുന്നത്. അതുകാരണം അക്കാലത്തു വൈദ്യ ശാസ്ത്ര രംഗത്തു വ്യക്തിമുദ്ര പതിപ്പിച്ച പ്രഗൽഭരും പ്രശസ്തരുമായ ഇരുപത്തിയഞ്ചോളം ഡോക്ടർമാരും വൈദ്യന്മാരും മഹാരാജാ റൺബീർ സിംങ്ങിനോടൊപ്പം ഉണ്ടായിരുന്നു. പലരും രാജസദസ്സിൽ അംഗങ്ങളായിരുന്നു.

ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് ഭേരവി, ഡോക്റ്റർ ഗോപാൽ ചന്ദ് കൽക്കത്ത, ഹക്കീം ഫിദാ മുഹമ്മദ് ഡൽഹി, ഹക്കീം സയ്യിദ് അഹ്മദ് ശാഹ് ലാഹോരി തുടങ്ങിയവർ അവരിൽ ചിലരാണ്.

രാജാ മഹാരാജാക്കന്മാരും നവാബുമാരും പൊതുവിൽ സുഖലോലുപരും തങ്ങളുടെ സുഖത്തിനായി രാജ്യത്തിന്റെ പണം നിർലോഭം ചെലവഴിക്കുന്നവരും പ്രജകളുടെ ക്ഷേമകാര്യങ്ങൾ സൗകര്യപൂർവം മറക്കുന്നവരുമാണ്. രാജ ഭരണം നിലനിന്നിരുന്ന പഴയ കാലത്തു പൊതുവിൽ എല്ലായിടത്തും കണ്ടുവന്നിരുന്ന ഒരു പ്രതിഭാസമായിരുന്നു ഇതു. അങ്ങനെ വരുമ്പോൾ അസഹിഷ്ണുക്കളും ഭരണ കർത്താക്കളോടു മാനസികമായി വിയോജിപ്പുള്ളവരുമായ ഒരു പറ്റം ആളുകൾ ആ ഭരണത്തെ അട്ടിമറിക്കാനും ഖജനാവു കൊള്ളയടിക്കാനും തക്കം പാർത്തിരിക്കും. അതിന്നായി അവർ രഹസ്യമായി സംഘടിക്കും. മഹാരാജാ റൺബീർ സിങ്ങിനെ പോലെ പ്രജകളുടെ ക്ഷേമ കാര്യങ്ങളിൽ ശ്രദ്ധാലുവും തൽപരനുമായ നീതിമാന്മാരായ ഭരണാധിപന്മാക്കെതിരിലും അട്ടിമറി പ്രവർത്തനങ്ങൾ ഉണ്ടായെന്നു വരാം. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ ലക്ഷ്യം ഈ ഭരണ കർത്താക്കളെ ഇല്ലാതാക്കി ഭരണം പിടിച്ചെടുത്തു നാടിന്റേയും നാട്ടുകാരുടേയും പണവും സ്വത്തും കൈക്കലാക്കി സ്വയം രാജാവും നവാബുമാരുമായി വാഴണം എന്നതാണ്. അതിനായി ഇത്തരക്കാർ ഭരണസിരാകേന്ദ്രങ്ങളിൽ ബന്ധമുള്ളവരേയും രാജാമഹാരാജാക്കന്മാരുടെ എല്ലാ നാഡിമിഡിപ്പും നന്നായി അറിയുന്നവരേയും തങ്ങളുടെ ഗൂഢപദ്ധതികളുടെ വിജയത്തിനായി ഭീമമായ സംഖ്യയും പാരിതോഷികങ്ങളും വാഗ്ദാനം ചെയ്തു കൂടെ ചേർക്കും അല്ലെങ്കിൽ ചേർക്കാൻ ശ്രമിക്കും. ഇത്തരത്തിൽ മഹാരാജാ റൺബീർ സിങ്ങിന്റെ ഭരണം പിടിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി രണ്ടുപ്രാവശ്യം മൗലവിസാഹിബിനെ ചില സംഘങ്ങൾ സമീപിച്ചിരുന്നു.

അവർക്കു മഹാരാജാവിനെ കുറിച്ചു ചില നിർണായകമായ വിവരങ്ങൾ അറിയണമായിരുന്നു. മൗലവി സാഹിബ് മഹാരാജാവിന്റെ വളരെയേറെ അടുത്തയാളും വിശ്വസ്തനുമാണെന്നവർ മനസ്സിലാക്കിയതു കൊണ്ടാണു അദ്ദേഹത്തെ സമീപിച്ചത്. അതിനു പകരമായി പതിനായിരം രൂപ അവർ വാഗ്ദാനവും ചെയ്തു. 1885 നു മുമ്പുള്ള പതിനായിരം രൂപ ഇന്നത്തെ പല ലക്ഷങ്ങൾക്കു തുല്യമായിരിക്കാം. തനിക്കു ഇത്തരം കാര്യങ്ങളിൽ യാതൊരു താൽപര്യവും അഭിരുചിയുമില്ലെന്നദ്ദേഹം അവരെ അറിയിച്ചു. മറ്റൊരിക്കൽ വേറൊരു സംഘം മൗലവി സാഹിബിനെ ഭാരിച്ച തുക വാഗ്ദാനം ചെയ്തു കൊണ്ട് സമീപിച്ചെങ്കിലും രാജാവിന്നെതിരിൽ ഞാൻ എന്റെ ചെറുവിരൽ പോലും അനക്കുകയില്ലെന്നും രാജാവ് എന്നിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം അത്ര വലുതാണെന്നും ഹദ്റത്ത് മൗലവി സാഹിബ് അവരോടു പറഞ്ഞു. ഇത്തരം കാര്യങ്ങൾ മഹാരാജാ റൺബീർ സിംങ്ങിനും നന്നായിട്ടറിയാമായിരുന്നു. അദ്ദേഹം തന്റെ കൂടെയുള്ളവരെ കുറിച്ചു സംസാര മദ്ധ്യേ തമാശയായിട്ടാണെങ്കിലും എനിക്കു ഇവറ്റകളെ പേടിയാണെന്നും ഈ ദുഷ്ടന്മാർ അവസരം കിട്ടുമ്പോൾ വിഷം നൽകി കൊല്ലാൻ പോലും മടിക്കാത്തവരാണെന്നും മൗലവി സാഹിബിനോടുപറഞ്ഞിട്ടുണ്ട്.

1885 സപ്റ്റംബർ 12-ാം തിയ്യതി മഹാരാജാ റൺബീർ സിംങ്ങ് ഇഹലോകവാസം വെടിഞ്ഞതോടുകൂടി സംസ്ഥാനത്തിന്റെ ഈ സുവണകാലവും അസ്തമിച്ചു. നാട്ടിൽ സമാധാന ഭംഗവും കുഴപ്പങ്ങളും അസ്ഥിരതയും നടമാടാൻ തുടങ്ങി. കാരണം അദ്ദേഹത്തിന്റെ മക്കളായ പ്രതാപ് സിങ്ങ്, അമർസിങ്ങ്, റാംസിങ്ങ് എന്നിവർക്കിടയിൽ സ്വരച്ചേർയും സാഹോദര്യ സ്നേഹവും നഷ്ടപ്പെട്ടിട്ടുണ്ടായിരുന്നു. മൂത്ത മകനും കിരീടവകാശിയുമായ പ്രതാപ് സിംങ്ങ് മഹാരാജാവായെങ്കിലും അയാൾ ഒരു കാര്യ പ്രാപ്തിയില്ലാത്തവനും ഭരണം നടത്താൻ കഴിവില്ലാത്തവനുമായിരുന്നു. അതിനാൽ മഹാരാജാവിന്റെ പല അധികാരങ്ങളും എടുത്തുകളഞ്ഞു കൊണ്ട് അവിടെ ഒരു കൗൺസിൽ രൂപീകരിക്കപ്പെട്ടു. ആ കൗസിലിൽ പലമെമ്പർമാരുമുണ്ടായിരുന്നു. മഹാരാജാവിന്റെ സഹോദരങ്ങളായ രാജാ അമർ സിംങ്ങും, രാജാ റാംസിംങ്ങും ഈ കൗൺസിലിൽ മെമ്പർമാരായിരുന്നു. രാജാ സൂരജ് കോൾ എന്നു പേരുള്ള മറ്റൊരാളെ കൗൺസിലിലെ സീനിയർ മെമ്പർ എന്ന നിലയിൽ നിശ്ചയിക്കുകയുണ്ടായി. ഇതിനു പുറമെ ലാലാ ബാഗ്റാമും ഏതാനും ബ്രിട്ടീഷുകാരും ഈ കൺസിലിൽ അംഗങ്ങളായിരുന്നു.

## ബന്ധങ്ങൾ ശിഥിലമാവുന്നു

മഹാരാജാ റൺബീർ സിംങ്ങിന്റെ വിയോഗാനന്തരം ആദ്യമാദ്യം കാര്യങ്ങൾ നല്ല രീതിയിൽ തുടർന്നെങ്കിലും മെല്ലെമെല്ലെ ഹദ്റത്ത് മൗലവി സാഹിബ് ചില കാരണങ്ങളാൽ തെറ്റിദ്ധരിക്കപ്പെടാനും കൺസിലിലെ അംഗങ്ങളിൽ ചിലരുടെ കണ്ണിലെ കരടായി മാറാനും തുടങ്ങി. പുതിയ രാജാവായ രാജാ പ്രതാപ് സിംങ്ങ് തന്റെ സഹോദരങ്ങളായ രാജാ അമർ സിങ്ങുമായും രാജാറാം സിംങ്ങുമായും ശത്രുതയിലായിരുന്നു. ഇവർ രണ്ടുപേർക്കും ഹദ്റത്ത് മൗലവി സാഹിബുമായുള്ള ബന്ധമാണെങ്കിൽ വളരെ ആത്മാർഥവും ഗാഢവുമായിരുന്നു. റൺബീർ സിംങ്ങിന്റെ കാലം തൊട്ടു ഹദ്റത്ത് മൗലവി സാഹിബ് ഇവർ രണ്ടു പേരുടേയും ട്യൂട്ടറായി സേവനമനുഷ്ടിച്ചിട്ടുണ്ടായിരുന്നു. അതിനാൽ അവരുടെ മനസ്സിൽ

മൗലവി സാഹിബിനോടു എന്നും ആത്മാർഥ സ്നേഹവും ആദരവു മായിരുന്നു ഉണ്ടായിരുന്നു.

ദിവംഗതനായ മഹാരാജാ റൺബീർ സിംങ്ങും അദ്ദേഹത്തി ന്റെ ചെറിയ മകൻ രാജാറാം സിംങ്ങും മൗലവി സാഹിബിൽ നിന്നും ഖുർആൻ പഠിച്ചിട്ടുണ്ടായി രുന്നു. പിതാവു പകുതി ഖുർആൻ അർഥത്തോടു കൂടി പഠിച്ചപ്പോൾ മകൻ രാജാറാം സിംങ്ങ് ഖുർആൻ മുഴുവൻ പഠിക്കുകയും മനസ്സു കൊണ്ട് ഇസ്‌ലാം മതം സ്വീകരി ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. രാജാ അമർസിംങ്ങും മൗലവി സാഹിബിന്റെ ഉന്നതമായ വ്യക്തിത്വത്തിൽ വളരെയധികം പ്രഭാവിതനായിരുന്നു. മൗലവി സാഹിബിനെ എല്ലാ കാര്യത്തിലും തന്റെ ഉപദേഷ്ടാവായി കണ്ടിരുന്നു. അതിനാൽ തന്റെ സഹോദരങ്ങൾ മതംമാറി ഇസ്‌ലാം മതം സ്വീകരിച്ചേ ക്കുമോ എന്നുപോലും ജ്യേഷ്ടൻ ന്യായമായും സംശയിച്ചിരുന്നു. ഇതൊന്നും മഹാരാജാ പ്രതാപ് സിംങ്ങിനു അൽപം പോലും സഹിക്കാനോ കണ്ടില്ലെന്നു നടിക്കാനോ സാധിച്ചിരുന്നില്ല. ഈ കാരണങ്ങളാൽ മൗലവി സാഹിബ് മഹാരാജാവിന്റെ കണ്ണിലെ കരടായി മാറി.

കൗൺസിലിലെ സീനിയർ മെമ്പറായി നിയമിക്കപ്പെട്ട രാജാ സൂരജ് കോൾ വലിയ അഹംങ്കാരി യും പൊങ്ങച്ചക്കാരനുമാണ്. താൻ വലിയൊരു സ്ഥാനത്തിരിക്കുന്ന ആളാണെന്ന ഭാവം അയാൾ എപ്പോഴും പ്രകടിപ്പിച്ചിരുന്നു. മൗലവി സാഹിബ് സമയവും സന്ദർഭവും ലഭിക്കുമ്പോഴെല്ലാം കൊട്ടാരത്തിലുള്ള പലർക്കും ഇസ്‌ലാമിന്റെ ഉന്നതമായ അധ്യാപ നങ്ങളെ സംബന്ധിച്ചും ഖുർആനെ കുറിച്ചും പറഞ്ഞു കൊടുക്കാറുണ്ടാ യിരുന്നു. അതിനാലാണെന്നു തോന്നുന്നു രാജാ സൂരജ് കോൾ ഹദ്റത്ത് ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബിനെ മനസ്സു കൊണ്ട് ഇഷ്ടപ്പെട്ടിരുന്നില്ല. അതോടൊപ്പം അദ്ദേഹം കൊട്ടാരത്തിലെ പ്രധാന ഡോക്ടറായി തുടരുന്നതും അദ്ദേഹ ത്തിനു അനിഷ്ടകരമായിരുന്നു. അതിനാൽ പുതിയ രാജാവും ഇദ്ദേഹവും കൗൺസിലിലെ മറ്റൊരംഗമായ ലാലാ ബാഗ്റാമും ചേർന്നു മൗലവി സാഹിബിന്നെ തിരിൽ പല ചരടുവലികളും നടത്തിക്കൊണ്ടിരുന്നു. ഇവർ, മൗലവി സാഹിബ് മതപരിവർത്ത നം നടത്തുന്നുണ്ടെന്നും ഗോവധം നടത്താറുണ്ടെന്നുമുള്ള ആരോപ ണങ്ങൾ ഗോപ്യമായ നിലയിൽ ഉള്ളിലൂടെ പ്രചരിപ്പിക്കാനും ശ്രമിച്ചിരുന്നു. ഹദ്റത്ത് മൗലവി സാഹിബിനെ പോലെ പരിശുദ്ധ ജീവിതം നയിക്കുന്ന സാത്വികനായ ഒരാൾക്കെതിരിൽ അവർക്കു ഇത ല്ലാതെ മറ്റൊന്നും പറയാനുണ്ടായി രുന്നില്ല. എങ്കിലും മൗലവി സാഹി ബിന്റെ സേവനം തുടർന്നു കൊണ്ടി രുന്നു.

കുറച്ചു കാലമായി രാജാ സൂരജ് കോൾ വൃക്ക സംബന്ധ മായ അസുഖത്താൽ വിഷമത്തിലാ യിരുന്നു. ചിലപ്പോൾ നല്ല വേദന യും അദ്ദേഹത്തിനു അനുഭവ പ്പെടാറുണ്ട്. ഒരിക്കൽ അദ്ദേഹം ഹദ്റത്ത് മൗലവി സാഹിബിനെ ചികിത്സക്കായി സമീപിച്ചു. പരിശോധിച്ച ശേഷം, യാതൊരു മുഖവുരയും കൂടാതെ താങ്കളുടെ വൃക്കയ്ക്കു സമീപമുള്ള കുഴലിൽ കല്ലുണ്ടെന്നു മൗലവി സാഹിബ് അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹ ത്തിനു അതു തീരെ ഇഷ്ടപ്പെട്ടില്ല. ഈ കണ്ടെത്തൽ തികച്ചും തെറ്റാ ണെന്ന നിലയിലും തനിക്കു വേണ മെങ്കിൽ ഉയർന്ന നിലയിലുള്ള പരിശോധനയും ചികിത്സയും നടത്താൻ സാധിക്കുമെന്ന ഭാവ ത്തിലും അദ്ദേഹം പറഞ്ഞു എനിക്കു കീഴിൽ ഏഴോളം ബ്രിട്ടീഷുകാർ ജോലി ചെയ്യുന്നതു താങ്കൾക്കറിയാമോ? മൗലവി സാഹിബ് യാതൊരു ഭാവഭേതവും കൂടാതെ പറഞ്ഞു ബ്രിട്ടീഷുകാർ കീഴിൽ ജോലിചെയ്യുന്നതു കൊണ്ട് വൃക്കയിൽ കല്ലുണ്ടാകുന്നതു ഒരി ക്കലും തടയപ്പെടുകയില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു എന്റെ ഒരു മകൻ ഡോക്ടറാണെന്നു താങ്കൾ ക്കറിയാവുന്ന കാര്യമാണല്ലോ? മൗലവി സാഹിബ് പറഞ്ഞു മകൻ ഡോക്ടറായതു കൊണ്ട് പിതാവി ന്റെ വൃക്കയിൽ കല്ലുണ്ടാകാതിരി ക്കണമെന്നില്ല. ഇതു കൂടി കേട്ട പ്പോൾ കോപം സഹിക്കാനാവാതെ അദ്ദേഹം അവിടെ നിന്നും എഴുന്നേ റ്റു പോയി. ഈ പരിശോധനയും സംസാരവും മൗലവി സാഹിബി നോടുള്ള രാജാ സൂരജ് കോളിന്റെ വ്യക്തി വൈരാഗ്യവും മാനസിക അകലവും ഒന്നു കൂടി വർദ്ധിപ്പിച്ചു.

കുറച്ചു നാളുകൾക്കു ശേഷം ലാഹോർ മെഡിക്കൽ കോളജിലെ ബ്രിട്ടീഷുകാരനായ പ്രൊഫസർ പീരി മറ്റൊരാവശ്യാർഥം ജമ്മുവിൽ ചെന്നപ്പോൾ മഹാരാജാവു രാജാ സൂരജ് കോളിന്റെ അസുഖത്തെ കുറിച്ചു അദ്ദേഹത്തെ ധരിപ്പിക്കു കയും വേണ്ട ചികിത്സ നൽകാൻ അപേക്ഷിക്കുകയും ചെയ്തു. ഡോക്ടർ അദ്ദേഹത്തെ പരിശോധി ച്ച ശേഷം കാര്യം നിസ്സാരമല്ലെന്നു കണ്ടു ചിന്തിക്കാൻ തുടങ്ങി. ആ അവസരത്തിൽ മൗലവി സാഹി ബിന്റെ രോഗനിർണയത്തിലുള്ള കഴിവിനെ വളരെ നിസ്സാരമാക്കി, ഇവിടെ കൊട്ടാരത്തിലുള്ള ഒരു നാടൻ വൈദ്യൻ എന്റെ വൃക്കയിൽ കല്ലുണ്ടെന്നു പറഞ്ഞതായി രാജാ സൂരജ് കോൾ തന്നെ ഡോക്ടർ പീരിയോടു പറഞ്ഞു. അതു കേട്ടപ്പോൾ ഡോക്ടർ പീരി മറ്റൊരു ഡോക്ടറോടും കൂടി ആലോചിച്ചു ഓപ്പറേഷൻ വേണമെന്നു നിർദേ ശിച്ചു. താമസിയാതെ ഓപ്പറേഷൻ നടന്നു. അതിൽ അദ്ദേഹത്തിന്റെ വൃക്കയോടു ചേർന്നുള്ള ഭാഗത്തു കല്ലു കണ്ടെത്തുകയും നീക്കം ചെയ്യുകയും ചെയ്തു. ഹദ്റത്ത് മൗലവി സാഹിബിന്റെ കൂടി കണ്ടെത്തലിനെ മുൻനിർത്തിയാ ണു ഓപ്പറേഷൻ നടത്തിയത്. അതിനാൽ ഡോക്ടർ പീരി മൗലവി സാഹിബിന്റെ രോഗനിർണയത്തി ലുള്ള കഴിവിനെ വാനോളം

പുകഴ്ത്തി സംസാരിക്കുകയുണ്ടായി. അതു രാജാസൂരജ് കോളും കേട്ടിരുന്നു. അതിനാൽ അദ്ദേഹം സംസാരിക്കാനായി മൗലവി സാഹിബിനെ ആളയച്ചു വിളിപ്പിച്ചു. പക്ഷേ, മൗലവി സാഹിബ് അദ്ദേഹ ത്തെ കാണാൻ ചെന്നില്ല. അതോടെ രാജാ സൂരജ് കോളുമായുള്ള ബന്ധം പൂർണമായും ശിഥിലമായി. മൗലവി സാഹിബ് പറയുകയാണു എനിക്കു വ്യക്തമായ തെളിവുകളി ല്ലെങ്കിലും സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ പറയുകയാണു ഈ സംഭവത്തിനു ശേഷം എന്നെ കാണുന്നതോ ഞാൻ അവിടെ ജോലിയിൽ തുടരുന്നതോ അദ്ദേഹം തീരെ ഇഷ്ടപ്പെട്ടില്ല എന്നാണു എനിക്കു മനസ്സിലായത്.

## ഒരിക്കലും പ്രതീക്ഷിക്കാത്ത പ്രതികാര നടപടി

പിന്നീട് രാജാ സൂരജ് കോളും മറ്റു ചില കൗൺസിൽ അംഗങ്ങളും മൗലവി ഹക്കീം നൂറുദ്ദീൻ സാഹി ബിന്റെ കൊട്ടാരത്തിലെ ജോലി അവസാനിപ്പിക്കാനായി മഹാരാജാ വുമായി ചില നീക്കുപോക്കുകളും ചരടു വലികളും ഉള്ളിലൂടെ നടത്താൻ തുടങ്ങി. അവർക്കു മൗലവി സാഹിബ് തികച്ചും അനഭിമതനായി (persona non grata) കഴിഞ്ഞിരുന്നു. ആഴ്ചകൾ വീണ്ടും കടന്നുപോയി. ആയിടെ യ്ക്കു കൗൺസിൽ അംഗമായിരു ന്ന ലാലാ ബാഗ്റാം ഹദ്റത്ത് മൗലവി സാഹിബിനെ സമീപിച്ചു ജോലിയിൽ നിന്നും സ്വയം രാജിവച്ചു പിരിഞ്ഞുപോകുന്നതു നന്നായിരിക്കുമെന്നു ഉപദേശിച്ചു. മൗലവി സാഹിബ് പറഞ്ഞു ഒരാളു ടെ ഉപജീവനം ഒരു കാരണവുമില്ലാ തെ ഉപേക്ഷിക്കുന്നതു ഇസ്ലാം അംഗീകരിക്കുന്നില്ല. മാത്രവുമല്ല അങ്ങനെ ചെയ്യുന്നതു മഹാരാജാ വിനോടു കാണിക്കുന്ന കൃതഘ്നത യുമായിരിക്കും. അതു കൊണ്ട് ഞാനതു ചെയ്യുകയില്ല. മൗലവി സാഹിബ് സ്വയം പിരിഞ്ഞു പോവുകയാണെങ്കിൽ സംസ്ഥാന ത്തിന്റേയും ജനങ്ങളുടേയും നന്മയും ക്ഷേമവും മാത്രം മുൻനിർ ത്തി പത്തു പതിനാറു വർഷം ആത്മാർഥമായി പ്രവർത്തിച്ച ഒരാളെ ഒരുകാരണവുമില്ലാതെ പിരിച്ചു വിട്ടുവെന്ന ആക്ഷേപം ആരിൽ നിന്നും ഉണ്ടാവുകയില്ലല്ലോ എന്നു കരുതിയിട്ടായിരിക്കാം ലാലാ ബാഗ്റാമിനെ കൊണ്ട് അങ്ങനെ പറയിച്ചതു.

അവസാനം മഹാരാജാ പ്രതാപ് സിംങ് ശ്രീനഗറിൽ നിന്നും കമ്പി സന്ദേശത്തിലൂടെ ജമ്മുവിലേ യ്ക്കു മൗലവി സാഹിബിനെ ജോലിയിൽനിന്നും പിരിച്ചു വിട്ട തായും നാൽപത്തിയെട്ടു മണിക്കൂ റിനകം സംസ്ഥാനം വിട്ടുപോയി കൊള്ളണമെന്നുമുള്ള ഉത്തരവു പുറപ്പെടുവിച്ചു. മൗലവി സാഹിബ് തികച്ചും അക്ഷോഭ്യനായി അതു കൈപറ്റി. അതോടെ ജമ്മു കശ്മീർ സംസ്ഥാനവുമായി 1876ൽ മഹാ രാജാ റൺബീർ സിംഗിലൂടെ ആരംഭിച്ച ബന്ധം 1892 സപ്തബറിൽ അദ്ദേഹത്തിന്റെ മകനിലൂടെ അവസാനിച്ചു. പൈസാ ദിനപത്രം ലാഹോർ, ചൗദവീംസദി റാവൽപി ണ്ടി തുടങ്ങിയ പത്രങ്ങൾ രാജാവി ന്റെ ഈ നടപടിയെ ശക്തമായ ഭാഷയിൽ അപലപിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ ഉന്നമനത്തിനു വേണ്ടി അഹോരാത്രം സേവനമനു ഷ്ടിച്ച മൗലവി സാഹിബിനെ പോലുള്ള ഒരാളോടു ഈ കാണിച്ചതു അന്യായമായിപ്പോയെ ന്നു പത്രങ്ങളെഴുതി. പക്ഷേ, മൗലവി സാഹിബ് ഒന്നും പറഞ്ഞി ല്ല. ആരേയും കുറ്റപ്പെടുത്തിയില്ല. അദ്ദേഹം നാൽപത്തിയെട്ടു മണി ക്കൂറിനകം തന്നെ സംസ്ഥാനം വിട്ടു പോകാൻ തീരുമാനിച്ചുകൊണ്ട് ഒരുക്കങ്ങൾ ആരംഭിച്ചു.

## ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സാന്ത്വനം

എല്ലാ വിവരങ്ങളും സാധാര ണ അറിയിക്കാറുള്ളതു പോലെ ഈ വിവരവും ഉടൻ തന്നെ മൗലവി സാഹിബ് ഖാദിയാനിൽ തന്റെ ആത്മീയ ഗുരുവായ യജമാനനെ അറിയിച്ചു. അതിനു മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ മറുപടി എഴുതി. (പ്രസക്ത ഭാഗം)

ബഹുമാനപ്പെട്ട എന്റെ സഹോ ദരൻ മൗലവി സാഹിബ്, അസ്സലാമു അലൈക്കും വ റഹ്മതുല്ലാഹി വ ബറകാത്തുഹു. താങ്കളുടെ സ്നേഹനിർഭരമായ എഴുത്തു കിട്ടി. വായിച്ചപ്പോൾ മനസ്സിൽ മനുഷ്യ സഹജമായ ഞെട്ടലും ആശ്ചര്യവു മുണ്ടായി. അടുത്ത നിമിഷംതന്നെ ഹൃദയത്തിനു ശക്തിയും സമാധാ നവും കൈവരിക്കാൻ സാധിച്ചു. ഇതു തന്ത്രജ്ഞനും കാരുണാമയ നുമായ അല്ലാഹുവിൽ നിന്നുള്ള ഒരു പരീക്ഷണമാണ്. ഭയപ്പെടേണ്ട യാതൊരാവശ്യവുമില്ല. അല്ലാഹു തന്റെ ദാസരോടു ചിലപ്പോൾ സ്നേഹം കാണിക്കുന്നതു ഇത്തര ത്തിലുള്ള പരീക്ഷണങ്ങളിലൂടേ യും ആവാം.

മൂന്നു നാലു ദിവസമായി ഞാൻ ചില ഭയപ്പെടുത്തുന്ന സ്വപ്നങ്ങൾ കണ്ടിരുന്നു. നമ്മുടെ സ്നേഹിതരിൽ പെട്ട ഒരാളെ ശത്രു അക്രമിച്ചു നഷ്ടമുണ്ടാക്കിയിരിക്കു ന്നു. അതോടൊപ്പം ആ ശത്രുവിന്റെ കഥയും കഴിഞ്ഞിട്ടുണ്ട്. ഞാൻ അങ്ങേയ്ക്കു വേണ്ടി എത്ര മാത്രം ദുആ ചെയ്തിട്ടുണ്ടെന്നും അതു എന്തു മാത്രം ഹൃദയമുരുകിയുള്ള താണെന്നും സർവശക്തനായ അല്ലാഹുവിന്നു നന്നായിട്ടറിയാം. ദുആ ചെയ്യുന്നതു ഞാൻ നിർത്തി യിട്ടില്ല. കാരുണ്യവാനായ റബ്ബിൽ നിന്നും വരും ദിനങ്ങളിൽ തന്നെ മനസ്സിനു സന്തോഷം പകരുന്ന വാർത്തക്കായി ഞാൻ കാത്തിരി ക്കുകയാണ്. അല്ലാഹു ഇഛിക്കുക യാണെങ്കിൽ ഏതാനും ദിവസങ്ങ ൾക്കകം തന്നെ ഞാനാ വിവരം താങ്കൾക്കു നൽകുന്നതായിരിക്കും. തുടർന്നും ഞാൻ ദുആ ചെയ്യുന്ന താണ്. ഇൻശാ അല്ലാഹ്. എല്ലാ ശക്തിയുടേയും ഉറവിടവും എന്നെ ന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും എല്ലാറ്റിനേ യും നിലനിർത്തുന്നവനുമായ

സമാധാന സാമ്രാട്ടും അഭയദാതാവും നമുക്കുണ്ട്. സഹായമർഥിച്ചു കൊണ്ട് നമ്മൾ അവനു മുന്നിലാണു സാഷ്ടാഗം പ്രണമിക്കുന്നത്.

മറ്റു ഭാവികാര്യങ്ങൾ വിനീതനെ പെട്ടെന്നു തന്നെ അറിയിക്കുവാനപേക്ഷ. വസ്സലാംവിനീതൻ ഗുലാം അഹ്മദ് ഖാദിയാൻ.

## മടക്കം സ്വദേശമായ ഭേരയിലേയ്ക്ക്

1889 മാർച്ചിൽ ബൈഅത്ത് ചെയ്തതിനു ശേഷം മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ജീവിത ലക്ഷ്യവും അഭിലാഷവും ദീനീ സേവനങ്ങൾക്കായി എല്ലാം ഉപേക്ഷിച്ചു കൊണ്ട് ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സന്നിധിയിൽ ചെന്നു താമസിക്കണമെന്നായിരുന്നു. അതിനായി ഒരിക്കൽ അദ്ദേഹം രാജകൊട്ടാരത്തിലെ ജോലി ഹദ്റത്ത് മസീഹ് മൗഊദി (അ)നോടു പറയാതെ രാജി വച്ചിട്ടുണ്ടായിരുന്നു. അന്നു രാജാവ് രാജി സ്വീകരിച്ചില്ല. മറ്റൊരിക്കൽ അതെ ആഗ്രഹത്തോടെ മസീഹ് മൗഊദി(അ)നോടു അനുവാദം ചോദിച്ചുവെങ്കിലും ഹുസൂർ വിലക്കിയതു കാരണം അന്നും അതു നടന്നില്ല. ഇപ്പോഴും അദ്ദേഹത്തിന്റെ ഹൃദയം അതിന്നായി വെമ്പൽ കൊള്ളുന്നുണ്ടെങ്കിലും വലിയൊരു സംഖ്യ കടംവീട്ടാനുള്ളതു കൊണ്ട് ഈ അവസ്ഥയിൽ ഖാദിയാനിലെ താമസം സന്തോഷകരവും സമാധാന പൂർണവുമായിരിക്കുകയില്ലെന്നു അദ്ദേഹം കരുതി. ചില്ലറ കടങ്ങൾക്കു പുറമെ ജമ്മുവിലുള്ള ഒരാൾക്കു മാത്രം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഒരു ലക്ഷത്തി തൊണ്ണൂറ്റയ്യായിരം (1,95,000) രൂപ കടക്കാരനായിരുന്നു. അതിനാലാണു അദ്ദേഹം ജമ്മുവിൽ നിന്നുള്ള മടക്കം തൽക്കാലം ഭേരയിലേയ്ക്കു തീരുമാനിച്ചത്. അവിടെ ചെന്നു സാമാന്യം വലിയൊരു ആതുരാലയവും നല്ലൊരു വീടും ഉണ്ടാക്കാനാണു ഇപ്പോഴത്തെ പരിപാടി.

ഹദ്റത്ത് മൗലവി സാഹിബിനു രാജകൊട്ടാരത്തിൽ നിന്നു പ്രതിമാസം ആയിരത്തി അഞ്ഞൂറു (1,500) രൂപയോളം വേതനമായി ലഭിച്ചിരുന്നു. ആ കാലത്തു ഈ തുക തീർച്ചയായും വലിയൊരു സംഖ്യയാണ്. ശംമ്പളത്തിനു പുറമെ കൊല്ലത്തിൽ പല തവണ ഓരോരോ പ്രത്യേക അവസരങ്ങളിൽ മഹാരാജാവിൽ നിന്നും ലഭിക്കുന്ന വിലയേറിയ സമ്മാനങ്ങളും പാരിതോഷികങ്ങളും ഉപഹാരങ്ങളും അതിനു പുറമെയാണ്. അതു പണമാവാം സ്വർണമാവാം അല്ലെങ്കിൽ മറ്റെന്തെങ്കിലും വില പിടിച്ച വസ്തുക്കളാവാം. അത്തരത്തിൽ അദ്ദേഹത്തിനു ഒരു വർഷം വലിയൊരു വരുമാനമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം എല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചു കൊണ്ടുള്ള ജീവിതമായിരുന്നു നയിച്ചു കൊണ്ടിരുന്നത്. തന്റെ വരുമാനം മുഴുവനും ദീനിയായ കാര്യങ്ങൾക്കും അഗതികൾക്കും വിധവകൾക്കും അനാഥരുടേയും വിദ്യാർഥികളുടേയും ഉന്നമനത്തിനും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി നിർല്ലോഭം ചിലവഴിച്ചിരുന്നതിനാൽ ചില അവസരങ്ങളിൽ വീട്ടാവശ്യങ്ങൾക്കു മൗലവി സാഹിബ് ബുദ്ധിമുട്ടിയിരുന്നു. മാത്രമല്ല ഈ ആവശ്യങ്ങൾക്കു പണം തികയാതെ വന്നാൽ അദ്ദേഹം മറ്റുള്ളവരിൽ നിന്നും കടവും വാങ്ങിക്കാറുണ്ടായിരുന്നു. അദ്ദേഹം ഒരിക്കലും പണം ശേഖരിച്ചു വയ്ക്കുകയോ മിച്ചം വയ്ക്കുകയോ ചെയ്തിരുന്നില്ല. ആ നിലയ്ക്കു ജോലിയിൽ നിന്നും പിരിച്ചു വിട്ടതായ ഉത്തരവു ലഭിച്ചപ്പോൾ മൗലവി സാഹിബിന്റെ സ്ഥാനത്തു മറ്റൊരാളായിരുന്നുവെങ്കിൽ തീർച്ചയായും ഭാവിയെ കുറിച്ചു ചിന്തിച്ചു പതറിപ്പോകുമായിരുന്നു.

കാരണം തന്റെ ഭാര്യാ മക്കളുടെ ചിലവിനായി ഒരു ചില്ലിക്കാശു പോലും കൈയിലില്ല. ഇതുവരെ ചെയ്തു കൊണ്ടിരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരണമെങ്കിൽ പണം വേണം. ഒരു പൈസ മിച്ചം വച്ചിട്ടില്ല. മിച്ചമുള്ളതു കടങ്ങളാണ്. ലക്ഷങ്ങളുടെ കടങ്ങൾ. താൻ ഏറ്റെടുത്ത ദീനിന്റെ കാര്യങ്ങളും പൂർത്തിയാക്കാനുണ്ട് അഗതികളുടെയും വിധവകളുടേയും അനാഥരുടേയും വിദ്യാർഥികളുടെയും ആവശ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. തന്റെ വരുമാന മാർഗമായ കൊട്ടാരത്തിലെ ജോലി ഒരു മുന്നറിയിപ്പുമില്ലാതെ ഒരൊറ്റ ദിവസത്തിന്റെ ഇടവേളയിൽ ഇല്ലാതായി. എന്നാൽ ഇതു ഹദ്റത്ത് മൗലവി സാഹിബിന്റെ മനസ്സിൽ പരിഭ്രമത്തിന്റെ നേരിയ ഒരു കണിക പോലും സൃഷ്ടിച്ചില്ല. കാരണം ഇതെല്ലാം തന്നെ അല്ലാഹു നൽകുന്ന അനുഗ്രഹങ്ങളാണെന്നും അവൻ ഇനിയും നൽകുമെന്നുമുള്ള അടിയുറച്ച വിശ്വാസം. ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുകയാണു മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ജോലിയിൽ നിന്നും പിരിച്ചുവിട്ട അവസരത്തിൽ ഞാൻ ജമ്മു ഹൈസ്ക്കൂളിൽ അധ്യാപകനായി ജോലി ചെയ്യുകയായിരുന്നു. എല്ലാ കാര്യങ്ങൾക്കും ഞാൻ സാക്ഷിയാണ്. മൗലവി സാഹിബിനെ ഇതു ഒരുതരത്തിലും സ്വാധീനിച്ചിരുന്നില്ല. പിരിച്ചുവിട്ട കാര്യം അദ്ദേഹം അറിഞ്ഞില്ലേ എന്നു മറ്റുള്ളവർക്കു സംശയം തോന്നുന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. യാതൊരു തരത്തിലുള്ള ദു:ഖമോ പരിഭ്രമമോ അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. എല്ലാ പരിപാടികളും പതിവുകളും സാധാരണ പോലെ തന്നെ അദ്ദേഹം നിർവഹിച്ചു. ദിവസേന നൽകാറുള്ള ദറസ് നൽകുകയും രോഗികളെ പരിശോധിച്ചു മരുന്നു നിർദേശിക്കുകയും തന്നെ സന്ദർശിക്കാൻ വന്നവരോടു സാധാരണ പോലെ കുശലാന്വേഷണം നടത്തുകയും പിറ്റേ ദിവസത്തെ യാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി കൊണ്ടിരിക്കുകയും ചെയ്തു.

## അല്ലാഹുവിലുള്ള മഹത്തായ വിശ്വാസവും തവക്കലും

ജമ്മുവിൽ ഹാക്കിം എന്നു പേരുള്ള ഒരു ഹിന്ദു പല ചരക്കു വ്യാപാരി ഉണ്ടായിരുന്നു. മൗലവി സാഹിബുമായി നല്ല സഹവർത്തിത്വത്തിലായിരുന്ന അയാൾ ഹദ്റത്ത് മൗലവി സാഹിബിന്റെ വരവു ചിലവുകൾ ഏറെക്കുറേ നന്നായി മനസ്സിലാക്കിയിരുന്നു. അതിനാൽ അയാൾ എന്നും ഹദ്റത്ത് മൗലവി സാഹിബിനെ ഉപദേശിച്ചു കൊണ്ടു പറയും മൗലവി സാഹിബ്, താങ്കൾ ഇവിടത്തെ കാര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല. ഇവിടെ എപ്പോഴാണു മാറ്റങ്ങൾ ഉണ്ടാവുന്നതെന്നോ സാമ്പത്തികമായ അത്യാവശ്യം നേരിടുന്നതെന്നൊ ആർക്കും പറയാൻ പറ്റുകയില്ല. അതുകൊണ്ട് താങ്കൾ കിട്ടുന്ന പണം മുഴുവൻ ചിലവഴിക്കാതെ ഒരു നൂറു രൂപയെങ്കിലും മാസം മാറ്റിവെക്കണം. മിച്ചം വയ്ക്കണം. അതു ഭാവിയിലേയ്ക്കു ഉപകരിക്കും. മറ്റു യാതൊരു ദുരുദ്ദേശ്യവുമില്ലാത്ത വളരെ സൗഹാർദവും ആത്മാർഥവുമായ ഉപദേശമായിരുന്നു അതു. അതിനു മറുപടിയായി, മൗലവി സാഹിബ് പറയും നോക്കൂ ഹാക്കിം, ഇത്തരം ചിന്തകൾ മനസ്സിൽ കൊണ്ടു നടക്കുന്നതു തന്നെ തെറ്റാണ്. അതു അല്ലാഹുവിലുള്ള വിശ്വാസക്കുറവാണു കാണിക്കുന്നത്. ഞാൻ അങ്ങനെ ചെയ്യുകയില്ല. ഇൻശാ അല്ലാഹ് തനിക്ക് അത്തരത്തിലുള്ള യാതൊരു ബുദ്ധിമുട്ടും നേരിടുകയില്ല. ഉണ്ടായെങ്കിൽ സർവശക്തനായ അല്ലാഹു നോക്കിക്കൊള്ളും.

മൗലവി നൂറുദ്ദീൻ സാഹിബിനെ സർക്കാർ ജോലിയിൽ നിന്നും പിരിച്ചു വിട്ട ദിവസം തന്നെ വിവരം ഹാക്കിമും അറിഞ്ഞു. അയാൾ ഉടനെ മൗലവി സാഹിബിന്റെ അടുക്കൽ വന്നു. സംസാരമദ്ധ്യേ അയാൾ പറഞ്ഞു മൗലവി സാഹിബ്, ഞാൻ എല്ലാ വിവരങ്ങളും അറിഞ്ഞു. എന്റെ ഉപദേശം ഇന്നെങ്കിലും താങ്കൾ ഓർക്കുന്നുണ്ടാകുമെന്നു ഞാൻ കരുതുന്നു. ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു നിന്റെ ഉപദേശത്തെ ഏതൊരു അവജ്ഞയോടെയാണോ ഞാൻ നേരത്തെ കണ്ടിരുന്നതു ഇപ്പോഴും അങ്ങനെ മാത്രമേ കാണുന്നുള്ളു. അല്ലാഹു ഒരിക്കലും എനിക്ക് ഒരു ബുദ്ധിമുട്ടും വരുത്തുകയില്ല. അതെന്റെ ദൃഢ വിശ്വാസമാണ്. ഹാക്കിമുമായി സംസാരിച്ചു കൊണ്ടിരിക്കേ സർക്കാർ ഖജനാവിൽ നിന്നുള്ള ഒരു ദൂതൻ ഒരു കത്തുമായി വന്നു. അതോടൊപ്പം നാന്നൂറ്റി എൺപതു രൂപയും ഉണ്ടായിരുന്നു. ഈ മാസം താങ്കൾ ചെയ്ത ജോലിയുടെ ശമ്പളമാണിതെന്നു കത്തിൽ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇതു കണ്ടു ഹാലിളകിയ ഹാക്കിം ദ്വേഷ്യത്തോടെ സർക്കാർ ഉദ്യോഗസ്ഥരെ പച്ചത്തെറി വിളിച്ചു കൊണ്ട്, നൂറുദ്ദീൻ നിങ്ങൾക്കെതിരിൽ കേസ്സൊന്നും കൊടുത്തില്ലല്ലോ? പിന്നെന്തിനാണു ഇതിപ്പോൾ തന്നെ അയച്ചതു എന്നു പിറുപിറുക്കാൻ തുടങ്ങി.

ഹാക്കിമിന്റെ ദ്വേഷ്യം തണുക്കുന്നതിനു മുമ്പു തന്നെ ഈ സംസാരം നടന്നു കൊണ്ടിരിക്കേ കൊട്ടാരത്തിൽ നിന്നുള്ള മറ്റൊരു ദൂതൻ മൗലവി സാഹിബിന്റെ പേരിൽ ഒരു കത്തുമായി വന്നു. അതു മഹാറാണിയുടെ കത്തായിരുന്നു. അതോടൊപ്പം ചെറുതല്ലാത്ത നല്ലൊരു സംഖ്യയും ഉണ്ടായിരുന്നു. എന്റെ കൈയിൽ ഇപ്പോൾ ഇത്ര മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും അല്ലെങ്കിൽ ഇതിൽ കൂടുതൽ പണം അയക്കുമായിരുന്നുവെന്ന ക്ഷമാപണത്തോടെ മഹാറാണി കത്തിൽ യാത്രാമംഗളം നേർന്നിട്ടുണ്ടായിരുന്നു. ഇതുകൂടി കണ്ടു ഹാലിളകിയ ഹാക്കിം ദ്വേഷ്യം കൊണ്ട് പലതും പുലമ്പിക്കൊണ്ടിരുന്നു. അയാളുടെ ഉപദേശം സ്വീകരിക്കാതിരുന്നതു വലിയ തെറ്റായിപ്പോയെന്നു അയാൾ സ്ഥാപിച്ചു കൊണ്ടിരിക്കുമ്പോഴാണു രണ്ടു ഭാഗത്തു നിന്നും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വന്നു കൊണ്ടിരുന്നതു. അല്ലാഹു ഒരിക്കലും തന്നെ ബുദ്ധിമുട്ടിലാക്കുകയില്ലെന്നതു ഹദ്റത്ത് മൗലവി സാഹിബിന്റെ ദൃഢ വിശ്വാസമാണല്ലോ. എന്നാൽ ഹാക്കിം വിടാൻ തയ്യാറല്ല. അയാൾക്കു മൗലവി സാഹിബിന്റെ വലിയ സംഖ്യയുടെ കടത്തിന്റെ കാര്യവും അറിയാമായിരുന്നു. ഹാക്കിം പറഞ്ഞു കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയി ശരി തന്നെ. പക്ഷേ, ഒരു ലക്ഷത്തി തൊണ്ണൂറ്റയ്യായിരം (1,95,000) രൂപയുടെ കാര്യം എന്താവും. താങ്കൾ ഇപ്പോൾ ഇവിടെ നിന്നു പോവുകയാണു. ആ നിലയ്ക്കു അവർക്കു വ്യക്തമായ ഉറപ്പു ലഭിക്കാതെ അവർ താങ്കളെ വിടുമെന്നു കരുതുന്നുണ്ടോ?

ഈ കാര്യം അയാൾ പറഞ്ഞതേയുള്ളൂ അപ്പോഴേക്കും പ്രസ്തുത കടം നൽകാനുള്ള വ്യക്തിയുടെ ഒരു ദൂതൻ തിരക്കിട്ടു വന്നു മൗലവി സാഹിബിനു മുന്നിൽ കൈകൂപ്പി നിന്നു വിനയപുരസ്സരം പറഞ്ഞു. എന്റെ മുതലാളി സ്ഥലത്തില്ല. എന്നെ കമ്പിയടിച്ചു അറിയിച്ചതു പ്രകാരമാണു ഞാൻ വന്നിരിക്കുന്നതു. സർക്കാർ ജോലി അവസാനിച്ചതുകൊണ്ട് താങ്കൾക്കു നാട്ടിലേക്കു തിരിച്ചു പോകാനുണ്ടെന്നും ഒരു പക്ഷേ, താങ്കളുടെ കൈയിൽ പണമൊന്നും ഉണ്ടായിരിക്കുകയില്ലെന്നും അതിനാൽ താങ്കൾക്കാവശ്യമുള്ള പണം എത്രയാണെങ്കിലും നൽകണമെന്നും താങ്കളുടെ മുഴുവൻ സാധനങ്ങളും ഭേരയിൽ വീട്ടിൽ ഭദ്രമായി എത്തിക്കണമെന്നും മുതലാളി എന്നോടു കൽപിച്ചിരിക്കുകയാണു.

മൗലവി സാഹിബ് അയാളോടു പറഞ്ഞു, ഔദാര്യത്തിനു വളരെ നന്ദിയുണ്ട്. എനിക്ക് പണത്തിന്റെ ആവശ്യമില്ല. സർക്കാർ ഖജനാവിൽ നിന്നും കിട്ടിയതിന്നു പുറമെ മഹാറാണിയും അയച്ചു തന്നിട്ടുണ്ട്. അതിനാൽ കൈയിലിപ്പോൾ

ആവശ്യത്തിൽ കൂടുതൽ പണമുണ്ട്. എന്റെ സാധനങ്ങൾ ഞാൻ തന്നെ കൂടെ കൊണ്ടുപോയി കൊള്ളാം. കുഴപ്പമില്ല. ഇതൊക്കെ കേട്ടു ഹാക്കിം ആകെ ഇളിഭ്യനായി പോകാനായി എഴുന്നേറ്റു നിന്നു. എന്നിട്ടു പറഞ്ഞു ഈ ദൈവവും പക്ഷപാതമാണു കാണിക്കുന്നത്. എന്നെ പോലെയുള്ളവർക്കു രാവിലെ മുതൽ വൈകുന്നേരം വരെ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമാണു വല്ലതും കിട്ടുന്നത്. ഇവിടെ നോക്കൂ, കടം കൊടുത്ത പണം പോലും തിരിച്ചു ചോദിക്കാതെ വീണ്ടും കൂടുതൽ പണം കടം കൊടുക്കുകയാണ്.

പിന്നീട് മൗലവി സാഹിബ് ഹാക്കിമിനോട് പറഞ്ഞു, ഓ, ഹാക്കിം അല്ലാഹു ഹൃദയങ്ങളെ നന്നായി അറിയുന്നവനാണു. കടം വീട്ടാനുള്ള 1,95,000 രൂപ അധികം താമസിയാതെ തന്നെ ഞാൻ തിരിച്ചു കൊടുക്കുന്നതായിരിക്കും. അല്ലാഹു ഒരിക്കലും എന്നെ ബുദ്ധിമുട്ടിലാക്കുകയില്ല. അല്ലാഹുവുമായുള്ള എന്റെ ആ രഹസ്യങ്ങളൊന്നും തന്നെ നിന്നോടു പറഞ്ഞാൽ നിനക്ക് മനസ്സിലാവുകയില്ല. അതൊക്കെ നിന്റെ സങ്കൽപത്തിന്നതീതമാണ്. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ജമ്മു കശ്മീരിൽ നിന്നും ഭേര തിരിച്ചെത്തിയ ശേഷം കടം വീട്ടാനുള്ള വ്യക്തിക്കു ഒരു കത്തയച്ചു. അതോടൊപ്പം അഞ്ചു രൂപയും. അതു കിട്ടിയപ്പോൾ അദ്ദേഹം മൗലവി സാഹിബിന്നെഴുതി, താങ്കളെന്നോടു തമാശ കളിക്കുകയാണോ? അതിനു മറുപടിയായി മൗലവി സാഹിബ് അദ്ദേഹത്തിന്നെഴുതി. ഒരിക്കലും തമാശ കളിക്കുകയോ പരിഹസിക്കുകയോ അല്ല. എന്റെ കൈയിൽ ഇപ്പോൾ അതു മാത്രമാണുണ്ടായിരുന്നത്. അതു ഞാൻ അയച്ചു എന്നു മാത്രം. എന്റെ മേൽ താങ്കളുടെ ഒരു ലക്ഷത്തിതൊന്നൂറ്റയ്യായിരം രൂപയുടെ കടമുണ്ട്. അതു ഇൻശാ അല്ലാഹ് ഞാൻ തന്നെ വീടുന്നതായിരിക്കും. താങ്കൾ ഒരിക്കലും പരിഭ്രമിക്കരുത്.

(തുടരും)

---

**പേജ് 25 ൽ നിന്ന് തുടർച്ച**

വിടുന്ന ആ ശക്തിയുടെ മറ്റു അവകാശവാദങ്ങളെ എത്രയും പെട്ടെന്ന് മുഖവിലക്കെടുക്കേണ്ടതുണ്ട്. കുറഞ്ഞപക്ഷം, ഒരു അന്വേഷണമെങ്കിലും നടത്താവുന്നതാണ്. പക്ഷെ നമ്മുടെ നാസ്തികരായ സുഹൃത്തുക്കൾ അത്രപോലും ചെയ്യില്ലെന്നതാണ് സത്യം. മനുഷ്യന് ഇന്നും ഉത്തരം ലഭിച്ചിട്ടില്ലാത്ത പല മേഖലകളിലുള്ള പല ചോദ്യങ്ങളുടെയും രഹസ്യങ്ങളുടെയും ചുരുളഴിക്കാൻ ഈ ശക്തിക്ക് സാധിക്കും.

ഹസ്രത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ഇപ്രകാരം എഴുതുന്നു:

നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചമെന്ന സങ്കൽപം ഖുർആനിൽ മാത്രമുള്ളതാണെന്ന കാര്യം നാം ഓർക്കണം. ഇതിനെ സംബന്ധിച്ച് മറ്റൊരു ദൈവീക ഗ്രന്ഥവും വിദൂരമായ സൂചന പോലും നൽകിയിട്ടില്ല. പ്രപഞ്ചം നിരന്തരം വികസിച്ചുകൊണ്ടിരിക്കുന്നുവെന്ന കണ്ടുപിടിത്തം ശാസ്ത്രജ്ഞന്മാർ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. കാരണം, പ്രപഞ്ചം തുടക്കത്തിൽ എങ്ങനെ ഉണ്ടാക്കപ്പെട്ടു എന്ന ധാരണയുണ്ടാക്കാൻ അത് സഹായകമാവും. ബിഗ് ബാംഗ് സിദ്ധാന്തത്തിലേക്ക് കൃത്യമായി ആനയിക്കുന്ന രീതിയിൽ പ്രപഞ്ചസൃഷ്ടിയുടെ ഘട്ടം ഘട്ടമായുള്ള പ്രക്രിയയെപ്പറ്റി അത് വ്യക്തമായും വിവരിക്കുന്നു. (വെളിപാട് യുക്തി ജ്ഞാനം സത്യം, പേജ്: 470)

## ഒരു അവസാന സമസ്യ നമുക്കുള്ളിലുള്ള ദൂരദർശിനി

ഈ അവസാനത്തെ പ്രശ്നത്തെ പരിഗണിക്കുന്നതിൽ നമ്മുടെ നാസ്തിക സുഹൃത്തുക്കൾ പൂർണ പരാജയമാണെന്നത് എത്ര നിർഭാഗ്യകരമാണ്. ദൈവത്തെ കണ്ടെത്തുന്നത് ഇലക്ട്രോൺ സൂക്ഷ്മദർശിനികളിലേക്കും (electron microscope), നാസയുടെ സ്പിറ്റ്സർ സ്പേസ് ടെലിസ്കോപ്പിലേക്കും (NASA's Spitzer Space Telescope), ജെയിംസ് വെബ് ടെലിസ്കോപ്പിലേക്കും (James Webb telescope) ഒതുങ്ങിയിരിക്കുന്ന ഒന്നാണെങ്കിൽ, ആയിരം വർഷം മുൻപുള്ള മനുഷ്യരുടെ അവസ്ഥയെന്താണ്?

ദൈവം നിലനിൽക്കുന്നുണ്ടെങ്കിൽ, അവനെ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും അനുഭവിക്കുന്നതിനുമുള്ള ഉപകരണങ്ങൾ മനുഷ്യന്റെ ജൈവഘടനയിൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപേ അവൻ നട്ടിരിക്കാമെന്നതാണ് പ്രായോഗികമായ ഉത്തരം. മനുഷ്യപ്രകൃതിയിൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് വിതക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനയാകുന്ന ആ ദൂരദർശിനി, സത്യത്തെ നിഷേധിക്കുകയും എതിർക്കുകയും ചെയ്യുന്നവർക്കെതിരെയുള്ള അവിതർക്കിത അടയാളമായി എല്ലാ കാലത്തും നിലകൊള്ളുന്നു.

അതിനാൽ തന്നെ, നമ്മുടെ പുറത്തേക്ക് നോക്കുന്നതിനേക്കാൾ പ്രാധാന്യം അകത്തേക്ക് നോക്കുന്നതിനാണെന്നത് ചിന്തിക്കേണ്ട കാര്യം തന്നെയാണ്. ദൈവത്തിന്റെ യഥാർത്ഥ പ്രവാചകന്മാരെ സംരക്ഷിക്കുന്ന ആ അദൃശ്യ ശക്തിയെ പറ്റി അന്വേഷിക്കേണ്ട ആവശ്യമില്ലേ? എല്ലാത്തിനുമുപരിയായി, മനുഷ്യചരിത്രത്തിലുടനീളം നിസഹായരായ പ്രവാചകന്മാർക്ക് അചിന്ത്യമായ വിജയം നൽകിയ ആ അനിഷേധ്യ ശക്തി എന്താണ്?

ജോർദാൻ ഒരു ചരിത്ര ഭൂമി - 5

# സിറ്റാഡലും ആംഫി തിയേറ്ററും

ചരിത്രത്തിന്റെ നിധികുംഭങ്ങൾ കാക്കുന്ന ജോർദാൻ ഭൂമിയിലൂടെ സഞ്ചാരിയുടെ യാത്ര.

**എ. ക്യു. മഹ്ദി**

### ഉമയാൾ മോസ്ക്

ജോർദ്ദാനിലെ ആദ്യരാത്രി കടന്നുപോയി. തലേനാളത്തെ തിരക്കിട്ട സഞ്ചാരത്തിന്റെയും പെട്രായിലെ പരിക്കൻ പാതകളിലൂടെയുള്ള നടത്തത്തിന്റെയും ക്ഷീണം കാരണം ഉറക്കം സുഖകരമായി.

രാവിലെ ഹോട്ടൽ വിട്ട് പുറത്തിറങ്ങി. ഇതിനകം ഡ്രൈവർ മുസ്തഫ തയ്യാറായി റെസപ്ഷൻ കൗണ്ടറിനടുത്തെ സെറ്റിയിൽ വന്ന് ഇരുന്നു കഴിഞ്ഞിരുന്നു.

കാർ പുറപ്പെട്ടു. നഗരത്തിലെ പ്രശസ്തമായ പുരാനിർമ്മിതിയായ സിറ്റാഡലിലേയ്ക്കാണു ആദ്യം പോകുന്നത്. അമ്മാനിന്റെ ഡൗൺ ടൗണിനു മേലെ ഒരു കുന്നിൻ പ്രദേശമാകെ വ്യാപിച്ചു കിടക്കുന്ന ചരിത്ര ശേഷിപ്പാണ് സിറ്റാഡൽ.

മുസ്തഫ കാർ ഒരു ടൂർ കമ്പനിയുടെ ഓഫീസിനു മുമ്പിൽ നിർത്തി എന്നെയവിടെ ഇറക്കി, അവിടെ നിന്നും പുറപ്പെടുന്ന ഒരു ടൂറിസ്റ്റ് ബസ്സിലേയ്ക്ക് ടിക്കറ്റ് വാങ്ങി തന്നു. ഇനിയുള്ള യാത്ര ബസ്സിലാണ്. ഇന്നത്തെ അയാളുടെ ഡ്യൂട്ടി ഇതുമാത്രം. യാത്ര പറഞ്ഞ് അയാൾ മടങ്ങിപ്പോയി.

ബസ്സിൽ ഏറ്റവും മുമ്പിലല്ല, രണ്ടാം വരിയിലെ വിന്റോ സീറ്റാണെനിക്കു കിട്ടിയത്. കുന്നിൻ മുകളിൽ സിറ്റാഡലിന്റെ പ്രവേശന കവാടത്തിനരികിൽ ബസ്സ് നിന്നു. ബസ്സിൽ നിന്നും ഞാൻ പുറത്തിറങ്ങി. അധികം യാത്രക്കാരുണ്ടായിരുന്നില്ല.

താഴെ അമ്മാൻ നഗരത്തിന്റെ ഡൗൺ ടൗൺ കാണാം. പ്രാവിൻ കൂടുകൾ പോലുള്ള വീടുകൾ പരന്നു ചിതറി നിൽക്കുന്നു. അധികവും നാലുനിലയിൽ കുറഞ്ഞവ. ജനാലകളോ, വെന്റിലേറ്ററുകളോ ഇല്ലാത്ത ആ പക്ഷിക്കൂടു വീടുകൾ ഞാൻ കുറേ നേരം കൗതുകത്തോടെ നോക്കി നിന്നു. വീടുകൾക്കെല്ലാം നരച്ച നിറമാണ്. കാലപ്പഴക്കം കൊണ്ടോ, ചായം പൂശാത്തതു കൊണ്ടോ അല്ല ഈ നിറപ്പകർച്ച. അമ്മാനിലെ കെട്ടിടങ്ങൾക്കെല്ലാം ഈ നിറമേ പാടുള്ളു എന്ന് ഭരണകൂടത്തിന്റെ നിഷ്കർഷയുണ്ട്.

ടിക്കറ്റെടുത്ത് ഗേറ്റ് കടന്ന് സിറ്റാഡലിലേയ്ക്കു നടന്നു. വഴിവക്കിലെങ്ങും ചിതറിക്കിടക്കുന്ന പുരാമന്ദിര അവശിഷ്ടങ്ങൾ. ചുറ്റും കാണുന്ന എന്തിലും ചരിത്രം തുടിച്ചുനിൽക്കുന്ന ഒരു കുന്നാണിത്. മുന്നിൽ, തെല്ലകലെ ഒരു ദേവാലയത്തിന്റേതു മാതിരിയുള്ള മകുടം കാണാം. ഉമയാൾ മുഖമണ്ഡപം എന്നാണ് ഇതറിയപ്പെടുന്നത്. മകുടത്തിനു മുമ്പിൽ തകർന്നടിഞ്ഞ ശിലാമന്ദിരത്തിന്റെ ചിത്രത്തൂണുകൾ ശേഷിക്കുന്നു. അമ്മാൻ നഗരത്തോളം തന്നെ ചരിത്രമുണ്ട് ഈ കോട്ടക്കുന്നിനും. ഇടയ്ക്കൊരു കാര്യം കൂടി പറയട്ടെ. മുൻപ് പലയിടത്തും സിറ്റാഡൽ എന്നു ഞാൻ പ്രയോഗിച്ചിരുന്നു. ഞാനിപ്പോൾ നിൽക്കുന്നതും ഒരു സിറ്റാഡലിനു സമീപമാണ്.



സിറ്റാഡൽ

എന്താണ് സിറ്റാഡൽ? അതുകൂടി പറഞ്ഞിട്ടു മുന്നോട്ടുപോകാം.

നഗരത്തിനുള്ളിലുള്ള കോട്ട എന്നോ കോട്ടയ്ക്കുള്ളിലെ അന്തർ നഗരത്തിൽ രക്ഷാസൈന്യം സമ്മേളിച്ചിരുന്ന സ്ഥലമെന്നോ ഒക്കെ സിറ്റാഡലിനെ വിശദീകരിക്കാം. ഉൾക്കോട്ട എന്നും കോട്ടയ്ക്കുള്ളിലെ അഭയസ്ഥാനം എന്നും അർത്ഥമുണ്ട്.

ക്രിസ്തുവിനു മുമ്പ് പത്താം ശതകത്തിൽ ദാവീദ് രാജാവ് ഈ നഗരം പിടിച്ചടക്കി എന്നാണു ബൈബിൾ ഗവേഷകർ കണ്ടെത്തിയിരിക്കുന്നത്. പിന്നീട് പലപ്പോഴായി നഗരത്തെ കയ്യടക്കിയ ഭരണാധികാരികളൊക്കെ അധികാരം ഉറപ്പിച്ചത് ഈ കുന്നിൻ മുകളിലെ കോട്ടയിലിരുന്നാണ്.

സിറ്റാഡൽ കുന്നിലെ ഹെർക്കുലീസ് ദേവന്റെ ക്ഷേത്രത്തിനടുത്തേയ്ക്കാണ് ഞാൻ ആദ്യം ചെന്നത്. THE GREAT TEMPLE OF HERCULEES എന്നാണ് ഇവിടെ ഇതറിയപ്പെടുന്നത്. AD 162 മുതൽ 166 വരെയുള്ള വർഷങ്ങളിൽ റോമൻ ഭരണാധികാരികളാണ് ഈ ക്ഷേത്രം നിർമ്മിച്ചത്. 33 അടിയുള്ള ആറു തൂണുകളോടുകൂടിയ മുഖമണ്ഡപമാണ് പണ്ട് ക്ഷേത്രത്തിനുണ്ടായിരുന്നത്. അതിൽ ഏതാനും തൂണുകൾ കാലത്തെ അതിജീവിച്ചു ഇന്നും ഉയർന്നു നിൽക്കുന്നുണ്ട്. മറ്റുള്ളവ പൊട്ടിത്തകർന്ന് ക്ഷേത്രപരിസരത്ത് ചിതറിക്കിടക്കുകയാണ്. റോമൻ കാലത്ത് ആരാധന നടന്നിരുന്ന ക്ഷേത്രമാണിതെന്നും അതല്ല ഹെർക്കുലീസിനു വേണ്ടിയുള്ള ക്ഷേത്രത്തിന്റെ നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയായിരുന്നെന്നും രണ്ട് അഭിപ്രായം ഗവേഷകർക്കിടയിൽ ഇന്നു നിലനിൽക്കുന്നുണ്ട്.

ക്ഷേത്രമുറ്റം അവസാനിക്കുന്നത് കുന്നിന്റെ ഒരരികിലാണ്. അവിടെ നിന്നാൽ കുന്നിനു മേലെയും താഴ്വാരങ്ങളിലുമായി പരന്നു കിടക്കുന്ന അമ്മാൻ നഗരത്തെ കൂടുതൽ വ്യക്തമായി കാണാം. തിങ്ങിനിറഞ്ഞ കെട്ടിടങ്ങളുള്ള നഗരം. ആധുനിക മന്ദിരങ്ങൾക്കിടയിൽ ആയിരക്കണക്കിനു വർഷം പഴക്കമുള്ള നിർമ്മിതികളുമുണ്ട്.

റോമൻ ആംഫി തിയേറ്ററും ഇവിടെയീ കുന്നിൻമുകളിൽ നിന്നു നോക്കിയാൽ വ്യക്തമായി കാണാം. ഇന്നലെ രാത്രിയിൽ കയറിക്കാണാൻ ചെന്നപ്പോൾ അതടഞ്ഞു കിടക്കുകയായിരുന്നു.

അർദ്ധവൃത്താകൃതിയിൽ മൂന്നു നിലകളിലായി അതങ്ങിനെ നിലകൊള്ളുന്നു. അമ്മാൻ സിറ്റി സെന്ററിലെ വിശാല വീഥികളും വമ്പൻ മന്ദിരങ്ങളുമൊക്കെ ഇവിടെ നിന്നാൽ കാണാം. പത്തുലക്ഷം ജനം വസിക്കുന്ന നഗരമാണ് അമ്മാൻ.

പണ്ടു പണ്ട് മോസസ്സ് അതവാ മൂസാനബി, ഈജിപ്റ്റിൽ നിന്നും ഇസ്രയേൽ ജനത്തെയും നയിച്ച് ഈ വഴി കടന്നുപോയി. പിന്നീട് ദാവീദ് രാജാവ് - ദാവൂദ് നബി - ഇവിടേയ്ക്ക് പട നയിച്ചെത്തി. കാലക്രമത്തിൽ റോമാക്കാരും അറബ് മുസ്ലീംകളും തുർക്കികളുമൊക്കെ അമ്മാൻ നഗരത്തെ പിടിച്ചടക്കിയത് ചരിത്രം.

കോട്ടക്കുന്നിനെ വട്ടംചുറ്റി പണ്ടുണ്ടായിരുന്ന വലിയ മതിൽ തകർന്നു കിടക്കുന്നതും ഇവിടെ നിന്നാൽ കാണാം. ഹെർക്കുലീസ് ദേവന്റെ ക്ഷേത്രത്തിനു മുമ്പിൽ ധാരാളം സഞ്ചാരികളുണ്ട്. ക്ഷേത്രത്തിന്റെ തകർന്ന തറയിലെ കൽച്ചീളുകൾ ചവുട്ടി ഞാൻ മുന്നോട്ടു നടന്നു.

വലിയ കല്ലുകൾ അടുക്കിവച്ചാണ് ക്ഷേത്രത്തിന്റെ തറ നിർമ്മിച്ചിരിക്കുന്നത്. കൽക്കെട്ടുകൾക്കിടയിൽ ചെറിയ ഇടനാഴികളും മറ്റുമുണ്ട്. ഗ്രീക്കുദേവനായ ഹെർക്കുലീസിന് ഇവിടെ ക്ഷേത്രം പണിത റോമാക്കാർ റോമിൽ പണ്ടുണ്ടായിരുന്ന ഏതൊരു ക്ഷേത്രത്തിനേക്കാളും വലുതായിരിക്കണം അതെന്നു ചിന്തിച്ചിരിക്കാം. അമ്മാനിലെ ഹെർക്കുലീസ് ദേവാലയത്തെക്കാൾ വലിയൊരു ക്ഷേത്രം റോമിൽ ഉണ്ടായിരുന്നില്ല എന്നാണ് പിൽക്കാലത്തെ പഠനങ്ങൾ തെളിയിച്ചത്.

സിറ്റാഡലിലെ ഉമയാൾ കൊട്ടാരസമുച്ചയത്തിന്റെ ശേഷിപ്പുകളിലേയ്ക്കാണ് പിന്നീട് ചെന്നത്. AD എട്ടാം നൂറ്റാണ്ടിലെ കൊട്ടാരങ്ങളുടെ അവശിഷ്ടങ്ങളാണ് ഇവിടെയുള്ളത്. ചരിത്രം സ്പന്ദിക്കുന്ന ആ കൽക്കെട്ടുകൾക്കിടയിലൂടെ ഞാൻ കുറേനേരം കറങ്ങിനടന്നു.

മിനാരത്തോടുകൂടിയ കൊട്ടാര മുഖമണ്ഡപം തകരാതെ ഇപ്പോഴും അവിടെ അവശേഷിക്കുന്നുണ്ട്. കാലപ്പഴക്കത്തിൽ തകർന്നുവീണ മുഖമണ്ഡപ മിനാരം അടുത്ത കാലത്ത് പുനർ നിർമ്മിക്കയുണ്ടായി. അതിനു കീഴെയുള്ള ശിലാമന്ദിരം എട്ടാം നൂറ്റാണ്ടിലെ ഉമയാൾ സൃഷ്ടിതന്നെയാണ്. സാൻസ്റ്റോണുകൾ വെട്ടിയെടുത്തു നിർമ്മിച്ച കൂറ്റനൊരു നിർമ്മിതിയാണ് മുഖമണ്ഡപം. അതിനകത്തേക്കു ഞാൻ കയറിച്ചെന്നു. പണ്ട് കൊട്ടാരം സന്ദർശിക്കാനെത്തുന്ന വർക്കുള്ള വിശ്രമസ്ഥലവും സ്വീകരണ വേദിയുമാണ് ആദ്യമായി കണ്ടത്. കൊത്തുപണികളോടുകൂടിയ ചുവരും ആർച്ചുകളുമൊക്കെയുള്ള എട്ടാം നൂറ്റാണ്ടിലെ അറബി വാസ്തുകലയുടെ ഉദാഹരണമാണെന്നു തോന്നുന്ന ഒരു വമ്പൻ കെട്ടിടം. മുഖമണ്ഡപത്തിലെ കല്ലിന്റെ തണുപ്പിൽ നടക്കാൻ സുഖമാണ്. പുറത്തെ എത്ര കൊടിയ ചൂടിലും ഇത്തരം വൻ കൽമണ്ഡപങ്ങൾക്കുള്ളിൽ എ.സി. യെപ്പോലും തോൽപ്പിക്കുന്ന ശീതളഭാവമുണ്ടാവും. ഇത് ഞാനേറെ ആസ്വദിച്ചിട്ടുള്ളത് ഇന്ത്യയിലാണ്, ആഗ്രയിൽ. തികച്ചും യാദൃശ്ചികമാവാം നിരവധി പ്രാവശ്യം പോയിട്ടുള്ള താജ്മഹൽ സന്ദർശനങ്ങളൊക്കെ കൊടും ചൂടുകാലത്തായിരുന്നു. വടക്കേ ഇന്ത്യയിലെ ചൂടിന്റെയും ഒപ്പം തണുപ്പിന്റെയും കാഠിന്യം നാം മലയാളികൾക്ക് സഹിക്കാൻ

പാകത്തിലുള്ളതല്ല. താജ്മഹലിനു പുറത്തുള്ള കൊടുംചൂടിൽ നിന്നും വലിയൊരു മോചനമാണ് ആ പ്രണയകുടീരത്തിനകത്തു കയറിയാലുണ്ടാവുക. ഒരു ക്ലിപ്ത സമയത്തിനുള്ളിൽ പുറത്തിറങ്ങണമെന്നതിനാൽ വളരെ ഖേദപൂർവ്വമാണ് താജിൽ നിന്നും ഞാൻ പടികളിറങ്ങാറ്.

ഇവിടെയീ കൽമണ്ഡപത്തിനുള്ളിലും സുഖകരമായ തണുപ്പാണ് എനിക്കു അനുഭവപ്പെട്ടത്.

ഈ ശിലാ മന്ദിരത്തിനു ചാർത്തിയിരിക്കുന്ന ആധുനികമായ മകുടം മുഖമണ്ഡപത്തിന്റെ പ്രാകൃത സൗന്ദര്യം കവർന്നെടുത്തതായി തോന്നിപ്പോകുന്നു.

വീണ്ടും ഉള്ളിലേയ്ക്കു ഞാൻ കയറി. നടന്നു നീങ്ങിയപ്പോൾ പുറത്തേയ്ക്കു തുറക്കുന്ന ഒരു വാതിൽ പ്രത്യക്ഷപ്പെട്ടു. അതു തുറക്കുന്നതാകട്ടെ ഉമയാൾ കൊട്ടാരം തകർന്നടിഞ്ഞ ഭാഗത്തേക്കാണ്. പണ്ടത്തെ കൊട്ടാരത്തിന്റെ ബാക്കിപത്രമായി കുറേ പൊട്ടിയ തൂണുകളും ചിതറിക്കിടക്കുന്ന കല്ലുകളും, കല്ലു പതിച്ച തറയും മാത്രമുണ്ട് ഇപ്പോൾ.

റോമാക്കാരിൽ നിന്നും അമ്മാൻ നഗരത്തെ പിടിച്ചെടുത്ത പരാക്രമികളാണ് ഇസ്ലാമിക ഭരണാധികാരികളായ ഉമയാളികൾ. പുരാതനമായ കോട്ടകൊത്തളുണ്ടായിരുന്ന ഈ കുന്നിൻ മുകളിൽ അറബി ശൈലിയിൽ അവർ വലിയൊരു കൊട്ടാരം നിർമ്മിച്ചു. അവിടെയിരുന്നാണ് അവർ തങ്ങളുടെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളെ ഭരിച്ചത്. ഭരണ കാര്യാലയങ്ങളും പട്ടാള പരിശീലന കേന്ദ്രങ്ങളുമെല്ലാം ഉൾപ്പെടെ വലിയ ശേഷിപ്പുകളാണ് ഇതെല്ലാം. വിശാലമായ ഹാളുകളും രഹസ്യ അറകളും വരെ ഉമയാൾ പുരിയുടെ കൊട്ടാരത്തിലുണ്ടായിരുന്നു. പിന്നീട് പടനയിച്ചുവന്ന ടോളമി രണ്ടാമനാണ് ഉമയാൾ കൊട്ടാരം തകർത്തത് എന്നാണ് ചരിത്രം. അമ്മാൻ



ഉമയാൾ കൊട്ടാരം

നഗരത്തെ കീഴ്പ്പെടുത്തിയ ടോളമി നഗരത്തിന്റെ പേര് ഫിലഡെൽഫിയ എന്നു മാറ്റുകയും ചെയ്തു. ഉമയാൾ കൊട്ടാരത്തിന്റെ ശിലാവഴികളിലൂടെ ഏറെനേരം ഞാൻ ചുറ്റിനടന്നു. അടുക്കിവച്ച വലിയ കരിങ്കൽ കൊണ്ടുള്ള പാർശ്വഭിത്തികളും അവയ്ക്കുള്ളിൽ ചിലയിടത്ത് വിശാലവും മറ്റു ചിലയിടത്ത് ഇടുങ്ങിയതുമായ ഭാഗങ്ങളും മുറികളും ഉണ്ട്. അവ പിന്നിട്ട് പുരാതനമായ ആ ചരിത്ര ഭൂമിയൂടെ കാഴ്ചകൾ കണ്ട് ഞാൻ നടന്നു. എവിടെയും കാണാനായത് പ്രാകൃതവും പരിക്കനുമായ സൗന്ദര്യമാണ്. ആധുനിക ലോകത്തിനു ഒരിക്കലും സങ്കൽപ്പിക്കാനാവാത്ത പൗരാണിക ശിൽപ്പ നിർമ്മിതികൾ. കൽക്കെട്ടുകൾക്കു മുകളിലെ വിടവുകളിൽ കിളിച്ചു പൊന്തിനിൽക്കുന്ന ചില പായൽച്ചെടികൾ, സന്ദർശകരെ ഒളിഞ്ഞുനോക്കുന്നതുപോലെ തോന്നും. ഈ കൊടുംചൂടിൽ, ചെറിയ ആ പച്ചിലച്ചെടി എങ്ങിനെ നിലനിൽക്കുന്നുവെന്ന് ഞാൻ അത്ഭുതപ്പെട്ടു. തണുപ്പില്ല, വെള്ളവുമില്ല മഴതന്നെ അത്യപൂർവ്വം. ഈ വരണ്ട മരുപ്രദേശങ്ങളിലാണ് പണ്ട് മോശയും, ദാവീദും, ഈസയുമൊക്കെ ജീവിച്ചത്. അതുമായി താരതമ്യം ചെയ്യുമ്പോൾ നാം ഭാരതീയ ജനം അന്നും ഇന്നും പ്രകൃതി ആവോളം അനുഗ്രഹിച്ച ഭൂമിയുടെ ഉടമസ്ഥർ. വർത്തമാന കാല കേരളമാകട്ടെ, സ്വർഗ്ഗതുല്യവും.

കൊട്ടാരത്തിന്റെ ഒരു കവാടം തുറക്കുന്നത് ചരിത്ര പ്രസിദ്ധമായ ഉമയാൾ മോസ്കിന്റെ അവശിഷ്ടങ്ങളിലേക്കാണ്. ഉമയാൾ ഭരണാധികാരികൾ പണിതുയർത്തിയ മനോഹരമായ ഒരു ദേവാലയമായിരുന്നു അന്നത്. പൂർണ്ണമായും തകർന്നടിഞ്ഞ ആ പാലസ് മോസ്കിന്റെ ഒരു ഭാഗത്ത് പിന്നീടെന്നോ പുനസൃഷ്ടി നടത്തപ്പെട്ടിട്ടുമുണ്ട്. നടുമുറ്റത്തോടുകൂടി നിലനിന്നിരുന്ന ദേവാലയത്തിന്റെ കല്ലുപതിച്ച തറയും പൊട്ടിയ തൂണുകളും മാത്രമേ ഇന്ന് അവശേഷിക്കുന്നുള്ളൂ.

പാലസ് മോസ്കിന്റെ തകർച്ചക്കുശേഷം കൊട്ടാരത്തിന്റെ മുഖമണ്ഡപം കുറേക്കാലം ദേവാലയമായി ഉപയോഗിച്ചിരുന്നു. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ശിലാമണ്ഡപങ്ങളിൽ ഓരോന്നിനും ചരിത്രത്തിന്റെ നാൾവഴികളെ കുറിച്ചാവും പറയാനുണ്ടാവുക.

സിറ്റാഡലിലെ ഹെർക്കുലീസ് ക്ഷേത്രത്തിനു മുന്നിൽ നിന്നും ഞാൻ പുറത്തേയ്ക്കു നടന്നു. കാലത്തിന്റെ നിത്യസാക്ഷികളായ കൽക്കെട്ടുകൾ. നൂറ്റാണ്ടുകളുടെ വെയിലും കാറ്റുമേറ്റ് പഴയ ചരിത്രത്തിന്റെ നിത്യസാക്ഷികളെപോലെ അവ നിലകൊള്ളുന്നു. എങ്ങും ചിതറിക്കിടക്കുന്ന കല്ലുകൾ. പലതും കൃത്യമായ ചതുരവടിവിൽ വെട്ടി

യെടുത്തത്. വെറുതെ അവ പെറുക്കിവച്ചാൽ ചുമരാകും. ഈജിപ്റ്റിലെ പിരമിഡിന്റെ കല്ലുകൾക്കൊപ്പം വരില്ലെങ്കിലും രണ്ടുമൂന്നുടൺ ഭാരമുണ്ടാവാം ഈ നടുമുറ്റത്തിനു അതിരുനാട്ടി നിൽക്കുന്ന ചുറ്റുമതിലിലെ ഓരോ കരിങ്കല്ലിനും.

ഞാൻ പുറത്ത് റോഡിലേയ്ക്കിറങ്ങി. ദൂരെ ബസ്സ് കിടപ്പുണ്ട്. കുന്നിനു ചുറ്റും നീങ്ങിപ്പോവുകയാണ് വീതിയേറിയ കോട്ടമതിൽ. അതിനടുത്ത് സഞ്ചാരികൾ വന്ന വേറെയും വാഹനങ്ങൾ കണ്ടു.

## തലസ്ഥാനമായ അമ്മാനിലെ നഗരക്കാഴ്ചകൾ

യാത്ര തുടരുകയാണ്. വീടുകൾ തിങ്ങിനിറഞ്ഞ അമ്മാൻ കുന്നുകൾ ഒരു കാഴ്ചതന്നെയാണ്. നരച്ച കെട്ടിടങ്ങൾ. സാൻഡ് സ്റ്റോൺ കൊണ്ടാണ് ഇവിടത്തെ വീടുകളും മറ്റുകെട്ടിടങ്ങളുമൊക്കെ നിർമ്മിച്ചിരിക്കുന്നത്. അതാണ് കെട്ടിട ബാഹുല്യമുണ്ടെങ്കിലും ഇവിടത്തെ മന്ദിരങ്ങളുടെ ഏകമാനത്തിനു കാരണം. ഇനി കോൺഗ്രീറ്റ് കൊണ്ടു കെട്ടിടമുണ്ടാക്കുന്നവർ അതിനുമീതെ സാൻഡ് സ്റ്റോൺ നിറം നൽകുകയോ കല്ലുപാളികൾ പതിക്കുകയോ ചെയ്യണമെന്നു നഗര ഭരണകൂടം പ്രത്യേകമായി നിഷ്കർച്ചിട്ടുണ്ട്. പൊലിമയൊന്നും ഇല്ലാത്ത നിറമാണെങ്കിലും അമ്മാനിലെത്തുന്ന ഒരു സഞ്ചാരിയും ഇവിടത്തെ കെട്ടിടങ്ങളുടെ കാഴ്ച മറക്കുകയില്ല. ഇതുപോലെ നാടിന്റെ നിറവിഷയത്തിൽ പ്രത്യേകതയുള്ള ഒരു പുരാതന നഗരം ഇന്ത്യയിലുമുണ്ട്. പലതവണ ഞാനവിടം സന്ദർശിച്ചിട്ടുമുണ്ട്. അത് ജയ്പ്പൂർ സിറ്റിയാണ്. രാജസ്ഥാന്റെ തലസ്ഥാനം. ആ നഗരത്തിന്റെ നിറം പിങ്കാണ്. ജയ്പ്പൂർ പിങ്ക് സിറ്റി എന്നാണ് അറിയപ്പെടുന്നത്. അവിടത്തെ കെട്ടിടങ്ങളും, കോട്ടകളും, ക്ഷേത്രങ്ങളും ഒക്കെ പിങ്കു നിറത്തിൽ മുങ്ങി നിൽക്കുന്നത്, വിദേശ ടൂറിസ്റ്റുകൾക്ക് എന്നും ഒരപൂർവ്വ കാഴ്ച തന്നെ.



ആംഫി തിയേറ്റർ

നഗരമദ്ധ്യത്തിലൂടെ ഞങ്ങളുടെ ബസ്സ് ഓടിക്കൊണ്ടിരുന്നു.

ഇന്ത്യൻ നഗരങ്ങളോടു സമാനമായ തെരുവുകളാണ് അമ്മാനിലുള്ളത്. ഒരു വ്യത്യാസം മാത്രം. തെരുവിനു പിന്നിൽ വശത്തു കുന്നുകളിൽ തിങ്ങിനിൽക്കുന്ന പാർപ്പിടങ്ങളുടെ കാഴ്ച ഈ നഗരത്തിനു മാത്രം സ്വന്തം. അതൊരു അപൂർവ്വ ദൃശ്യം തന്നെ. പരന്ന മേൽക്കൂരയുള്ള നരച്ച നിറമുള്ള വീടുകൾ. അടുക്കടുക്കായി, തട്ടുകളായി, കുന്നിൻ പ്രദേശങ്ങൾ മുഴുവൻ നിറഞ്ഞു നിൽക്കുന്നു.

കഴിഞ്ഞ ദിവസം രാത്രിയിൽ കണ്ട റോമൻ ആംഫി തിയേറ്റർ ഒരിക്കൽകൂടി പകൽവെളിച്ചത്തിൽ കാണാനാണ് എന്റെ തീരുമാനം.

പകലിൽ ആംഫി തിയേറ്ററിനു മറ്റൊരു ഭാവമാണ്. വർണ്ണവിളക്കുകൾക്കു പകരം വെയിലാണ് ഇപ്പോൾ അതിന്റെ തിളക്കം കൂട്ടുന്നത്. തിയേറ്ററിനു മുമ്പിലെ റോമൻ ഫോറത്തിന്റെ ശേഷിപ്പുകൾക്കിടയിലൂടെ നടന്നു. ഫോറത്തിന്റെ പാതി പൊട്ടിത്തകർന്ന തൂണുകളിൽ കാലം പൗരാണികതയുടെ കൈമുദ്ര ചാർത്തിയിരിക്കുന്നു.

ഗേറ്റിൽ ടിക്കറ്റ് നൽകി ആംഫി തിയേറ്ററിനകത്തേയ്ക്കു നടന്നു. ടിക്കറ്റ് വാങ്ങിയ ദീർഘകായനായ മദ്ധ്യവയസ്കൻ മുഖമുയർത്തി ഒറ്റവാക്കിൽ ഒരു ചോദ്യം ചോദിച്ചു, "ഇന്ത്യൻ......?" അതെയെന്ന മട്ടിൽ മെല്ലെ തലയാട്ടിക്കൊണ്ട് ഞാൻ ഉള്ളിൽ പ്രവേശിച്ചു. എന്നെ കണ്ടപ്പോൾ അയാൾക്കൊരു ഇന്ത്യൻ ലുക്ക് തോന്നിയിട്ടുണ്ടാവാം.

രണ്ടായിരം വർഷത്തിന്റെ പഴക്കവുമായി കൂറ്റനൊരു ആംഫി തിയേറ്റർ. അമ്മാനിൽ റോമൻ ഭരണം നിലനിന്ന കാലത്ത് അന്റോണിയോസ് പയസ് ചക്രവർത്തിയാണ് ഈ തിയേറ്റർ നിർമ്മിച്ചത്. AD 138 മുതൽ 161 വരെയാണ് ഇതിന്റെ നിർമ്മാണ കാലമെന്നു ഗവേഷകർ കണക്കാക്കിയിട്ടുണ്ട്. ഒരു മലയെ മുഴുവനായും തിയേറ്ററിനുവേണ്ടി ഒരുക്കിയെടുത്തിയിരിക്കുകയാണ്. മൂന്നു തട്ടുകളിൽ 33 വരികളിലായി 6000 പേർക്കിരിക്കാവുന്ന രീതിയിലാണ് തിയേറ്ററിന്റെ നിർമ്മാണം. നാം ഇന്ന് അഭിമാനപൂർവ്വം വാഴ്ത്തുന്ന ആധുനിക ഗാലറികളുടെ ഈ പിതാമഹന്റെ പ്രൗഢമായ ഒരു സൃഷ്ടി തന്നെയാണ്. റോമൻ

സാമ്രാജ്യത്തിന്റെ പ്രവിശ്യകളിലെല്ലാം അവർ പണിത തിയേറ്ററുകൾക്ക് ഒരേ രൂപമായിരുന്നു. മദ്ധ്യഭാഗത്ത് അരങ്ങും ചുറ്റും ഇരിപ്പിടങ്ങളുമായി മേൽക്കൂരയില്ലാത്ത ഗ്യാലറികൾ. വാൾപ്പയറ്റ്, മൃഗങ്ങളും മനുഷ്യരും തമ്മിലുള്ള മല്ലയുദ്ധം, എന്നിങ്ങനെ അന്നത്തെ കഠിനവും ക്രൂരവുമായ ജനപ്രിയ വിനോദങ്ങളുടെ വേദിയായിരുന്നു ഇവിടം.

അമ്മാനിലെ ഈ ആംഫി തിയേറ്ററിനു ഒരു പ്രത്യേകതയുണ്ട്. രണ്ടായിരം വർഷത്തോളം പഴക്കമുണ്ടെങ്കിലും ഇവിടെയിപ്പോഴും പൊതുപരിപാടികൾ നടക്കുന്നുണ്ട്. കലാപരിപാടികൾ മുതൽ മതപരമായ ചടങ്ങുകൾ വരെ അതിൽ ഉൾപ്പെടുന്നു. ആ ഗ്യാലറികളിൽ ഒരു സീറ്റിൽ ഒരു മദാമ്മയും ഭർത്താവ് സായിപ്പും ഇരിക്കുന്നതു കണ്ടു. സന്ദർശകരായ അവർ നടന്നു ക്ഷീണിച്ചതുകൊണ്ടാവും തിളയ്ക്കുന്ന വെയിലിലും തൊപ്പിയും കണ്ണടയും വച്ച് ആ കൽപ്പടികളിലൊന്നിൽ ഇരിക്കുന്നതെന്നു തോന്നി.

പുരാതനകാലത്ത് അടിമകളും യോദ്ധാക്കളും ഇവിടെ ബലം പരീക്ഷിച്ചിരുന്നു. തോൽവിയിലൂടെ മരണത്തിലേക്കുള്ള വാതിൽ തുറക്കുന്ന മത്സരങ്ങളായിരിക്കാം അന്നിവിടെ അരങ്ങേറിയിരുന്നത്. റോമിലെ കൊളോസിയത്തിന്റെ പൂർവ്വ കഥയിലും ഈ ക്രൂരതയുടെ നിഴലാട്ടമുള്ള ചെയ്തികൾ നടന്ന കാലത്തെ കുറിച്ചു പറയുന്നുണ്ട്. കമ്പിവേലികൾ കൊണ്ട് ചുറ്റും കെട്ടിയടച്ച നടുത്തളത്തിലേക്ക് സർക്കസ് റിങ്ങിലേയ്ക്കു മൃഗങ്ങളെ എത്തിക്കും വിധം വിശന്നുവലഞ്ഞ സിംഹങ്ങളെ ഇറക്കിവിട്ടിട്ട്, അടിമകളെയും കുറ്റവാളികളെയും നിരായുധരാക്കി ഈ സിംഹങ്ങൾക്ക് വിട്ടുകൊടുക്കുന്നു. ആ മൃഗരാജന്മാർ നിമിഷനേരം കൊണ്ട് നിസ്സഹായനായ ആ മനുഷ്യനെ കടിച്ചുകീറി കൊന്നു തിന്നുന്നു. ഇതുകാണാൻ നാട്ടുകാർ ഗ്യാലറിയിൽ ഉണ്ടാവും. രാജാവും നാടുവാഴികളും പ്രഭുക്കന്മാരും പ്രത്യേക വിശിഷ്ട വേദികളിലിരുന്ന്, ഈ രംഗം കണ്ട് ആർത്തട്ടഹസിച്ചിരുന്നുവത്രെ. എത്ര കിരാതമായ ശിക്ഷ. ക്രൂരമായ നടപടി.

അങ്ങനെയൊക്കെ ഈ റോമൻ ആംഫി തിയേറ്ററിലും നടന്നിരിക്കാം ഒരു കാലത്ത്.

പഴക്കം കൊണ്ട് അൽപ്പം ദ്രവിച്ച് കട്ടികുറഞ്ഞ പാറകളിൽ ചെറിയ കുഴികളും പാടുകളും പതിഞ്ഞു കിടക്കുന്ന കൽവഴിയിലൂടെ ഞാൻ മുന്നോട്ടു നടന്നു. തീഷ്ണമായ വെയിൽ നാളങ്ങൾ ചൂടിന്റെ ഒരാവരണം ചുറ്റും ഒരുക്കിത്തന്നിട്ടും ഞാൻ കാഴ്ചകൾ കണ്ടു നടന്നു.

വീണ്ടും ഞാൻ വരിയൊപ്പിച്ചു പണിതുറപ്പിച്ച സ്റ്റേഡിയം ബഞ്ചുകളിലേക്കു നോക്കി. ഈ ഇരിപ്പിടങ്ങളിൽ ഹർഷാരവത്തോടെ ജനം തിങ്ങിനിറഞ്ഞിരുന്ന ഒരു കാലമാണ് ഞാനിപ്പോൾ സങ്കൽപ്പിക്കാൻ ശ്രമിക്കുന്നത്. രണ്ടായിരത്തോളം വർഷം മുമ്പ് അന്നത്തെ തനതുരീതിയിൽ വസ്ത്രം ധരിച്ച ജനങ്ങൾ വേദിയിൽ നടക്കാൻ പോകുന്ന കായിക മാമാങ്കത്തെ ചൊല്ലി തർക്കിക്കുന്നു. വാതുവക്കുന്നു. അരങ്ങിലെ പ്രകടനത്തിൽ ആർത്തു രസിക്കുന്നു. ഒരു കാലത്ത് ഇവിടെ നടന്നതാണ് ഇതൊക്കെ.

ആംഫി തിയേറ്ററിലെ ആർക്കിടെക്ച്ചറാണ് മറ്റൊരു സവിശേഷത. കൃത്യമായ അളവും ചിട്ടയുമുള്ള നിർമ്മാണം. കാണികൾക്കു സ്വതന്ത്രമായി നടന്നുപോകുന്നതിന് പ്രത്യേകവഴികൾ. മനോഹരമായ കൊത്തുപണികളുള്ള തൂണുകളും ആർച്ചുകളുമായി സവിശേഷമായ ഒരു ശിലാനിർമ്മിതിയാണ് ആംഫി തിയേറ്റർ. സദസ്സിലെ ഏതൊരാൾക്കും തടസ്സം കൂടാതെ വേദിയിലെ പരിപാടികൾ വീക്ഷിക്കാവുന്ന തരത്തിലുള്ള ഇരിപ്പിട സംവിധാനങ്ങൾ. റോമിലെ കൊളോസിയത്തിൽ തുടങ്ങി അമ്മാനിലെ ആംഫി തിയേറ്ററിലേക്ക് എത്തുമ്പോഴും റോമൻ സംവിധാനങ്ങൾ തികച്ചും കുറ്റമറ്റതു തന്നെ.

ആംഫി തിയേറ്ററിൽ നിന്നും പുറത്തേക്കു കടന്നു. മുന്നിൽ നഗരത്തിന്റെ നരച്ച നിർമ്മിതികൾ ഏറെയുണ്ട്. വിനോദസഞ്ചാര കേന്ദ്രം കൂടിയായി മാറിയിരിക്കുന്ന തിയേറ്ററിന്റെ മുൻഭാഗം കച്ചവടക്കാർ കയ്യടക്കി വച്ചിരിക്കുന്നു. സഞ്ചാരിയെ പ്രലോഭിപ്പിക്കേണ്ട വസ്തുക്കളൊക്കെ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്.

ബസ്സിൽ കയറി വീണ്ടും യാത്ര തുടർന്നു. റോഡരികിൽ ഒരു കുന്നിനെ ചുറ്റി വലിയൊരു മതിൽ നീണ്ടുപോകുന്നതുകാണാം. ജോർദ്ദാനിലെ ഭരണാധികാരിയായ അബ്ദുള്ളാ രാജാവിന്റെ ഒരു കൊട്ടാരം ആ മതിൽക്കെട്ടിനുള്ളിലാണ്. അറബിരാജ്യങ്ങളും പാശ്ചാത്യരുമായുള്ള ബന്ധത്തെ വിളക്കിച്ചേർക്കുന്ന കണ്ണി എന്ന നിലയിൽ ഇന്ന് ലോകരാഷ്ട്രങ്ങൾക്കിടയിൽ ശ്രദ്ധേയമായ സ്ഥാനമാണ് ജോർദ്ദാനുള്ളത്. അതിന്റെ ഭരണാധികാരിയാകട്ടെ കർശന സുരക്ഷയുടെ ചട്ടക്കൂടിലുമാണ്. മൊസൈക്കിന്റെ നഗരം എന്നറിയപ്പെടുന്ന മഗദയിലേക്കാണ് ഇനി പോകുന്നത്. റോഡിൽ വാഹനത്തിരക്കു ഏറുകയാണ് ബസ്സ് ഓടിക്കൊണ്ടിരുന്നു.



# കോവിഡ്: രണ്ടാം തരംഗം

മുസാഫിർ

ആശങ്ക ജനിപ്പിക്കുന്ന ഒരു ആരോഗ്യ ദുരവസ്ഥയിലേക്ക് നമ്മുടെ രാജ്യവും ലോകവും വഴുതിവീണുകൊണ്ടിരിക്കുകയാണ്. ആദ്യത്തേതിനേക്കാൾ പതിന്മടങ്ങ് ശക്തമായ തിരിച്ചു വരവാണ് കോവിഡിന്റെ രണ്ടാം തരംഗത്തിൽ കാണാൻ കഴിയുന്നത്. ഇതിന് കാരണം വൈറസിന്ന് സംഭവിക്കുന്ന ജനിതക വ്യതിയാനമാണെന്ന് കണക്കാക്കപ്പെടുന്നു. യു കെയിൽ ഫെബ്രവരിയിൽ കണ്ടെത്തിയ ശക്തി പ്രാപിച്ച വൈറസ് ലോകം മുഴുവൻ വ്യാപിക്കാൻ സാദ്ധ്യതയുണ്ടെന്ന് വിദഗ്ദർ പ്രവചിച്ചിരുന്നു. ജനിതകമാറ്റം വന്ന B1617 കോവിഡ് വൈറസ് ആദ്യമായി ഇന്ത്യയിലാണ് കണ്ടതെന്നും ആ വൈറസ് ഇന്ത്യയിൽ വൻ തോതിൽ മരണകുതിപ്പ് നടത്തിയേക്കാമെന്നും ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകുന്നു. ജനിതക മാറ്റം സംഭവിച്ച വൈറസ്സിന്ന് പെട്ടെന്ന് പടരാനുള്ള ശേഷിയുണ്ട്. ചിലപ്പോൾ നാം ആദ്യം ശരീരത്തിൽ കുത്തിവെച്ച വാക്സിൻ പ്രതിരോധത്തെ മറികടന്ന് രോഗമുണ്ടാക്കാനും അവക്ക് കഴിയും. ഇപ്പോൾ കണ്ടെത്തിയ വ്യതിയാനം വന്ന വൈറസുകളെ പ്രതിരോധിക്കാൻ ഇപ്പോഴത്തെ വാക്സിനുകൾക്കാവും എന്നാണ് മരുന്നു കമ്പനികളും അധികൃതരും പറയുന്നത്. തീർച്ചയായും രോഗമുക്തിക്കും രോഗ തീവ്രത കുറക്കാനും വാക്സിൻ എടുക്കേണ്ടത് അനിവാര്യമാണ്. വൈറസുകളിലെ ജനിതക മാറ്റത്തോടൊപ്പം തന്നെ വാക്സിനുകളും മോഡിഫൈ ചെയ്ത് ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. മാത്രമല്ല വാക്സിന്റെ ബൂസ്റ്റർ ഡോസ് നൽകി പ്രതിരോധത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഇന്ത്യയിൽ ഇപ്പോഴുണ്ടായ ദ്രുതഗതിയിലുള്ള അതിവ്യാപനത്തിന്ന് കാരണം ഇങ്ങനെ ഇരട്ട ജനിതക വ്യതിയാനം സംഭവിച്ച വൈറസ്സുകളാണെന്ന് കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇരട്ട വ്യതിയാനം സംഭവിച്ച വൈറസിൽ കാണുന്ന മുള്ളിന്റെ രൂപത്തിലുള്ള സ്പൈക്ക് പ്രോട്ടീനാണ് മനുഷ്യ കോശങ്ങളിൽ വാക്സിൻ ഉണ്ടാക്കുന്ന പ്രതിരോധ സംവിധാനങ്ങളെ തകർത്ത് എളുപ്പത്തിൽ കോശത്തിൽ തുളച്ച് കയറി രോഗമുണ്ടാക്കുന്നത് എന്ന് സംശയിക്കുന്നു. അവയെ കുറിച്ച് പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്. കേരളത്തിലും വ്യാപനം അതി തീവ്രമാണ്. വൈറസിന്റെ ഘടനയെ പറ്റി വിശദമായ പഠന ഫലങ്ങളുടെ റിസൾട്ട് വന്നിട്ടില്ല. ചുരുക്കത്തിൽ വൈറസുമായുള്ള മനുഷ്യന്റെ രോഗ പ്രതിരോധ യുദ്ധം ജാഗ്രത കൈവടിയാൻ പാടില്ലാത്ത ഒരു സക്രിയ യുദ്ധമുഖമാണ്.

ഇന്ത്യയിൽ 45 വയസ്സുകഴിഞ്ഞവർക്ക് സൗജന്യ വാക്സിനേഷൻ നടന്നു കൊണ്ടിരിക്കെ മെയ് ഒന്നാം തിയതി മുതൽ 18 വയസ്സ് തികഞ്ഞ വർക്കെല്ലാം വാക്സിനേഷനൽ നൽകണമെന്ന തീരുമാനം കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ അതിന്ന് ശേഷം വാക്സിൻ വിതരണ നയത്തിൽ ഗവൺമെന്റ് വരുത്തിയ മാറ്റം നിരാശജനകമാണ്. വാക്സിനുകൾ സംസ്ഥാന സർക്കാറും സ്വകാര്യ ആശുപത്രികളും പണം നൽകി വാങ്ങണമെന്നാണ് കേന്ദ്ര സർക്കാർ നിലപാട്. ഇന്ത്യയിൽ വാക്സിൻ ഉൽപ്പാദിപ്പിക്കുന്നത് പൂനെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും ഹൈദരാബാദിലെ ഭാരത് ബയോടെക്കുമാണ്. രണ്ടും സ്വകാര്യ മേഖയിലുള്ള കമ്പനികളാണ്. വാക്സിൻ ഉദ്പാദിപ്പിക്കുന്ന ലോകത്തിലെ തന്നെ ഏറ്റവും വലിയ ഫാക്ടിയാണ് സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ. പാഴ്സി മതക്കാരനായ സൈറസ് പൂനാവാല 1966ൽ ആരംഭിച്ച സ്വകാര്യ സ്ഥാപനമാണിത്. ഓക്ഫഡ് സർവ്വകലാശാലയും മരുന്നു കമ്പനിയായ അസ്ട്രാ സെനകയും വികസിപ്പിച്ചെടുത്തതും സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ ഉദ്പാദിപ്പിക്കുന്നതുമായ കോവിഷീൽഡും ഫ്ളൂജെൻ മരുന്നു കമ്പനിയും വിസ്കോൻസിൻ –മാഡിസൺ സർവ്വകലാശാല

യും ചേർന്ന് വികസിപ്പിച്ചെടുത്ത ഭാരത് ബയോടെക് നിർമ്മിക്കുന്ന കോവാക്സീനുമാണ് നമ്മുടെ രാജ്യത്ത് കോവിഡ് വാക്സിനായി ഉപയോഗിക്കുന്ന രണ്ട് വാക്സിനുകൾ.

ദരിദ്ര ജനകോടികൾ വസിക്കുന്ന സ്വതന്ത്ര ഇന്ത്യയിൽ പൊതുജനാരോഗ്യത്തിന്നായി നൽകുന്ന കൂട്ടവാക്സിനുകളെല്ലാം സൗജന്യമായാണ് നൽകിവരുന്നത്. മുതലാളിത്ത രാജ്യമായ അമേരിക്കയടക്കം മിക്ക സർക്കാരുകളും സജന്യമായാണ് വാക്സിൻ നൽകുന്നത്. സാമൂഹിക പകർച്ചവ്യാധികൾക്ക് വിധേയമാവുന്ന വ്യക്തി അയാളുടെ കുറ്റം കൊണ്ട് മാത്രമല്ല രോഗബാധിതനാവുന്നത്. സമൂഹത്തിന്നും ഭരണകൂടത്തിന്നും ഇക്കാര്യത്തിൽ വ്യക്തിയേക്കാൾ കൂടുതൽ ഉത്തരവാദിത്തമുണ്ട്. അതിദ്രുത പകർച്ച വ്യാധികൾ സമൂഹത്തിൽ കൊടുംങ്കാറ്റുപോലെ ആഞ്ഞടിക്കുമ്പോൾ രോഗപ്രതിരോധത്തിന്റെയും ചികിത്സയുടെ എല്ലാവിധ നിയന്ത്രണങ്ങളും ദേശീയ ദുരന്തം എന്ന നിലക്ക് കേന്ദ്രഭരണകൂടമാണ് ഏറ്റെടുക്കേണ്ടത്. ഒരു നിശ്ചിത സമയത്തിന്നുള്ളിൽ നിശ്ചിത ശതമാനം ആളുകൾ വാക്സിനേഷൻ പൂർത്തിയാക്കിയാൽ മാത്രമേ സാമൂഹിക വിപത്തായി മാറിയ ഈ രോഗത്തെ കീഴടക്കാനാവൂ. കോവിഡ് കൊണ്ട് നട്ടെല്ലൊടിഞ്ഞ ഉത്തരേന്ത്യയിലെ പാവങ്ങൾ ഇതുവരെ സൗജന്യമായി നൽകിയ വാക്സിൻ വിലകൊടുത്ത് വാങ്ങേണ്ടി വരും എന്ന് വരുന്നത് കഷ്ടമാണ്. ദരിദ്ര രാജ്യമായ ഇന്ത്യയിൽ ലഭിക്കുന്ന വാക്സിൻ ലോകത്തെ ഏറ്റവും വലിയ വിലയാണെന്നാണ് ആക്ഷേപം. ഇത്തരം വാക്സിന്ന് യൂറോപ്യൻ യൂണിയൻ 160 മുതൽ 270 രൂപ വരെയാണ് ഈടാക്കുന്നത്. നാലും അഞ്ചും അംഗങ്ങളുള്ള ദാരിദ്ര്യരേഖക്ക് കീഴേ നിൽക്കുന്ന ഒരു കുടുംബത്തിന്ന് എങ്ങനെ കുറഞ്ഞ സമയത്തിന്നുള്ളിൽ ഈ വാക്സിനേഷൻ ചിലവ് താങ്ങാനാവും? കേന്ദ്ര ഗവർമെന്റിന്ന് 150 രൂപക്ക് വാക്സിൻ ലഭിക്കുമ്പോഴാണ് സംസ്ഥാന സർക്കാറിന്ന് 400 രൂപക്കും സ്വകാര്യ ആശുപത്രികൾക്ക് 600 രൂപക്കും കമ്പനി വിലക്ക് നൽകുന്നത്. കേന്ദ്ര ബഡ്ജറ്റിൽ 35000 കോടി രൂപ കോവിഡ് പ്രതിരോധത്തിന്ന് വകയിരുത്തിയിട്ടും കേന്ദ്രം സമയോജിതമയി പ്രവർത്തിക്കുകയോ നയം രൂപീകരിക്കുകയോ പണംചിലവാക്കുകയോ ചെയ്യാത്തത് ഒരു വീഴ്ച്ചയായി ചൂണ്ടികാണിക്കപ്പെടുന്നു. (ആഗോള തലത്തിൽ തന്നെ വൻകിട ഫാർമസ്യൂട്ടിക്കൽസിന്റെ ധനാർത്ഥിയും ധനികഭരണ കൂടങ്ങളുടെ സ്വാർത്ഥതയും ഭരണകൂടങ്ങളുടെ കെടുകാര്യസ്ഥതയും കൂടി വാക്സിൻ ക്ഷാമമുണ്ടാക്കുമെന്നും ദരിദ്രരാജ്യങ്ങൾക്ക് അത് ലഭ്യമാകാതെ വരുമെന്നും **'കോവിഡ് വാക്സിൻ വിപണിയിലെത്തുമ്പോൾ'** എന്ന പേരിൽ 2020 ഒക്ടോബർ മാസം സത്യദൂതനിൽ ഈ പംക്തിയിൽ ചൂണ്ടിക്കാട്ടിയിരുന്ന കാര്യം സ്മരിക്കുന്നു.)

കേന്ദ്രം നൽകിയിരുന്ന വാക്സിന്ന് കുറവ് വന്നതിനാൽ കേരളത്തിൽ പല വാക്സിൻ കേന്ദ്രങ്ങളും അടച്ചുപൂട്ടേണ്ടിയിരിക്കുന്നു. ഇത്പോലെ തന്നെ കോവിഡ് ചികിത്സക്ക് അനിവാര്യമായ ഓക്സിജൻ ക്ഷാമം ഇതെഴുതുമ്പോൾ രാജ്യം വൻ തോതിൽ അനുഭവിക്കുകയാണ്. ഡൽഹിയിലും വടക്കേ ഇന്ത്യയിലുംമാത്രമല്ല രാജ്യമാകെ ഓക്സിജൻ ക്ഷാമത്തിലാണ്. ശ്വസം കിട്ടാതെ കോവിഡ് രോഗികൾ കൂട്ടത്തോടെ മരിച്ചു വീഴുന്ന ദയനീയ കാഴ്ച്ച ഹൃദയഭേദകമാണ്. ഏതായലും കേരള സർക്കാർ സൗജന്യമായി ജനങ്ങൾക്ക് വാക്സിൻ നൽകുമെന്ന് പറഞ്ഞത് അഭിനന്ദീയമാണ്. കഴിവുള്ളവർ സർക്കാരിന്റെ ഈ ഉദ്യമത്തിൽ സാമ്പത്തികമായി സഹായിക്കണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്.

കോവിഡ് നിയന്ത്രണത്തിൽ ആഗോള ശ്രദ്ധതന്നെ പിടിച്ചു പറ്റിയ സംസ്ഥാനമായിരുന്നു കേരളം പിന്നീട് തിരഞ്ഞെടുപ്പ് രാഷ്ട്രീയ ജ്വരം ബാധിച്ചപ്പോൾ കഥയാകെ മാറി. ഏറ്റവും ഉത്തര വാദിത്തപ്പെട്ടവർ തന്നെ എല്ലാ ആരോഗ്യ നിബന്ധനകളും കാറ്റിൽ പരത്തുന്ന കാഴ്ക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. ഇപ്പോഴത്തെ കോവിഡ് അതിവ്യാപനത്തിന്ന് അതുകൂടി ഒരു കാരണമാണെന്ന് പറയപ്പെടുന്നു. ഫെബ്രവരി അവസാനത്തിൽ ഇലക്ഷൻ കമ്മീഷൻ ഈ കോവിഡ് കാലത്ത് കേരളം, ആസ്സാം, തമിഴ്നാട്, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പുകൾ നടത്തിയപ്പോഴുണ്ടായ ജനങ്ങളുടെ കൂടിച്ചേരലുകൾ തീർച്ചയായും കോവിഡിന്റെ അതിതീവ്രവ്യാപനത്തെ സഹായിച്ചിട്ടുണ്ട്. അതുപോലെ തിരഞ്ഞെടുപ്പ നടക്കാത്ത് യു.പി, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മതപരമായ വൻ കൂടി ചേരലുകളും അശ്രദ്ധയും രോഗത്തിന്റെ അതിതീവ്ര വ്യാപനത്തിന് കാരണമായിട്ടുണ്ട് എന്ന് വിലയിരുത്തപ്പെടുന്നു.

നമ്മുടെ രാജ്യത്ത് ഇപ്പോൾ പ്രതിദിന രോഗികളുടെ എണ്ണം മൂന്നര ലക്ഷം കവിഞ്ഞിരിക്കുന്നു. കഴിഞ്ഞ വർഷം അമേരിക്കയിലും ഇറ്റലിയിലും കണ്ടത് പോലെ മൃത്യു താണ്ഡവമാടുന്ന ഇടങ്ങളായി നമ്മുടെ രാജ്യ തലസ്ഥാനവും ഉത്തരേന്ത്യൻ നഗരങ്ങളും മാറിക്കൊണ്ടിരിക്കുന്നു. ശ്മശാനങ്ങളിൽ കൂട്ട ചിതകൾ ദഹിപ്പിക്കുന്ന അസാധാരണവും ഭയാനകവുമായ കാഴ്ച്ചകളാണ് അവിടെ നിന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. വിദേശ പത്രങ്ങളിൽ ഇന്ത്യയിലെ കോവിഡ് മരണ താണ്ഡവത്തെ കുറിച്ച് വരുന്ന റിപ്പോർട്ടുകൾ നടുക്കമുണ്ടാക്കുന്നതാണ്. ചില സംസ്ഥനങ്ങൾ ഈ ഭീകര കാഴ്ച്ച മറച്ചു പിടിക്കാനുള്ള ശ്രമവും മാധ്യമ ശ്രദ്ധയിൽപ്പെടുകയുണ്ടയി.

**ശേഷം പേജ് 41 ൽ**

# കർമ്മരംഗത്ത് നിറഞ്ഞു നിന്ന ടി. കെ


**ബി ബി അഹ്മദ് കബീർ**

അത്യുന്നതനായ തന്റെ രക്ഷിതാവിന്റെ അടുക്കലേക്ക് ടി കെ മഹ്മുദ് (65)സാഹിബ് യാത്ര യായി. (ഇന്നാലില്ലാഹി......)

കരുളായിലെ ആദ്യഅഹ്മദി കുഞ്ഞാലൻ ഹാജി സാഹിബിന്റെ മകൻ ടി കെ വരാൻ കുട്ടി സാഹിബി ന്റെയും ഇമ്മാത്ത സാഹിബയുടെ യും മകനായ മഹ്മുദ് സാഹിബ് ഖാദിയാനിൽ വെച്ചാണ് വഫാത്താ യത്. അരനൂറ്റാണ്ടിലധികമായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന തന്റെ പ്രിയപ്പെട്ട പ്രസ്ഥാന ത്തിന്ന് വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ച ആ ആത്മീയ പ്രണയി എന്നും കേരളത്തിലെ അഹ്മദികളു ടെ മനസ്സിൽ നിറഞ്ഞു നിൽക്കുക തന്നെചെയ്യും. ഖാദിയാനിൽ വെച്ച് തന്നെ മരിക്കണമെന്നും അവിട ത്തെ ബഹ്ഷ്തി മഖ്ബറയിൽ അടക്കം ചെയ്യപ്പെട്ടിട്ടുള്ള സയ്യിദുനാ മസീഹ് മൗഊദ് തങ്ങളുടെയും മറ്റ് മഹാരഥന്മാരുടെയും അരികെ അന്ത്യ വിശ്രമം കൊള്ളണമെന്നു മുള്ള അദ്ദേഹത്തിന്റെ അഭിലാഷം ആരേയും ബുദ്ധിമുട്ടിക്കാതെ തന്നെ അല്ലാഹു സാദ്ധ്യമാക്കിക്കൊടുത്തു.

ഞാൻ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ച 1986 മുതൽ ഇതേവരെ മുപ്പത്തഞ്ച് വർഷം നീണ്ടുനിന്ന ആത്മബന്ധ മാണ് അദ്ദേഹവുമായി ഉണ്ടായിരു ന്നത്. അദ്ദേഹം കേവലം ഒരു സുഹൃത്തും സഹോദരനും മാത്ര മായിരുന്നില്ല. എനിക്ക് ഗുരുതുല്യ നും വഴികാട്ടിയും കൂടി ആയിരു ന്നു.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ



സ്റ്റേറ്റ് ഖാഇദ് ആയിരുന്ന കാലത്ത് തന്നെ കൂടെ നിന്ന് പ്രവർത്തിക്കാ നും എന്താണ് ജമാഅത്തിന്റെ നിസാം എന്ന് മനസ്സിലാക്കാനും കഴിഞ്ഞത് വലിയ അനുഗ്രഹമാ യിരുന്നു. അതിലുപരിയായി തബ്‌ലീ ഗ് രംഗത്തുള്ള അദ്ദേഹത്തിന്റെ അപാര പാണ്ഡിത്യവും എതിരാളി കളെപോലും മിത്രങ്ങളാക്കാനുള്ള കഴിവും അനിതര സാധാരാണമായി രുന്നു. നിരീശ്വര നിർമ്മതവാദി കളുടെ മുന്നിൽ ഇസ്‌ലാമിന്റെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെയും സത്യത വളരെ കൃത്യമായും ശാസ്ത്രീയമായും എതിരാളികൾക്ക് മറുപടി പറയാൻ പറ്റാത്ത വിധത്തിൽ അവതരിപ്പി ക്കാനുള്ള അദ്ദേഹത്തിന്റെ കഴിവി നെ വിസ്മയത്തോടെ തന്നെ പലപ്പോഴും നോക്കി നിന്നിട്ടുണ്ട്. ഇതിനൊക്കെ പുറമെ അദ്ദേഹത്തി ന്നുണ്ടായിരുന്ന മികച്ച ഒരു സം ഘാടകൻ എന്ന കഴിവും എടുത്ത് പറയേണ്ടുന്ന ഒന്നാണ്. അദ്ദേഹം സ്റ്റേറ്റ് ഖാഇദ് ആയിരുന്ന കാലത്താണ് ഖുദ്ദാമുൽ അഹ്മദിയ്യാ സംസ്ഥാന ഇജ്തിമകൾ നടത്താൻ തുടങ്ങിയത്. അതിലൂടെ അഹ്മദി യുവാക്കളുടെ പല തരത്തിലുള്ള കഴിവുകളും അതോടൊപ്പം അവരു ടെ നേതൃത്വ പാടവവും വളർത്തി യെടുക്കുവാൻ കഴിഞ്ഞിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

അദ്ദേഹത്തിന്റെ ഇഛാശക്തി യുടെ വിജയത്തിന്റെ വലിയൊരു തെളിവാണ് തന്റെ കൈകളാൽ സ്ഥാപിക്കപ്പെട്ട നാല് ഫസലെ ഉമർ ഇംഗ്ലീഷ് മീഡിയം സ്കൂൾ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ തിരുമനസ്സിന്റെ ഒരു ആഹ്വാനം ശിരസ്സാ വഹിച്ച് ശൂന്യതയിൽ നിന്നുമാണ് അദ്ദേഹം അത് യാഥാർത്ഥ്യമാക്കിയത്. സുബായി അമീറായിരുന്ന മർഹും എ പി കുഞ്ഞാമു സാഹിബിന്റെ പകരം വെക്കാനില്ലാത്ത നേതൃത്വ പാടവ വും നിർലോഭമായ പിന്തുണയുമാ ണ് ഒരേ സമയം നാല് ഇംഗ്ലീഷ് മീഡിയം സ്കൂൾ യഥാർത്ഥ്യമാകാ ൻ കേരളത്തിലെ അഹ്മദികൾക്ക് സാധിച്ചത്. ഒരു രൂപപോലും നീക്കിയിരിപ്പില്ലാതെ ശൂന്യതയിൽ നിന്നാണ് ഇന്ന് കോടികൾ വിലമതി ക്കുന്ന സ്കൂൾ കെട്ടിടങ്ങളും അതിന്റെ കാമ്പസും നമുക്ക് സ്വന്തമായതെന്ന് ഓർക്കുമ്പോൾ ടി കെയുടെ അല്ലാഹുവിലുള്ള അപാര മായ തവക്കുലിനെയാണ് അടയാള പ്പെടുത്തുന്നത്. ഈ ഘട്ടങ്ങളിലെ ല്ലാം അദ്ദേഹത്തോടൊപ്പം നിന്ന് പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ച ഒരാൾ എന്ന നിലക്ക് ഒരു പുസ്തകം എഴുതാൻ പോന്ന നിലക്കുള്ള കാര്യങ്ങൾ, അത് കഠിനാദ്ധ്വാനത്തിന്റേതായാലും ദൈവ സഹായത്തിന്റേതായാലും എല്ലാം ഈയുള്ളവൻ നോക്കി കണ്ടിട്ടുണ്ട്.

ടികെ യുടെ വിശുദ്ധ ഖുർആ നിനോടുള്ള സ്നേഹവും അതിലു

ള്ള വിജ്ഞാനവും അത്ഭുതാവഹമായിരുന്നു. ഏതൊരു വിഷയത്തെ കുറിച്ചും അത് വിശുദ്ധ ഖുർആനുമായി അടിസ്ഥാനപ്പെടുത്തി അദ്ദേഹം വിവരിക്കുന്നത് അത്ഭുതത്തോടെയാണ് നോക്കി കണ്ടത്. രാത്രിയിൽ രണ്ടും മൂന്നും മണിക്ക് എഴുന്നേറ്റ് മണിക്കൂറുകൾ അല്ലാഹുവിന്റെ മുമ്പിൽ തഹജ്ജുദിൽ സുജൂദിൽ കിടന്ന് തന്റെ രക്ഷിതാവിന്റെ മുമ്പിൽ വിലപിക്കുന്നത് അദ്ദേഹത്തിന്റെ ദിനേനയുള്ള ഒഴിവാക്കാനാവാത്ത നിഷ്ഠയുടെ ഭാഗമായിരുന്നു.

ഒരു മെക്കാനിക്കൽ എഞ്ചീനിയറായിരുന്ന അദ്ദേഹം സിവിൽ എഞ്ചിനീയറായി പ്രവർത്തിച്ചത് പലപ്പോഴും അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളി നിർമ്മാണത്തിന്ന് വേണ്ടിയായിരുന്നു. വ്യക്തിപരമായി എറണാകുളത്തെ മസ്ജിദ് ഉമറിന്റെ നിർമ്മാണം അദ്ദേഹത്തിന്റെ കാർമികത്തിലായത് കൊണ്ട് അത് നേരിട്ട് കാണുവാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലും കേരളത്തിന്ന് പുറത്തും നിരവധി പള്ളികൾ ഒരു രൂപപോലും പ്രതിഫലം വാങ്ങാതെയാണ് അദ്ദേഹം ഡിസൈൻ ചെയ്ത് കൊടുത്തത്. അത് മാത്രമല്ല ആ പള്ളിയുടെയൊക്കെ നിർമ്മാണത്തിന്റെ അവസാന ഘട്ടം വരെ അതിന്റെ കൂടെ നിൽക്കുകയും വേണ്ട നിർദ്ദേശങ്ങളും മറ്റും നൽകി സഹായിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹവുമായി ഉള്ള നിരവധി അനുഭവങ്ങൾ വിസ്താരഭയത്താൽ ഇവിടെ എഴുതുന്നില്ല.

ഉള്ളിൽ കമ്മ്യൂണിസവുമായി ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ച എന്നെ അതിലെ നിരർത്ഥകത ബോദ്ധ്യമാക്കിത്തരികയും നമുക്കുള്ള ഒരേയൊരു പ്രതീക്ഷ അല്ലഹുവിന്റെ ഈ പരിശുദ്ധ ജമാഅത്ത് മാത്രമാണെന്ന് ബോദ്ധ്യമാക്കിത്തരികയും ചെയ്തത് അദ്ദേഹമായിരുന്നു. കരുളായി എന്ന പ്രദേശം കേരളീയർക്ക് സുപരിചിതമായത് ടികെയിലൂടെയായിരുന്നു. ആ വലിയ മനുഷ്യന്റെ സ്മരണ കേരളത്തിലെ അഹ്മദികളുടെ ഓർമ്മയിൽ എന്നും ഉണ്ടാകും അല്ലാഹു അദ്ദേഹത്തിന്ന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

**ഭാര്യമാർ**: അമത്തുന്നസീർ ബശ്റ, സുഹ്റ കെ. പി (മർഹൂമ), **മക്കൾ**: ടി.കെ ജുവൈരിയ, സുൽത്താൻ അഹ്മദ്, ലുഖ്മാൻ അഹ്മദ്, മുബാറക് അഹ്മദ് **മരുമക്കൾ**: മുനവ്വർ അഹ്മദ്, ഹിജ്ന നിസാർ, റസലി വാഴയിൽ, അമൽ അജിൽ.

**പേജ് 39 ൽ നിന്ന് തുടർച്ച**

ഭീതിയേക്കാൾ ജാഗ്രതയും കരുതലും അതിനേക്കാളുപരിയായി പ്രപഞ്ചം സൃഷ്ടിച്ചു പരിപാലിക്കുന്ന പരാശക്തിയോട് അകമഴിഞ്ഞ പ്രാർത്ഥനകളും ഈ രോഗാവസ്ഥയിൽ നിന്നും മുക്തരാകാൻ മനുഷ്യൻ അവലംബിക്കേണ്ടതുണ്ട്. മനുഷ്യ കരങ്ങൾക്ക് നിയന്ത്രണമില്ലാത്ത നിരവധി വഴികളിലൂടെ ജനിതക മാറ്റം വന്ന വൈറസ്സിന്ന് മനുഷ്യന്റെ എല്ലാ പ്രതിരോധ സംവിധാനങ്ങളെയും ഞൊടിയിടക്കുള്ളിൽ നിഷ്ഫലമാക്കാനുള്ള ശേഷിയുണ്ട് എന്ന തിരിച്ചറിവിലൂടെയാണ് ആധുനിക വൈദ്യശാസ്ത്രം വീണ്ടും കർമ്മോന്മുഖമാകുന്നത്.

ഇത്തരം സന്ദർഭങ്ങലിൽ ഭരണകൂടങ്ങൾ കൂടുതൽ ദൈവികവും മാനവീയവുമായ ഉത്തരവാദിത്തങ്ങൾ നീതിപൂർവ്വം നിർവ്വഹിക്കാൻ തുനിയേണ്ടതാണ്. ദൈവത്തിന്റെ കഠിനമായ പരീക്ഷണങ്ങളിൽ നിന്നും നമ്മുടെ രാജ്യത്തെ ദൈവത്തിന്ന് മാത്രമേ രക്ഷിക്കാൻ കഴിയൂ എന്ന തിരിച്ചറിവ് നമ്മൾക്കെല്ലാം ഉണ്ടാകണം. കേന്ദ്ര കേരള ഭരണകൂടങ്ങളുമായി പൂർണ്ണമായും സഹകരിച്ചുകൊണ്ട് ഫലപ്രദമായ രീതിയിൽ ഈ രോഗത്തെ ഒത്തൊരുമയോടെ അതിജയിക്കാൻ കഴിയട്ടെ എന്ന് നമുക്ക് പ്രാർത്ഥക്കാം.

**അനുസ്മരണം**

# പി. കെ. മഹ്മൂദ് സാഹിബ്



കൂടാളി ജമാഅത്തംഗമായ പി.കെ. മഹ്മൂദ് സാഹിബ് (73) ഏപ്രിൽ 25ന് വഫാത്തായി. (ഇന്നാലില്ലാഹി....)

ഹസ്സൻ - ആയിശകുഞ്ഞി ദമ്പതികളുടെ 5 മക്കളിൽ ഇളയവനായി കണ്ണൂരിലായിരുന്നു പി.കെ. മഹ്മൂദ് സാഹിബിന്റെ ജനനം. മർഹൂമിന്റെ പിതാമഹൻ ജ: അബു സാഹിബ് കേരളത്തിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ച ആദ്യ 13 പേരിൽ ഒരാളായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഭാര്യ: യു.ഫാത്തിമ. മക്കൾ: ഫെമിൻ, ഷിബിൻ. മരുമക്കൾ: ഫസീല, ജിൻഷ.

സഹോദരങ്ങൾ: മർഹും അബ്ദുൽ അസീസ്, മർഹും ആബിദ്, പി.കെ. സുബൈദ (കടലായി), പി.കെ. ഫാത്തിബി (കൂടാളി)

***- പി.കെ. അബ്ദുൽ മാലിക്ക്, കടലായി.***

# മൗലവി പി.മുഹമ്മദ് യൂസഫ് സാഹിബ്, ഒരോർമ്മക്കുറിപ്പ്

**മുഹമ്മദ് സഫ്വാൻ**



മൗലവി പി.മുഹമ്മദ് യൂസഫ് സാഹിബ് തന്റെ നാഥനിലേക്ക് യാത്രയായി.( ഇന്നാലില്ലാഹി......) ജമാഅത്ത് അംഗങ്ങൾക്കിടയി ലും കുടുബാംഗങ്ങൾക്കിടയിലും "ആയി" എന്ന് സ്നേഹത്തോടെ അറിയപ്പെട്ടിരുന്ന അദ്ദേഹം തികഞ്ഞ സ്വാതികനും ആത്മാർത്ഥത നിറഞ്ഞ അഹ്മദിയുമായിരുന്നു.

പാറപ്പുറത്ത് വീട്ടിൽ അഹ്മദ് കുട്ടിയുടെയും ഖദീജയുടെയും മൂത്ത മകനായി 1953ൽ മുറിയക്കണ്ണിയിൽ ജനിച്ച മൗലവി പി.മുഹമ്മദ് യൂസഫ് സാഹിബ് തന്റെ പതിനെട്ടാമത്തെ വയസ്സിലാണ് ജമാഅത്തിൽ പ്രവേശിക്കുന്നത്. തുടർന്ന് ഖാദിയാനിലെ പഠനം പൂർത്തീകരിച്ചതിനു ശേഷം കേരളത്തിലെ എല്ലാ ജമാഅത്തുകളിലും മുഅല്ലിമായി സേവനം ചെയ്യാനുള്ള സൗഭാഗ്യം അല്ലാഹു അദ്ദേഹത്തിനു നൽകിയിരുന്നു.

വാഗ്ദത്ത മസീഹിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുവാൻ പ്രത്യേക അഭിനിവേശമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. കവലകൾ തോറും നടന്ന് പ്രസംഗങ്ങൾ നടത്തുമായിരുന്നു. നർമ്മ സംഭാഷണങ്ങളും ഫലിതങ്ങളും ഒക്കെ നിറഞ്ഞ രസകരമായ ശൈലിയിലായിരുന്നു ആ പ്രസംഗങ്ങളൊക്കെയും അദ്ദേഹം നടത്തിയിരുന്നത്. ഖലീഫത്തുൽ മസീഹ് നാലാമൻ ബൈഅത്തിന്റെ ടാർഗറ്റ് ജമാഅത്തുകൾക്ക് നൽകിയിരുന്ന സമയത്ത് പ്രത്യേക ആവേശത്തോടെ അത് അദ്ദേഹം പൂർത്തിയാക്കിയിരുന്നു. തബ്ലീഗ് അദ്ദേഹത്തിന്റെ ജീവവായു ആയിരുന്നു. അവസാന നാളുകളിൽ സ്ട്രോക്ക് വന്ന് വീട്ടിലിരിക്കുന്ന സമയത്ത് അദ്ദേഹം പറയുമായിരുന്നു എന്റെ വലതു കൈ പൊക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാനൊരു ഹാൻഡ് മൈക്കുമെടുത്ത് തബ്ലീഗിനു പോയേനെയെന്ന്. ജമാഅത്തിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ അദ്ദേഹം അത്രയ്ക്ക് ഉത്സുകനായിരുന്നു.

നാൽപത് വർഷത്തോളം ജമാഅത്തിനെ സേവിക്കാനുള്ള തൗഫീഖ് അല്ലാഹു അദ്ദേഹത്തിനു നല്കി. ഈ കാലയളവിൽ താൻ പ്രവർത്തിച്ചുക്കൊണ്ടിരുന്ന ജമാഅത്തുകളിലെ അഹ്മദികളുടെ ആത്മീയവും ഭൗതികവുമായ ഉയർച്ചകളിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അശരണരും അഗതികളുമായിരുന്ന അഹ്മദികൾക്ക് അദ്ദേഹം താങ്ങും തണലുമായിരുന്നു. പലപ്പോഴും അവരിൽ പലർക്കും, പ്രത്യേകിച്ചും നവ അഹ്മദികൾക്ക് സ്വന്തം വീട്ടിൽ അഭയം കൊടുക്കുക പതിവായിരുന്നു. സാമ്പത്തികമായും അവരെ സഹായിക്കുമായിരുന്നു. ജമാഅത്ത് അംഗങ്ങളുടെ വിവാഹ ബന്ധങ്ങൾ ഉണ്ടാക്കുന്നതിൽ അദ്ദേഹം പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. അനഹ്മദി ബന്ധുക്കളുടെ വിവാഹ ബന്ധങ്ങളും അദ്ദേഹം നടത്തിക്കൊടുക്കുമായിരുന്നു.

കാലത്തിന്റെ ഖലീഫയോട് അങ്ങേയറ്റം കൂറുപുലർത്തിയിരുന്ന മൗലവി സാഹിബ് ഖിലാഫത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ വലിയ അളവിൽ ജാഗ്രത കാണിച്ചിരുന്നു. ഖലീഫത്തുൽ മസീഹ് അഞ്ചാമൻ തിരുമനസ്സിന്റെ അതിഥിയായി 2012 ൽ ലണ്ടൻ ജലസയിൽ പങ്കെടുക്കുവാനും ഹുസൂർ തിരുമനസ്സുമായി മുലാഖാത്ത് നടത്തുവാനുള്ള ഭാഗ്യവും അല്ലാഹു അദ്ദേഹത്തിനു നൽകിയിരുന്നു.

ജമാഅത്തായ നമസ്കാരങ്ങൾ വീഴ്ചകൂടാതെ നിർവ്വഹിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കൂടാതെ എത്ര ബുദ്ധിമുട്ടുള്ള സാഹചര്യത്തിലും അദ്ദേഹം തഹജ്ജുദ് നമസ്കാരം ഒഴിവാക്കിയിരുന്നില്ല. ജമാഅത്തിനു വേണ്ടി ധനത്യാഗം ചെയ്യുന്നതിൽ അദ്ദേഹം വല്ലാതെ സന്തോഷം കണ്ടിരുന്നു. അതിഥി സത്കാരത്തിന്റെ കാര്യത്തിലും അദ്ദേഹം മാതൃക ആയിരുന്നു. പാവപ്പെട്ട മനുഷ്യരോട് വലിയൊരു കരുതൽ കാണിച്ചിരുന്നു. വീട്ടിൽ പണിക്കു നിക്കുന്നവരോടൊപ്പം പണിയെടുക്കുകയും ചോദിക്കുന്നതിനെക്കാൾ കൂടുതൽ കൂലി അവർക്ക് കൊടുക്കുകയും ചെയ്യുമായിരുന്നു. മുറിയക്കണ്ണിയിലെ പുതിയ പള്ളി അദ്ദേഹത്തിന്റെ വലിയൊരു ആഗ്രഹമായിരുന്നു. അതിനു വേണ്ട സാമ്പത്തിക സഹായങ്ങൾ സ്വരുക്കൂട്ടുന്നതിൽ മറ്റു ജമാഅത്തംഗങ്ങൾക്കൊപ്പം അദ്ദേഹവും പരിശ്രമിച്ചിരുന്നു. അദ്ദേഹവുമായി സൗഹൃദം കാത്തു സൂക്ഷിച്ചിരുന്നവർക്ക് പറയാനായുണ്ടാകും അദ്ദേഹം കഥാപാത്രമാകുന്ന രസകരമായ നിരവധി കഥകൾ.

നീ ഈ ലോകത്ത് പരദേശിയെപ്പോലെയോ വഴിയാത്രക്കാരനെപ്പോലെയോ കഴിച്ചുകൂട്ടുകയെന്ന് തിരുനബി (സ) അരുളിയതിനെ സാർത്ഥകമാക്കിക്കൊണ്ട് ജീവിച്ച മൗലവി പി. മുഹമ്മദ് യൂസഫ് സാഹിബ് കാലത്തിന്റെ യവനികയിലേക്ക് മറഞ്ഞിരിക്കുന്നു. 'അല്ലയോ ശാന്തി പ്രാപിച്ച ആത്മാവേ, നീ നിന്റെ നാഥനിലേക്ക് മടങ്ങുക. സംപ്രീതനും അല്ലാഹുവിന്റെ പക്കൽ പ്രീതിപ്പെട്ടവനുമായിക്കൊണ്ട്. എന്നിട്ട് എന്റെ ഉത്തമ ദാസരിൽ ചേർന്നുകൊള്ളുക. എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊള്ളുക.'

ഭാര്യ: ഫാത്തിമ.

മക്കൾ: ഖദീജ, നാസിറ, സലാഹുദ്ദീൻ (മർഹൂം).

മരുമക്കൾ: ശുഐബ്, മുഹമ്മദ് സഫ്‌വാൻ

# പി. പി ഫാത്തിമാ സാഹിബ

കോഴിക്കോട് ജമാഅത്തിലെ അംഗമായിരുന്ന മർഹൂം പി പി കുഞ്ഞാമു സാഹിബിന്റെ(കോവൂർ) ഭാര്യ പി പി ഫാത്തിമാ സാഹിബ ഫിബ്രവരി 17-ാം തീയതി സ്വവസതിയിൽ വഫാത്തായി. (ഇന്നാലില്ലാഹി......)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ സുന്നി കുടുംബത്തിൽ മുസ്‌ലിയാരുടെ മകളായി ജനിച്ച പരേത ഭർത്താവ് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചതിന്ന് ശേഷം യാതൊരുവിധ എതിർപ്പുകളും പ്രകടിപ്പിക്കാതെ പിന്നീട് 1974-75 കാലത്ത് അവർ ജമാഅത്തിൽ പ്രവേശിക്കുകയായിരുന്നു. കോവൂരിൽ ജമാഅത്തിന്ന് ഒരു കേന്ദ്രം വേണമെന്ന ആഗ്രഹത്തോടു കൂടി തന്റെ ഭർത്താവ് ജമാഅത്തിന്ന് വേണ്ടി നൽകാൻ ആഗ്രഹിച്ച സ്ഥലം ഭർത്താവിന്റെ മരണ ശേഷം ജമാഅത്തിന്നു പതിച്ചു നൽകുന്ന കാര്യത്തിലും പിന്നീട് അവിടെ മിഷൻ ഹൗസ് സ്ഥാപിക്കുന്നതിന്നും വേണ്ടി വളരെ താൽപര്യപൂർവ്വം അവർ പ്രവർത്തിച്ചു. നിഷ്ക്കളങ്കയായ അവർ സാധുക്കളെ നിർലോഭം സഹായിക്കുമായിരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിനടുത്തായിരുന്നു മിഷൻ ഹൗസ് അതിനോടനുബന്ധിച്ചായിരുന്നു അവരുടെ വീടുമുണ്ടായിരുന്നത്. കേരളത്തിലെ ജമാഅത്തുകളിൽ നിന്നും ചികിത്സാർത്ഥം മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കും ബന്ധുക്കൾക്കും എല്ലാ സഹായ സഹകരണങ്ങളും അവർ ചെയ്തു കൊടുക്കുമായിരുന്നു. മിഷൻ ഹൗസ് വരുന്നതിന്ന് മുമ്പ് സ്വന്തം വീട്ടിൽ വെച്ചും ഈ സേവനങ്ങൾ അവർ ചെയ്തു കൊണ്ടിരുന്നു. നാട്ടുകാരോടും അയൽ വാസികളോടുംമെല്ലാം വളരെ സ്നേഹത്തോടും സൗഹൃദത്തോടും കൂടിയായിരുന്നു അവർ പെരുമാറിയിരുന്നത്. ബൈഅത്ത് ചെയ്തതിന്ന് ശേഷം കഠിന ശത്രുതയിൽ കഴിഞ്ഞിരുന്ന തന്റേയും ഭർത്താവിന്റേയും ബന്ധുക്കളായ അനഹ്മദീ കുടുംബങ്ങൾ എല്ലാവരും പരേതയുടെ സ്നേഹമസൃണമായ പെരുമാറ്റം കൊണ്ട് എല്ലാ ശത്രുതയും മറന്ന് വളരെ അടുപ്പത്തിലും സ്നേഹത്തിലും സൗഹൃദത്തിലുമായി. മൂസിയായിരുന്നു പരേത. അല്ലാഹു പരേതക്ക് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കട്ടെ (ആമീൻ).

**മക്കൾ**: ഖദീജ, ഖലീൽ, നസീറ, റംല, റസിയ, റൂസിയ, റഹ്മത്ത്, നുസ്രത്ത്. **മരുമക്കൾ**: റഫീഖ് അഹ്മദ്(കൽക്കുളം), അഹ്മദ് കബീർ (കോഴിക്കോട്), അബ്ദുൾ മജീദ്, അബ്ദുല്ല (ഇരുവരും കൊടിയത്തൂർ), അബ്ദുർറഹ്മാൻ (കവരത്തി), നൗഷാദ് (ബഹ്റൈൻ), ശരീഫ് അഹ്മദ് (കരുളായ്), റസീന (പത്തപിരിയം)

*-സിദ്ദീഖാ സഈദ്, കോഴിക്കോട്*

# പി. പി. നൂറുദ്ദീൻ സാഹിബ്



പഴയങ്ങാടി സ്വദേശിയും ചെന്നൈ ജമാഅത്തംഗവുമായ ജനാബ് പി.പി.നൂറുദ്ദീൻ സാഹിബ് (86) 26.04.2021 ചെന്നൈയിൽ വെച്ച് വഫാത്തായി. (ഇന്നാലില്ലാഹി....)

പഴയങ്ങാടി ജമാഅത്തിലെ ആദ്യകാല അഹ്മദിയായ മർഹൂം സി.വി. കുഞ്ഞഹ്മദ് സാഹിബിന്റെയും പി.പി.മർയം ബീവി സാഹിബയുടെയും മകനാണ്. ദീനിപരമായ എല്ലാ കാര്യത്തിലും വളരെ ശ്രദ്ധ ചെലുത്തിയിരുന്ന വ്യക്തിയായിരുന്നു. തബ്‌ലീഗ് കാര്യത്തിലും വളരെ ഉത്സാഹം കാണിച്ചിരുന്നു. ചെന്നൈ ജമാഅത്തിന്റെ പള്ളി രൂപീകരിക്കാൻ വേണ്ടി പരിശ്രമിച്ച വ്യക്തികളിൽ ഒരാളായിരുന്നു. ചെന്നൈ ജമാഅത്തിന്റെ മുൻ പ്രസിഡന്റായും സയീം അൻസാറുല്ലയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഭാര്യ: മർഹൂം എസ്.വി. ഖമറുദ്ദീൻ സാഹിബിന്റെ മകൾ സി.എച്ച്. ജമീല.

മക്കൾ: ഫറഫുദ്ദീൻ, സൈഫുദ്ദീൻ, ഫഹീമ, റഹീമ

മരുമക്കൾ: പി.പി. വസീം അഹ്മദ്, എം.സി. മുഹമ്മദ് സലീം, സുമയ്യ, മശൂറ.

*- എം. സി. മുഹമ്മദ് സലീം,*
*എറണാകുളം.*

Published on 07.05.2021

Pages 44

Vol: 93 Issue. 05

Price Rs. 30/-

RNI No. 3332/1957, Registered KL/EKM/726/2021-23

Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment

The Sathyadoothan Monthly



INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim